# പച്ചവെള്ളം വീഞ്ഞാക്കി

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി – 682 311

# പച്ചവെള്ളം വീഞ്ഞാക്കി

## PACHAVELLAM VEENJAKKI


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org


●


Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24


●

## അവതാരിക

ബഹുമാനപ്പെട്ട പ്രൊ. എം. വൈ. യോഹന്നാൻ സാർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ ഇരുപത്തിഎട്ടാമത്തെ കൃതിയാണ് പച്ചവെള്ളം വീഞ്ഞാക്കി എന്ന പുസ്തകം. സുപ്രസിദ്ധ സുവിശേഷകൻ, റേഡിയോ, ടി.വി. മാധ്യമ പ്രഭാഷകൻ, ഗ്രന്ഥകാരൻ, അതിലുപരി ഞാൻ ഏറെ ആദരിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട യോഹന്നാൻ സാറിന്റെ ഈ പുസ്തകത്തിന് ഒരു അവതാരിക എഴുതാനുള്ള അവസരം ലഭിച്ചത് ഒരു ഭാഗ്യവും ദൈവനിയോഗവുമായി ഞാൻ കരുതുന്നു.

വർഷങ്ങളോളം നീളുന്ന ആത്മബന്ധമാണ് എനിക്ക് സാറിനോടുള്ളത്. സാറിന്റെ പ്രസംഗങ്ങളും ഗ്രന്ഥങ്ങളും എനിക്ക് വളരെ പ്രചോദനം നൽകിയിട്ടുണ്ട്. സാർ എഴുതിയിട്ടുള്ള പുസ്തകങ്ങൾ ഞാൻ വാങ്ങുകയും വായിക്കുകയും ചെയ്യുന്നുണ്ട്.

ഞാൻ വികാരിയായി ശുശ്രൂഷ ചെയ്യുന്ന പോത്താനിക്കാട് ഉമ്മിണിക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തിവരുന്ന സുവിശേഷ

യോഗങ്ങളിൽ സാറിന്റെ വചനഘോഷണം ശ്രവിച്ച് നിരവധി പേർ ആത്മീയ പുതുക്കം പ്രാപിച്ചിട്ടുണ്ട്. മാധ്യമങ്ങൾ വഴിയുള്ള സാറിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ച് നാനാജാതി മതസ്ഥർ സന്തോഷവും സമാധാനവും അനുഭവിക്കുന്നുണ്ട്. സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്ന അനുഭവമാണ് വചന ശുശ്രൂഷകളിൽ സംബന്ധിക്കുമ്പോൾ ലഭിക്കുന്നത്. സഭയും മതവുമല്ല മാറേണ്ടത്; മനമാണ് മാറേണ്ടത് എന്നുള്ള സാറിന്റെ സന്ദേശം ഏവർക്കും ആത്മവിശ്വാസവും പ്രത്യാശയും ഉളവാക്കുന്നതാണ്. ബ: സാറും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് പ്രവർത്തകരും, അപ്പോ: 1:8-ൽ വിവരിക്കുന്ന പ്രകാരം, സ്വന്തം വീട്ടിലും സ്വന്തം നാട്ടിലും സഭയിലും വിദേശങ്ങളിലും നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങൾ ക്രൈസ്തവ ലോകത്തിന് സാക്ഷ്യമാണ് നൽകുന്നത്.

"ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" എന്നുള്ള യോശുവയുടെ വചന പ്രകാരം കുടുംബം മുഴുവൻ സുവിശേഷരംഗത്ത് പ്രവർത്തിക്കുന്നത് ഒരു സവിശേഷതയാണ്. സഭയുടെ സത്യവിശ്വാസങ്ങളിൽ ഉറച്ചുനിന്നുകൊണ്ടും അതിൽ അടങ്ങിയിരിക്കുന്ന ആഴമേറിയ ആത്മീയ ദർശനങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടും ക്രിസ്തുവിനെ സാക്ഷിക്കുന്ന സാറിന്റെ പ്രസംഗങ്ങൾ ഏവർക്കും ആത്മീയ വെളിച്ചം ലഭിക്കുവാനും സഭാസത്യങ്ങൾ ഗ്രഹിക്കുവാനും ഇടയാക്കുന്നുണ്ട്. സാറിന് പതിനേഴാമത്തെ വയസ്സിൽ ലഭിച്ച ആത്മീയ വെളിച്ചം ഇന്നും ജ്വലിച്ചുനിൽക്കുന്നത് അപൂർവ്വമായ ദൈവകൃപയാണ്.

കാനാവിലെ കല്യാണവീട്ടിൽ കർത്താവ് പ്രവർത്തിച്ച അത്ഭുതവും (യോഹ. 2:1-11) അതിനെ തുടർന്നുള്ള അത്ഭുതങ്ങളും 13 അദ്ധ്യായങ്ങളിലായി ഗ്രന്ഥകാരൻ ലളിതവും ഹൃദയസ്പൃക്കുമായി വിവരിച്ചിരിക്കുന്നത്

ഏവർക്കും ആത്മീയ രൂപാന്തരത്തിന് ഉതകുന്നതാണ്. ഈ ഭാഗം മലങ്കര ഓർത്തഡോക്സ് സഭയിലെ വലിയ നോമ്പിലെ പ്രാരംഭ ഞായറാഴ്ചയിൽ വായിക്കുന്ന ഏവൻഗേലിയോൻ ഭാഗമാണ്.

രുചിയോ, ഗന്ധമോ, വീര്യമോ ഇല്ലാത്ത പച്ചവെള്ളം യേശുവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും മൂലം രൂപാന്തരപ്പെട്ട് രുചിയും ചൈതന്യവും വീര്യവുമുള്ള വീഞ്ഞായിത്തീർന്ന പ്രകാരം നമ്മുടെ ജീവിതം ഏവർക്കും സന്തോഷവും, മാധുര്യവും അനുഗ്രഹവും നൽകുന്ന വിധത്തിൽ രൂപാന്തരപ്പെടണം എന്നുള്ള സന്ദേശമാണ് ഈ സംഭവത്തിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്.

ഈ ഗ്രന്ഥത്തിൽ 13–ാമത്തെ അദ്ധ്യായത്തിലെ Confused, Confident, Competent എന്നീ മൂന്നുവാക്കുകളിൽ ഈ അത്ഭുത സംഭവത്തിലെ വിവിധ തലങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. ഏതു പ്രതിസന്ധിയേയും വി:മാതാവിനെ പോലെ ഉറച്ച വിശ്വാസത്തോടെ, മടുപ്പുകൂടാതെ, സർവ്വ വല്ലഭനായ ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ചാൽ സന്തോഷവും, സമാധാനവും ലഭിക്കുമെന്നതാണ് ഇതിലെ സന്ദേശം.

കർത്താവിനെ ആദരിക്കുന്ന പ്രകാരം തന്റെ ഭക്തൻമാരെയും ആദരിക്കുന്നത് അനുഗ്രഹത്തിന് മുഖാന്തിരമാണെന്ന് നാലാം അദ്ധ്യായത്തിൽ ഏലീശാ പ്രവാചകനെയും ശൂനേം കാരിയേയും ഉദ്ധരിച്ച് (2 രാജാ.:4) ഗ്രന്ഥകാരൻ വിവരിക്കുന്നത് ശ്രദ്ധേയമാണ്.

ഈ പുസ്തകത്തിലെ 10,11 അദ്ധ്യായങ്ങളിൽ യോശിയാ രാജാവിന്റേയും, (2 രാജാ. :13) ശൗൽ രാജാവിന്റേയും (1 ശമു.:15) സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് അനുസരണം മൂലമുള്ള അനുഗ്രഹവും, അനുസരണക്കേടിന്റെ ശാപവും

ശിക്ഷയും വിവരിക്കുന്നു.

ആത്മീയ ജീവിതത്തിന്റെ വിജയം ദൈവ കല്പനകൾ ചോദ്യം ചെയ്യാതെ സമ്പൂർണ്ണമായി അനുസരിക്കുന്നതിലാണ് എന്നുള്ള സന്ദേശം ദൈവകല്പനകളോടും മാതാപിതാക്കളോടും ഗുരുക്കൻമാരോടും സഭയിലേയും സമൂഹത്തിലേയും ശ്രേഷ്ഠാധികാരങ്ങളോടും (റോമർ 13:1 മുതൽ) മത്സരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ പ്രസക്തമാണ്.

കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ വെള്ളത്തെ വീഞ്ഞാക്കിതീർത്തു. തന്റെ പരസ്യ ശുശ്രൂഷയുടെ അന്ത്യ ഘട്ടത്തിൽ "ഇത് എന്റെ രക്തം" (മത്താ. 26:28) എന്നു കല്പിച്ച് വീഞ്ഞിനെ തന്റെ രക്തമാക്കി രൂപാന്തരപ്പെടുത്തി മണ്മയമായതിനെ വിണ്മയമാക്കിതീർത്തു. ഇതാണ് കർത്താവിന്റെ മനുഷ്യാവതാര രഹസ്യവും ലക്ഷ്യവും.

"God became man, that man become God" ദൈവം മനുഷ്യനായത് മനുഷ്യനെ ദൈവമാക്കാനാണ്. എന്ന പരി: അത്തനാസ്യോസിന്റെ സുപ്രസിദ്ധമായ വാക്ക് ഇതിൽ അന്വർത്ഥമാണ്.

പാപം മൂലം മനുഷ്യന് നഷ്ടപ്പെട്ട ദൈവ തേജസ്സും (റോമർ 3:12) ദൈവസ്വരൂപവും, സാദൃശ്യവും തിരികെ പ്രാപിച്ച് ക്രിസ്തു എന്ന തലയോളം സകലത്തിലും വളർന്ന് (എഫെ. 4:15) മനുഷ്യൻ സൽഗുണപൂർണ്ണനായ സ്വർഗ്ഗീയ പിതാവിന്റെ സൽഗുണപൂർണരായ മക്കളായി (മത്താ. 5:48) തീരുന്നതുവരെ ഈ രൂപാന്തരത്തിന്റെ പ്രക്രിയ തുടരേണ്ടതുണ്ട്.

ഈ ഭൂമിയും മനുഷ്യന്റെ വീഴ്ചമൂലം ശാപഗ്രസ്തമായി

(ഉല്പത്തി 1:17). അതിനാൽ ദൈവ ഇഷ്ടം സ്വർഗ്ഗത്തിലെ പ്പോലെ ഭൂമിയിലും ആയിത്തീരുന്ന പുതിയ ആകാശവും പുതിയ ഭൂമിയും സ്ഥാപിതമാകത്തക്കവണ്ണം ഈ പ്രപഞ്ചവും രൂപാന്തരപ്പെടേണ്ടതുണ്ട്.

പ്രപഞ്ചത്തിന്റെ പ്രതീകമായ അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ ആയിത്തീരുന്നു എന്നും (മത്തായി 26:26–28) അത് അനുഭവിക്കുന്നവർ യേശുവിനോട് അനുരൂപപ്പെടുന്നു (യോഹന്നാൻ 6:53–59) എന്നുമുള്ള യേശുവിന്റെ ഉപദേശത്തിൽ ഈ സമ്പൂർണ്ണ രൂപാന്തരത്തിന്റെ സന്ദേശം അടങ്ങിയിട്ടുണ്ട്.

പച്ചവെള്ളം വീഞ്ഞായി രൂപാന്തരം പ്രാപിച്ച പ്രകാരം ഏവരും രൂപാന്തരം പ്രാപിച്ച് ദൈവത്തെയും സഭയെയും കുടുംബത്തെയും സമൂഹത്തെയും സന്തോഷിപ്പിക്കുന്നവരും രുചിപ്പിക്കുന്നവരും ആയിത്തീരുവാൻ ഇടവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മനുഷ്യനും പ്രപഞ്ചവും മനുഷ്യ വീഴ്ചയ്ക്കുമുമ്പുള്ള സൃഷ്ടിയുടെ അവസ്ഥയിലേക്ക് രൂപാന്തരപ്പെടട്ടെ എന്നും ദൈവസന്നിധിയിൽ അപേ ക്ഷിക്കുന്നു.

ബ:യോഹന്നാൻ സാറിന് തുടർന്നും ധാരാളം പുസ്തകങ്ങൾ രചിച്ച് അനേകരെ ക്രിസ്തുവിങ്കലേക്ക് രൂപാന്തരപ്പെടുത്തുവാൻ ആവശ്യമായ ആയുസ്സും, ആരോഗ്യവും ദൈവകൃപയും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്തുകൊണ്ട് ഈ പുസ്തകം അനുവാചകർക്കായി പ്രാർത്ഥനാപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

പോത്താനിക്കാട് — **വെരി. റവ. ഐസക്ക്, ചെനയപ്പിള്ളിൽ**
1–12–2004 — കോർ–എപ്പിസ്കോപ്പ.

# ആമുഖം

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും ലക്ഷ്യവും ആകത്തുകയും സ്വഭാവത്തിന്റെ രൂപന്തരമാണ്. പഴയ ആളത്വം മരിച്ച് പുതിയ മനുഷ്യനായിത്തീരുന്നതാണ് സക്ഷാൽ രൂപാന്തരം. ആ അത്ഭുതകരമായ രൂപാന്തരം നമുക്ക് തരാനാണ് ക്രിസ്തു ക്രൂശിൽ മരിച്ചത്. ക്രിസ്തുവിന്റെ ക്രൂശു മരണത്തിൽ വിശ്വസിച്ച് പുതിയ ജീവിതം നയിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നതാണ് സുവിശേഷ പ്രസംഗം. എന്റെ മറ്റ് ഇരുപത്തേഴ് പുസ്തകങ്ങളിലെപ്പോലെ ഈ ഗ്രന്ഥത്തിലും ഈ ആശയത്തെ അരിക്കിട്ടുറപ്പിക്കാനാണ് ഞാൻ പരിശ്രമിച്ചിട്ടുള്ളത്.

ക്രിസ്തു ചെയ്ത വീര്യപ്രവൃത്തികളെല്ലാം രൂപാന്തരത്തോട് ബന്ധപ്പെട്ടിരിക്കുന്നു. കുഷ്ഠരോഗിക്ക് സൗഖ്യംകൊടുക്കുന്നതും, തളർവാത രോഗിയെ സൗഖ്യമാക്കുന്നതും,കുരുടന് കാഴ്ച കൊടുക്കുന്നതും എല്ലാം രൂപാന്തരം നൽകുന്ന ക്രിസ്തുവിന്റെ അത്ഭുത പ്രവൃത്തികളാണ്.

ഏറ്റവും വലിയ അത്ഭുതം സ്വഭാവത്തിന്റെ രൂപാന്തരമാണ്. ആ ആശയമാണ് "പച്ചവെള്ളം വീഞ്ഞായിത്തീർന്നു" എന്ന സംഭവത്തിലൂടെ വിവരിക്കാൻ ശ്രമിച്ചിട്ടുള്ളത്.

അഞ്ചപ്പവും രണ്ടുമീനും അയ്യായിരത്തിൽപ്പരം ആളുകൾക്ക് സംപുഷ്ട ഭോജനമായിത്തീർന്നു എന്ന അത്ഭുതത്തെക്കാൾ വലിയ അത്ഭുതം സ്വന്തം ആവശ്യത്തിനായി കരുതിയിരുന്ന ഭക്ഷണപ്പൊതി യേശുവിന് നൽകാൻ ആ ബാലകന് മനസ്സുവന്നു എന്നുള്ളതാണ്. യായിറോസിന്റെ മകളെയും വിധവയുടെ മകനെയും ബേഥാന്യയിലെ ലാസറിനെയും ഉയർപ്പിച്ചു എന്ന സംഭവത്തേക്കാൾ എത്രയോ വലിയ അത്ഭുതമാണ് പാപികൾ മാനസാന്തരപ്പെട്ട് പുതിയ ജീവിതം നയിക്കുന്നു എന്നുള്ളത്. ഈ അത്ഭുതകരമായ രൂപാന്തരം ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്ന ഏവർക്കും ലഭിക്കണമെന്നതാണ് എന്റെ ഏറ്റവും വലിയ ആഗ്രഹം.

വളരെ ശ്രദ്ധേയവും ചിന്തനീയവും പ്രൗഢഗംഭീരവുമായ ഒരവതാരിക എഴുതിത്തരുവാൻ സന്മനസ്സ് കാണിച്ച വെരി. റവ. ഐസക്ക് ചെനയപ്പിള്ളിൽ കോർ എപ്പിസ്ക്കോപ്പാ അവർകളോടുള്ള എന്റെ കടപ്പാടും നന്ദിയും അവാച്യമാണ്. തിരക്കേറിയ ജീവിതത്തിലെ കൃത്യാന്തരബാഹുല്ല്യങ്ങൾ മാറ്റിവച്ച് ഇത്രയും ഹൃദയസ്പർശിയായ ഒരവതാരിക എഴുതിത്തന്ന ബഹു: അച്ചനോടുള്ള എന്റെ അഗാധമായ കൃതജ്ഞത ഞാനിത്തരുണത്തിൽ പ്രകാശിപ്പിച്ചു കൊള്ളുന്നു.

ഈ പുസ്തകം വെളിച്ചം കാണാൻ എന്നെ സഹായിച്ച

എന്റെ ബഹുമാന്യ സ്നേഹിതരോടും സഹോദരങ്ങളോടും എനിക്കുള്ള കടപ്പാടും നന്ദിയും അതിരറ്റതാണ്. അവരിൽ ശ്രീ.എ.ജെ.അബി (റിട്ട. ജനറൽ മാനേജർ, റ്റി.സി.എം, കളമശ്ശേരി)യെപ്പറ്റി പരാമർശിക്കാതിരിക്കുന്നത് എന്റെ പക്ഷത്ത് ഒരു വീഴ്ചയായിപ്പോകും എന്ന് ഞാൻ കരുതുന്നു.

എല്ലാവരുടെയും സ്നേഹാർദ്രമായ സ്വീകരണം പ്രതീക്ഷിച്ചുകൊണ്ട് ഞാനീ ആമുഖക്കുറിപ്പുകൾ ഇവിടെ നിറുത്തട്ടെ.

വിനീത വിധേയൻ

**എം. വൈ.യോഹന്നാൻ**

കടയിരുപ്പ്

10–12–2004

## ഒന്ന്

"യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽവെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു."

യോഹ 2:11

യേശു അടയാളങ്ങളുടെ ആരംഭമായി ചെയ്തത് പച്ചവെള്ളം വീഞ്ഞാക്കി എന്ന അത്ഭുത പ്രവൃത്തിയാണ്. പച്ചവെള്ളത്തെ വീഞ്ഞാക്കി. നിറമില്ലാത്ത വെള്ളത്തെ നിറമുള്ള വീഞ്ഞാക്കി. രുചിയില്ലാത്ത വെള്ളത്തെ രുചിയുള്ള വീഞ്ഞാക്കി. മണമില്ലാത്ത വെള്ളത്തെ മണമുള്ള വീഞ്ഞാക്കി. കരുത്തില്ലാത്ത വെള്ളം കരുത്തും ശക്തിയുമുള്ള വീഞ്ഞായി മാറി.

യോഹന്നാന്റെ സുവിശേഷം രണ്ടാം അദ്ധ്യായം ഒന്നു മുതൽ പതിനൊന്നു വരെയുള്ള വാക്യങ്ങളിലാണ് പച്ചവെള്ളത്തെ വീഞ്ഞാക്കിയ അത്ഭുത പ്രവൃത്തി വിവരിച്ചിരിക്കുന്നത്.

ദൈവത്തിന്റെ അത്ഭുതം മനുഷ്യജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതാണ്. ക്രിസ്തു ചെയ്യുന്ന അത്ഭുതം മനുഷ്യഹൃദയത്തെ മാറ്റി മറിക്കുന്നതാണ്. ക്രിസ്തു എക്കാലവും ചെയ്തുകൊണ്ടിരിക്കുന്ന അത്ഭുതം മനുഷ്യസ്വഭാവത്തെ രൂപാന്തരപ്പെടുത്തുന്നു എന്നുള്ളതാണ്.

ക്രിസ്തു മനുഷ്യന്റെ പ്രകൃതം മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ കാഴ്ചപ്പാട് മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ ഹൃദയം മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ മനോഭാവം മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ പ്രവൃത്തികൾ മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ വാക്കുകൾ മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ വിചാരങ്ങൾ മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ വികാരങ്ങൾ മാറ്റുന്നു, ക്രിസ്തു മനുഷ്യന്റെ ആളത്വം മാറ്റുന്നു. Complete Transformation- സമ്പൂർണ്ണമായ രൂപാന്തരം, അതാണ് ക്രിസ്തു ചെയ്യുന്ന ഏറ്റവും വലിയ അത്ഭുതം. നൂറ്റാണ്ടുകളായി കർത്താവായ യേശുക്രിസ്തു ഈ അത്ഭുതം ചെയ്തു കൊണ്ടിരിക്കുകയാണ്.

പച്ചവെള്ളത്തെ വീഞ്ഞാക്കിയതുപോലെ അനേക മനേകം നിർജ്ജീവ ജീവിതങ്ങളെ യേശു സജീവ അനുഭവങ്ങളാക്കി മാറ്റുകയുണ്ടായി. തകർന്നുലഞ്ഞ ജീവിതങ്ങളിൽ ആശ്വാസവും പ്രത്യാശയും യേശു പകരുകയുണ്ടായി. നിരാശപ്പെട്ടു, മനംതളർന്നു, ഉള്ളംതണുത്തു, ജീവിത യാതനയിൽ ഹൃദയം പൊള്ളി ഉരുകി വലഞ്ഞു കഴിയുന്നവർക്ക് പ്രത്യാശയും സമാധാന സമൃദ്ധിയും സന്തോഷവും യേശു പ്രദാനം ചെയ്യുകയുണ്ടായി.

ദൈവജനമേ, ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങളെ രൂപാന്തരപ്പെടുത്തുന്ന

ക്രിസ്തുവിനെ നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുമെങ്കിൽ നിങ്ങളുടെ ജീവിതം ഇപ്പോൾ നിർണ്ണായകമായ ഒരനുഭവ വിശേഷത്തിലേയ്ക്ക് തിരിയും, സംശയമില്ല. നിർണ്ണായകമായ ഒരു അനുഭവം നിങ്ങൾക്ക് ലഭിക്കും. നിത്യതയോളം നിലനിൽക്കുന്ന സൗഭാഗ്യം നിങ്ങൾക്ക് ലഭിക്കും. ഈ ലോകത്തിലെ കഷ്ടങ്ങൾ, ഈ ലോകത്തിലെ നഷ്ടങ്ങൾ, ഈ ലോകത്തിലെ ദുരിതങ്ങൾ, ഈ ലോകത്തിലെ യാതനകൾ, ഈ ലോകത്തിലെ വേദനകൾ, ഇതെല്ലാമായി മനസ്സ് തളർന്നും ഹൃദയം ഉലഞ്ഞും ജീവിതം വലഞ്ഞും കഴിയുന്ന ഓരോരുത്തരും ഈ വാക്കുകളെ വായിക്കുമ്പോൾ നിങ്ങളുടെ അരികത്ത് വന്നു നിൽക്കുന്ന ക്രിസ്തുവിനെ നിങ്ങൾ സ്നേഹത്തോടെ നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് ക്ഷണിക്കുവിൻ. വിനയത്തോടെ ക്രിസ്തുവിനെ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് എതിരേല്ക്കുവിൻ.

ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വന്നാൽ ക്രിസ്തു അത്ഭുതം പ്രവർത്തിക്കും. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വന്നാൽ ക്രിസ്തു പച്ച വെള്ളത്തെ വീഞ്ഞാക്കും. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വന്നാൽ നിങ്ങളുടെ ജീവിതത്തിന്റെ ദുരിതങ്ങൾക്ക് ഒരറുതിവരും. ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ വന്നാൽ രോഗാതുരമായ ശരീരം രോഗഗ്രസ്തമായ അവസ്ഥയിൽ നിന്നു വിമോചനം പ്രാപിച്ച് രോഗ സൗഖ്യത്തിന്റെ സന്തോഷവും സമാധാനവും ആശ്വാസവും അനുഭവിക്കും.

ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ വന്നാൽ നിങ്ങളുടെ ദു:ഖം മാറും; സന്തോഷം കരകവിഞ്ഞ് നിങ്ങളുടെ ജീവിതത്തിൽ നിറയും. ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ വന്നാൽ നിങ്ങളുടെ ആശങ്കകൾ അകലും. നിങ്ങളുടെ

ഭീതികൾ മാറും. നിങ്ങളുടെ ഭയപ്പാടുകൾ മാറും. നിങ്ങളുടെ ജീവിതം സന്തോഷവും സമാധാനവും കൊണ്ട് നിറയും.

ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ വന്നാൽ നിങ്ങളുടെ ഹൃദയത്തിന്റെ പാപങ്ങൾ മാറും, നിങ്ങളുടെ ജീവിതത്തിന്റെ അശുദ്ധികൾ മാറും, നിങ്ങളുടെ സ്വഭാവത്തിന്റെ മാലിന്യങ്ങൾ മാറും, നിങ്ങളുടെ ജീവിതം സംശുദ്ധമാകും. നിങ്ങളുടെ ജീവിതത്തിന് പുതിയ ലാക്ക് ലഭിക്കും. ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ വന്നാൽ പച്ചവെള്ളം വീഞ്ഞാകുന്നതു പോലെ നിങ്ങുടെ ജീവിതം അത്ഭുതകരമായ കരുത്തിന്റെയും ശക്തിയുടേയും ധൈര്യത്തിന്റെയും പ്രാഗൽഭ്യത്തിന്റെയും ദൃഷ്ടാന്തമായി മാറും. നിങ്ങളുടെ ജീവിതം ധന്യമാകും. നിങ്ങളുടെ ജീവിതം അനുഗൃഹീതമാകും.

ക്രിസ്തു കാനാവിലെ കല്യാണ വീട്ടിൽ ക്ഷണിക്കപ്പെട്ടു. ക്രിസ്തു കാനാവിലെ കല്യണ വീട്ടിൽ വന്നു. ക്രിസ്തുവും തന്റെ ശിഷ്യന്മാരും കൂടെ അന്ന് കാനാവിലെ കല്യണ വീട്ടിൽ എഴുന്നെള്ളി. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിന്റെ അമ്മയ്ക്ക് ചാർച്ചയുള്ള ഒരു ഭവനമായിരുന്നു അത്. ബന്ധമുള്ള ഭവനത്തിൽ ഒരു കല്യാണവിരുന്ന് നടക്കുന്നു. അമ്മ പോയി. യേശുവിന്റെ അമ്മ പോയപ്പോൾ യേശുവും പോയി. അടുത്ത മൂന്ന് ദിവസം മുമ്പ് യേശു തന്റെ പിന്നാലെ നടക്കുമാറാക്കിയ, "എന്റെ പിന്നാലെ വരുവിൻ" എന്ന് പറഞ്ഞ് ചേർത്തണച്ചു കൂടെ നടത്തിയ, ശിഷ്യന്മാരുണ്ട് യേശുവിന്റെ കൂടെ. യേശുവിന്റെ പിന്നാലെ ഈ ശിഷ്യന്മാരും അവിടെ വന്നുചേർന്നു.

ഗലീലാ ഡിസ്ട്രിക്റ്റിലെ കാനാ എന്ന ഗ്രാമത്തിലെ ഒരു ഭവനത്തിലെ കല്യാണത്തിൽ യേശു എഴുന്നെള്ളി.

ദൈവപൈതലേ, ഇപ്പോൾ നിന്റെ ഹൃദയത്തിലേയ്ക്ക് യേശു എഴുന്നെള്ളുവാൻ നീ വാഞ്ഛിക്കുമോ? ഇപ്പോൾ നിന്റെ ഹൃദയത്തിലേയ്ക്ക് യേശു കടന്നു വരുവാൻ നീ കൊതിക്കുമോ? ഇപ്പോൾ നിന്റെ ഹൃദയത്തിലേയ്ക്ക് യേശു വരുവാൻ നീ ക്ഷണിക്കുമോ? ഇപ്പോൾ നിന്റെ ഹൃദയത്തിലേയ്ക്ക് യേശു എഴുന്നെള്ളി വരുവാൻ നീ വിനയപൂർവ്വം യേശുവിനെ എതിരേൽക്കുമോ? യേശുവിനെ നീ സ്വാഗതം ചെയ്യുമോ?

ഇതാ മരക്കുരിശിൽ തലചായിച്ചവൻ, നിന്റെ ഹൃദയത്തിൽ തലചായ്പ്പാൻ കൊതിക്കുന്നു. നിന്റെ മാറിൽ തലചായ്ച്ച് നിന്റെ ഹൃദയത്തിൽ വിശ്രമിക്കുവാൻ കൊതിക്കുന്നു. യേശു ഇതാ നിന്റെ അരികത്ത് വന്നുനിൽക്കുന്നു. യേശു നിന്റെ ഹൃദയത്തിലേയ്ക്ക് കടന്നുവന്നു ഇരുളടഞ്ഞ നിന്റെ ഹൃദയം പ്രകാശമാന മാക്കുവാൻ കൊതിക്കുന്നു. യേശു നിന്റെ ജീവിതത്തി ലേയ്ക്ക് കടന്നുവന്ന് നിരാശമുറ്റിയ ജീവിതത്തിൽ പുത്തൻ പ്രതിക്ഷകൾ ഉണർത്തുവാൻ ആഗ്രഹിക്കുന്നു.

യേശുവിനെ നീ ക്ഷണിക്കുമോ? കാനാവിലെ കല്യാണവീട്ടിലേയ്ക്ക് യേശുവിനെ ക്ഷണിച്ചിരുന്നു. പച്ചവെള്ളം അവിടെ വീഞ്ഞായി മാറി.

യേശുവിന്റെ അത്ഭുതങ്ങളുടെ ആരംഭം അവിടെ കുറിച്ചു. അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ യേശു പച്ചവെള്ളത്തെ വീഞ്ഞാക്കി എന്ന് നാം തിരുവെഴുത്തിൽ വായിക്കുന്നു.

ഞാൻ വളരെ മനോഹരമായ ഒരു കഥ കേട്ടിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ ധാരാളം തൊഴിലാളികൾ ഉണ്ട്. ആ

തൊഴിലാളികളിൽ ചിലർ മദ്യപിക്കുന്നവരാണ്. വെറിക്കൂത്തിന്റെ അടിമകളാണ്. അവർക്ക് കിട്ടുന്ന രൂപ മുഴുവൻ മദ്യത്തിന് വേണ്ടി ദുർവിനിയോഗം ചെയ്യുന്നവരാണ്. നശിപ്പിച്ചു മുടിച്ചു കളയുന്നവരാണ്. എന്നാൽ അവരിൽ ഒരാൾ ദൈവത്തിന്റെ വചനം കേട്ടു. വചനം വിശ്വസിച്ചു. മാനസാന്തരപ്പെട്ടു. ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു.

ജീവിതം ക്രസ്തുവിന് സമർപ്പിച്ച ശേഷം അവൻ ദൈവത്തിന്റെ വചനം കേൾക്കാൻ മുറയ്ക്കു പോയിത്തുടങ്ങി. കൂട്ടായ്മ യോഗങ്ങളിൽ സംബന്ധിച്ചു തുടങ്ങി. ജോലിസ്ഥലത്ത് കൃത്യമായി വരികയും ജോലി വളരെ നിഷ്ഠയോടെ, വിശ്വസ്തതയോടെ, ആത്മാർത്ഥ തയോടെ ചെയ്യുകയും ചെയ്തു. എന്നാൽ മറ്റുള്ളവരുടെ കൂട്ട് കൂടുന്നില്ല, മദ്യപാനത്തിന് മുതിരുന്നില്ല. കൂട്ടുകെട്ടിൽ നിന്ന് അകന്നുമാറി രൂപ ഇപ്പോൾ അനാവശ്യമായി മുടിച്ചു കളയുന്നില്ല. കിട്ടുന്ന ശമ്പളം മുഴുവൻ വീട്ടിലേയ്ക്ക് ഉപയോഗിക്കുന്നു. മാത്രമല്ല സംസാര രീതി തന്നെയും മാറികഴിഞ്ഞു.

എപ്പോഴും ഒരു ശാന്തതയും സൗമ്യതയും സന്തോഷവും പ്രസരിപ്പും മുഖത്ത് നിറഞ്ഞു നിൽക്കുന്നു. ഹൃദയത്തിൽ നിതാന്ത ശാന്തി കളിയാടുന്നു.

മറ്റുള്ളവർക്ക് പുച്ഛവും അസൂയയും ഉണ്ടായി. അവർ പലപ്പോഴും ഈ മാനസാന്തരപ്പെട്ട തൊഴിലാളിയെ കളിയാക്കും, അവനെ പരിഹസിക്കും. അവൻ ഒന്നും മറുപടി പറയാറില്ല.

ഒരവസരത്തിൽ അവരിൽ ഒരാൾ അവനെ ഒന്നു കുടുക്കുവാൻ തന്ത്രപൂർവ്വം ഒരുവാക്ക് അവനോട്

ചോദിച്ചു,"Do you believe that Jesus turned water into vine? നീ വിശ്വസിക്കുന്നുണ്ടോ, യേശു പച്ചവെള്ളം വീഞ്ഞാക്കി എന്ന്? അവർ ഈ പാവപ്പെട്ട തൊഴിലാളിയോട് ചോദിച്ചു. ഉടനെ അവൻ പറഞ്ഞു,"I Certainly do, ഉണ്ട്, ഞാൻ തീർച്ചയായും വിശ്വസിക്കുന്നു. ഉടനെ ആക്ഷേപിച്ചുകൊണ്ടും പുച്ഛിച്ചുകൊണ്ടും പരിഹസിച്ചുകൊണ്ടും ചോദിച്ച ആ തൊഴിലാളി പറഞ്ഞു. അത് അങ്ങനെ സാധിക്കുന്ന കാര്യമാണോ? Is it possible? സാധിക്കുന്ന കാര്യമാണോ ഈ പറയുന്നത്?

പച്ചവെള്ളം വീഞ്ഞാക്കി എന്ന് പറയുന്നത് നീ വാസ്തവമായും വിശ്വസിക്കുന്നുണ്ടോ? ഉണ്ട്, ഞാൻ വിശ്വസിക്കുന്നുണ്ട്. കാരണം എന്റെ വീട്ടിൽ Jesus Christ turned vine into furniture. He has turned vine into decent cloths and he has turned vine into food for my children.

യേശു നൂറ്റാണ്ടുകൾക്ക് മുമ്പ് Palestine–ൽ യേശു പച്ചവെള്ളം വീഞ്ഞാക്കി എന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം, ഇന്നും യേശു പ്രവർത്തിക്കുന്നുണ്ട്, യേശു എന്റെ വീട്ടിൽ വീഞ്ഞ് Furniture ആക്കി മാറ്റി, യേശു എന്റെ വീട്ടിൽ വീഞ്ഞ് നല്ല ഒന്നാന്തരം വസ്ത്രങ്ങളാക്കി മാറ്റി. യേശു എന്റെ വീട്ടിൽ വീഞ്ഞ് എന്റെ കുട്ടികൾക്കുള്ള നല്ല രുചികരമായ ഭക്ഷണമാക്കി മാറ്റി, യേശു എന്റെ വീട്ടിൽ വീഞ്ഞിനെ രൂപാന്തരപ്പെടുത്തി.

അന്ന് പച്ചവെള്ളം വീഞ്ഞാക്കി എന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് യേശു എന്റെ വീട്ടിൽ വീഞ്ഞിനെ രൂപാന്തരപ്പെടുത്തിയിരിക്കുകയാണ്. എന്താണ് ആ പറഞ്ഞതിന്റെ അർത്ഥം?

അനേകം ജീവിതങ്ങൾ രൂപാന്തരപ്പെടുന്നു, അനേകം ജീവിതങ്ങൾ സന്തോഷം അനുഭവിക്കുന്നു, അനേകം ജീവിതങ്ങൾ സൗഖ്യം അനുഭവിക്കുന്നു, അനേകം ജീവിതങ്ങളിൽ മാറ്റം ഉണ്ടാകുന്നു.

സ്നേഹിതാ, യേശു നിന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ നീ കൊതിക്കുമോ? എങ്കിൽ നിന്റെ ഹൃദയം ക്രിസ്തുവിന് കൊടുക്കൂ. ക്രിസ്തുവിനോട് നീ വാക്കുപറയൂ. ക്രിസ്തുവിനെ നിന്റെ രക്ഷകനായി സ്വീകരിക്കൂ. യേശുവിനെ ഉള്ളത്തിലേയ്ക്ക് കൈക്കൊള്ളൂ. പുതിയ ജീവിതം തുടങ്ങൂ. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

## രണ്ട്

"യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽവെച്ചു ചെയ്തു, തന്റെ മഹത്വം വെളിപ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു."

യോഹ. 2:11

യേശു അടയാളങ്ങൾ ചെയ്തു. യേശു അത്ഭുതങ്ങൾ ചെയ്തു. യേശു അതിശയ പ്രവൃത്തികൾ ചെയ്തു. യേശു പച്ച വെള്ളത്തെ വീഞ്ഞാക്കി മാറ്റി. ഗലീലാ ജില്ലയിലെ കാനാ എന്ന ഗ്രാമത്തിൽ കല്യാണവീട്ടിൽ യേശു പച്ചവെള്ളത്തെ വീഞ്ഞാക്കി.

ഇന്നും യേശു അടയാളങ്ങളും അത്ഭുതങ്ങളും നിവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്വഭാവം മാറ്റിക്കൊണ്ടിരിക്കുന്നു. പ്രകൃതം മാറ്റിക്കൊണ്ടിരിക്കുന്നു. കുടുംബ സമാധാനം നൽകികൊണ്ടിരിക്കുന്നു. നിരാശപൂണ്ടു മരിച്ചാൽ മതി എന്ന് ഓർക്കുന്ന മനുഷ്യ ജീവിതങ്ങളിൽ പുത്തൻ

നാമ്പുകൾ കിളുർപ്പിക്കുകയും പുത്തൻ പ്രതീക്ഷകൾ ഉണർത്തുകയും ചെയ്യുന്നു. പുതിയ സമാധാനവും സന്തോഷവും പ്രദാനം ചെയ്യുന്നു.

യേശു ഇന്നും പച്ചവെള്ളം വീഞ്ഞാക്കിക്കൊണ്ടിരിക്കുന്നു. ഇതിനെ അടയാളങ്ങളുടെ ആരംഭമായി യേശു ചെയ്തു എന്നാണ് നാം തിരുവെഴുത്തിൽ വായിക്കുന്നത്. അത്ഭുതം എന്ന വാക്കല്ല ഇവിടെ സുവിശേഷകൻ ഉപയോഗിക്കുന്നത്. ഇവിടെ യോഹന്നാൻ അപ്പൊസ്തലൻ ഉപയോഗിക്കുന്ന വാക്ക് Dunamis എന്ന പദമല്ല, അത്ഭുതം എന്ന പദവുമല്ല.

Dunamis - ആ പദത്തിന് ശക്തി എന്ന വളരെ കരുത്തുറ്റ അർത്ഥമുണ്ട്. എന്നാൽ അതല്ല ഉപയോഗിക്കുന്നത്, ഇവിടെ യേശു അടയാളം എന്ന അർത്ഥത്തിൽ Semion എന്ന പദമാണ് ഉപയോഗിക്കുന്നത്.

അടയാളം–എന്തിന്റെ അടയാളമാണ്? യേശു തന്റെ മഹത്വത്തിന്റെ അടയാളം കാണിച്ചു. യേശു തന്റെ ദിവ്യത്വത്തിന്റെ അടയാളം കാണിച്ചു. യേശു താൻ മനുഷ്യനല്ല ദൈവമാണ് എന്നതിന്റെ അടയാളം കാണിച്ചു. യേശു ദിവ്യമായ ശക്തിയുടെ അടയാളം കാണിച്ചു. പച്ചവെള്ളം വീഞ്ഞാക്കി, യേശു ദൈവപുത്രനാണ് എന്നതിന്റെ തെളിവായി അടയാളം കാണിച്ചു.

യോഹന്നാന്റെ സുവിശേഷത്തിൽ നാം ഇങ്ങനെയാണ് കാണുന്നത്.

> “യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ

ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു."

യോഹ. 20-31

യേശുവിന്റെ ജീവിതത്തിൽ നടന്ന അടയാളങ്ങളും യേശുവിന്റെ ജീവിതത്തിൽ നടന്നതായ അത്ഭുതങ്ങളും വിവരിക്കുന്നതായ ഈഗ്രന്ഥം എഴുതിയത്, യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനാണ്.

വിശ്വസിച്ചാലോ? വിശ്വസിച്ചിട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകും. അതിനുവേണ്ടിയാണ് ഇത് എഴുതിയിരിക്കുന്നത്. എന്തെഴുതി എന്നാണ് പറഞ്ഞത്?

''ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റ് അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു."

യോഹ. 20:30

അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. ദൈവജനമെ, ജീവിതത്തിൽ യേശു അടയാളങ്ങൾ പ്രവർത്തിക്കുന്നവനാണ്. യേശു ദൈവമാണ് എന്നതിന് നമ്മുടെ ജീവിതത്തിൽ അവൻ അടയാളങ്ങൾ തരുന്നവനാണ്.

"നിന്റെ ദാസന് നിന്റെ ശക്തി തന്നു, നിന്റെ ദാസിയുടെ പുത്രനെ രക്ഷിക്കേണമേ. എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന് നന്മക്കായി ഒരു അടയാളം എനിക്കു

തരേണമേ."

സങ്കീ.86:16–17

എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന് നന്മയ്ക്കായി ഒരു അടയാളം എനിക്ക് തരേണമേ, ഒരു Sign എനിക്ക് തരണമേ. എന്നെ പകയ്ക്കുന്നവർ ഉണ്ട്., എന്നെ പരിഹസിക്കുന്നവരുണ്ട്, എന്നെ തെറ്റിദ്ധരിക്കുന്നവരുണ്ട്, എന്നെ എതിർക്കുന്നവരുണ്ട്, എന്നെ പുച്ഛിക്കുന്നവരുണ്ട്, എന്നെ അവഹേളിച്ചു നിന്ദിച്ചു എന്റെ പേര് വിടക്ക് എന്ന് തള്ളുന്നവരുണ്ട്.

എന്റെ നാഥാ, എന്നെ പകയ്ക്കുന്നവർ കണ്ട് ലജ്ജിക്കേണ്ടതിന് എനിക്ക് നന്മക്കായി ഒരു അടയാളം തരേണമേ.

ദൈവജനമെ, ഇപ്പോൾ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുമോ? എന്റെ കർത്താവേ എനിക്കു നന്മക്കായി ഒരു അടയാളം തരണമെ, എന്റെ ഹൃദയം നീറി പുകയുന്നു. പൈസയ്ക്ക് ഞാൻ ഞെരുങ്ങുന്നു. കടത്തിൽ ഞാൻ വലയുന്നു. കടക്കെണിയിൽ ഞാൻ കുടുങ്ങിയിരിക്കുന്നു. എന്റെ നാഥാ, മുന്നോട്ട് നീങ്ങുവാൻ ഒരു വഴി കാണുന്നില്ല. എല്ലാ വതിലുകളും അടഞ്ഞു കാണുന്നു. ഒരു ചുവട് വയ്ക്കാൻ, ഒരു പാദം വയ്ക്കാൻ ഒരു സ്ഥലം കാണുന്നില്ല. പഴുതുകൾ അടഞ്ഞു പോയി, എല്ലാ വാതിലും അടഞ്ഞു പോയി. ദുരിതം കുമിഞ്ഞുകൂടി. ആപത്തുകൾ വലയം ചെയ്തു. കർത്താവേ എന്റെ കടത്തിന് ഞാൻ ഒരു പരിഹാരം കാണുന്നില്ല. എന്റെ സൽപ്പേര് പോയി. എന്റെ മാന്യത പോയി. എന്റെ ജീവിതത്തിൽ എനിയ്ക്കുണ്ടായിരുന്ന ഒരു നല്ല വിലയും നിലയും പോയി. ഇന്ന് നാഥാ ഞാൻ ഒരു അപകട സന്ധിയിൽ ആയിരിക്കുയാണ്. എന്നെ പകയ്ക്കുന്നവർ കണ്ട്

ലജ്ജിക്കേണ്ടതിന് നന്മയ്ക്കായി ഒരു അടയാളം എനിയ്ക്ക് തരേണമേ.

ദൈവജനമേ, നിങ്ങളുടെ ജീവിതത്തിൽ പ്രശ്നങ്ങളില്ലേ? രോഗങ്ങളുണ്ടല്ലോ, രോഗം മാറണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടല്ലോ, ചികിത്സകളെല്ലാം ഫലപ്പെടാതെ നിങ്ങൾ നിരാശയിലാണല്ലോ. എല്ലാ മരുന്നുകളും നിഷ്ഫലം എന്നായല്ലോ. നിങ്ങളുടെ പരിശ്രമങ്ങളെല്ലാം വ്യർത്ഥം എന്നായല്ലോ. ഡോക്ടർമാർ കൈയൊഴിഞ്ഞല്ലോ. പ്രതിക്ഷകളെല്ലാം തകർന്നല്ലോ, ആശകൾ അസ്തമിച്ചല്ലോ.

മകനേ, പ്രിയമകളേ, ഇപ്പോൾ നീ ദൈവത്തോട് ഒരു വാക്കു പറയുമോ? "നാഥാ എന്നെ പകയ്ക്കുന്നവർ കണ്ട് . ലജ്ജിക്കേണ്ടതിന് നന്മയ്ക്കായി ഒരു അടയാളം എനിയ്ക്ക് തരേണമേ."

കുഞ്ഞുങ്ങളില്ലാതെ വഷമിക്കുന്നവരുണ്ട്. വിവാഹ ജീവിതം വർഷം പത്തോ പന്ത്രണ്ടോ കഴിഞ്ഞു. എന്റെ ദൈവമേ ഒരു കുഞ്ഞിക്കാല് കണ്ടില്ല. ഒരു ഓമനകുഞ്ഞിനെ ലാളിക്കാൻ എനിയ്ക്ക് സാധിച്ചില്ല. ഡോക്ടർമാർ കൈയൊഴിഞ്ഞു, ആശയ്ക്കു വകയില്ല എന്ന് പറഞ്ഞുകഴിഞ്ഞു. എന്റെ കർത്താവേ, എന്നാൽ അവിടന്ന് സർവ്വക്തൻ എന്നു ഞാൻ വിശ്വസിക്കുന്നു. പച്ചവെള്ളം വീഞ്ഞാക്കി മാറ്റിയവനേ, നീ എന്റെ ജീവിതത്തിൽ ഒരു അടയാളം കാണിക്കണമേ, എനിക്കൊരു കുഞ്ഞിനെ തരണമേ, എന്റെ ദൈവമേ, ഒരു പിഞ്ചോമന കുഞ്ഞിനെ ലാളിക്കുവാനുള്ള ഭാഗ്യം എനിക്കു നൽകണമേ.

കർത്താവേ, നാഥാ നീ എന്നോടു മനസ്സലിഞ്ഞ് എന്റെ ജീവിതത്തിൽ ഒരു അടയാളം തരണമേ, എന്നെ

പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന് നന്മക്കായി ഒരു അടയാളം എനിക്കു തരേണമേ.

ദൈവജനമേ, നിങ്ങൾക്ക് ഏതിലെല്ലാം ഇനി അടയാളം കിട്ടേണ്ടതുണ്ട്. പഠിച്ചു, കൂടെ പഠിച്ചവർക്ക് എല്ലാം തൊഴിലായി, എനിക്കോ ഒരു തൊഴിലില്ല. എനിക്കൊരു വരുമാനമില്ല. ഏതിനും ആരുടെയെങ്കിലും മുൻപിൽ കൈ നീട്ടണം. എത്ര നാൾ ഇങ്ങനെ സാധിക്കും. പലരും മടുത്തു തന്നു തന്നു മടുത്തു. എന്റെ ദൈവമേ, സ്വന്തമായി പത്തുരൂപ എടുക്കാൻ എന്റെ കൈവശം ഇല്ലല്ലോ. പഠിച്ചു പാസ്സായി, പലയിടത്തും അപേക്ഷ അയച്ചു. പക്ഷേ എല്ലാ വാതിലും അടഞ്ഞു. ഒരു തൊഴില് കിട്ടിയില്ല, ഒരു ജോലിയില്ല. കർത്താവേ, എന്താണ് ഒരു പോംവഴി. നാഥാ, എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന് നന്മയ്ക്കായി ഒരു അടയാളം എനിക്കു തരണമെ.

നന്മയ്ക്കുള്ള അടയാളം ആർക്കുവേണം? തരുവാൻ ക്രിസ്തു മതിയായവനാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് ഗലീലയിലെ കാനാവിലെ കല്യാണവീട്ടിൽ ദു:ഖവും പ്രയാസവും ആകുലവും തളം കെട്ടിയ വീട്ടിൽ കടന്നു വന്ന് പച്ചവെള്ളത്തെ വീഞ്ഞാക്കി അവിടത്തെ പ്രശനത്തിന് പരിഹാരം നൽകിയ യേശു, നിന്റെ ജീവിതത്തിൽ പ്രശ്ന പരിഹാരം നൽകാൻ മതിയായവനായി നിന്റെ അരികത്തേയ്ക്ക് വന്നിട്ടുണ്ട്.

അവനെ നീ ഒന്നു കാണുക, അവനെ നീ ഒന്ന് വിളിക്കുക, അവനോട് നീ ഒന്നു അപേക്ഷിക്കുക. അവന്റെ മുൻപിൽ നിന്റെ ഹൃദയം ഒന്നു തുറക്കുക. നിന്റെ ജീവിതം പാപമില്ലാത്ത ജീവിതമാകുവാൻ ഏല്പിച്ചു കൊടുക്കുക.

പാപത്തോട് യാത്ര പറയുക. പാപജീവിതത്തെ നീ ഉപേക്ഷിക്കുക. മേലിൽ പാപം ചെയ്യുകയില്ല എന്ന് ജീവനുള്ള നാഥന് നീ വാക്കു കൊടുക്കുക.

കർത്താവേ, പച്ചവെള്ളം വീഞ്ഞാക്കിയവനെ, എന്റെ ജീവിതത്തിൽ മനസ്സലിഞ്ഞ് എഴുന്നെള്ളിയവനെ, എന്റെ കർത്താവേ, എന്നെ നീ ഒന്നു കഴുകണമെ. എന്നെ നീ ഒന്നു വെടിപ്പാക്കണമെ. നാഥാ, ഇനിമേലിൽ പാപത്തിന്റെ ഒരു കണികപോലും സ്പർശിക്കാതെ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും എന്ന് ഞാൻ തിരുമുൻപാകെ ഇപ്പോൾ പ്രതിജ്ഞ ചെയ്യുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ ഞാൻ ശരണപ്പെടുന്നു. അവിടത്തെ കുരിശിൻ ചുവട്ടിൽ ഞാൻ അഭയപ്പെടുന്നു. അവിടുത്തെ ആണിപ്പാടുള്ള പാദം കെട്ടിപ്പിടിച്ചുകൊണ്ട് ഞാൻ കരുണയ്ക്കായി യാചിക്കുന്നു. എനിക്കൊരു അടയാളം തരണമെ.

എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന്ന് നന്മക്കായി ഒരു അടയാളം തരണമെ. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ച് ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി.

നൂറ്റാണ്ടുകൾക്ക് മുമ്പ് കാനാവിൽ വച്ച് അടയാളം ചെയ്തു, യേശുവേ, ഇന്ന് ഈ നാട്ടിൽ ഈ വീട്ടിൽ ഞാൻ ഇപ്പോൾ ഇരിക്കുന്നിടത്ത് നീ കടന്നു വന്ന് എനിയ്ക്ക് നന്മയ്ക്കായി ഒരു അടയാളം തരണമേ, എന്നെ നീ ഒന്നു മാറ്റി മറിക്കണമേ, എന്റെസ്വഭാവം മാറ്റണമേ. എന്റെ ദുശ്ശീലങ്ങൾ മാറ്റണമേ, എന്റെ ബന്ധനങ്ങൾ അഴിക്കണമേ, എന്റെ ദുസ്സ്വഭാവം മാറ്റണമേ, കർത്താവേ എന്റെ ജീവിതത്തിലെ അരുതായ്മകൾ എല്ലാം മാറ്റണമെ. ജീവിതത്തെപുതുതാക്കി തരണമേ, ഒരു പുതിയ കാഴ്ചപ്പാട്

എനിയ്ക്ക് തരണമേ, ഒരു പുതിയ ഹൃദയം എനിക്കു തരണമേ, ഒരു പുതിയ മന:സാക്ഷി എനിയ്ക്കു തരണമേ, ഒരു പുതിയ പാതയിലൂടെ നടക്കാനുള്ള ഭാഗ്യം എനിക്ക് തരണമേ, ഒരു പുതിയ കൂട്ടുകെട്ട് എനിയ്ക്ക് തരണമേ, ഒരു പുതിയ കൂട്ടായ്മ എനിയ്ക്ക് തരണമേ, പുതിയ അനുഭവങ്ങളിലൂടെ എന്നെ നയിക്കേണമേ.

ആരെല്ലാം പ്രാർത്ഥിക്കുന്നുണ്ട്? ഇപ്പോൾ പ്രർത്ഥിക്കു. ദൈവപൈതലേ, അടയാളങ്ങളുടെ ആരംഭം നിന്നിൽ കുറിക്കട്ടെ.ഇന്ന് നിന്റെ ജീവിതത്തിൽ അടയാളം തുടങ്ങട്ടെ. യേശു നിന്നിൽ പ്രവർത്തിച്ചു എന്ന്, യേശു നിന്നെ സ്നേഹിക്കുന്നു എന്ന്, യേശു നിനക്കു വേണ്ടി ജീവിക്കുന്നു എന്ന് നീ ഒന്നു കാണുമാറാകട്ടെ. നീ ഒന്ന് അനുഭവിക്കു മാറാകട്ടെ. നീ സന്തോഷിക്കുമാറാകട്ടെ. ദൈവത്തെ മഹത്വപ്പെടുത്തുമാറാകട്ടെ. നിത്യപിതാവിന് സ്തുതി അർപ്പിക്കുന്നവനായി തീരട്ടെ.

ക്രിസ്തുവിനെ നിന്റെ ഹൃദയത്തിലേയ്ക്ക് എതിരേൽക്കുവിൻ. ക്രിസ്തുവിനെ നിന്റെ ഭവനത്തിലേയ്ക്ക് വിളിക്കുവിൻ, ക്രിസ്തു നിന്നിൽ അത്ഭുതം പ്രവർത്തിക്കട്ടെ. ക്രിസ്തുവിന്റെ നാമം മഹത്വപ്പെടട്ടെ.

## മൂന്ന്

“യേശു ഇതിനെ അടയാളങ്ങളുടെ അരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.”

യോഹ 2:11

യേശു ചെയ്ത അടയാളങ്ങളുടെ ആരംഭത്തിൽ പച്ച വെള്ളത്തെ വീഞ്ഞാക്കിയ മഹാ അത്ഭുതം നടന്നു. പച്ചവെള്ളം വീഞ്ഞായി തീർന്നു. ഇന്നും അടയാളങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഇന്നും യേശുക്രിസ്തു ജീവിക്കുന്നു. രണ്ടായിരം വർഷത്തിനപ്പുറം ക്രൂശിൽ മരിച്ച ക്രിസ്തു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്നു.

ക്രിസ്തു നമ്മെ എല്ലാവരേയും കാണുന്നു. ക്രിസ്തു നമ്മെ സ്നേഹിക്കുന്നു. ക്രിസ്തു നമ്മെ കരുതുന്നു. കർത്താവായ യേശുക്രിസ്തു നമുക്ക് നിത്യ ജീവൻ നൽകുന്നു. കർത്താവായ യേശുക്രിസ്തു നമുക്ക് രോഗ

സൗഖ്യം നൽകുന്നു. കർത്താവായ യേശുക്രിസ്തു നമ്മുടെ ബന്ധനങ്ങൾ അഴിക്കുന്നു. കർത്താവായ യേശുക്രിസ്തു നമുക്ക് മനസ്സമാധാനം തരുന്നു. കർത്താവായ യേശുക്രിസ്തു ഇന്നും പച്ചവെള്ളത്തെ വീഞ്ഞാക്കുന്നു.

തിരുവചനത്തിൽ മോശ ചെയ്ത ഒന്നാമത്തെ അത്ഭുതത്തെകുറിച്ച് പറയുന്നത് പുറപ്പാട് പുസ്തകം ഏഴാം അദ്ധ്യായം പത്തൊൻപതാം വാക്യത്തിലാണ്. മോശ ചെയ്ത ഒന്നാമത്തെ അത്ഭുതം വെള്ളത്തെ രക്തമാക്കി തീർത്തു എന്നതാണ്.

വെള്ളത്തെ രക്തമാക്കി തീർത്തു. പ്രവാചകന്മാരിൽ ശ്രേഷ്ഠനായ മോശ ഈജിപ്റ്റിൽ, മിസ്രയീമിൽ, ഫറവോ രാജാവിന്റെ കൊട്ടാരത്തിൽ, ആകമാനം വെള്ളത്തെ രക്തമാക്കി തീർത്തു.

ദൈവീക ന്യായവിധിയുടെ, ശിക്ഷാവിധിയുടെ പ്രതീകമാണ് രക്തം. ശിക്ഷയുടെ പ്രതീകമാണ് രക്തം. അത് ശിക്ഷയെക്കുറിച്ചാണ് സംസാരിക്കുന്നത്. എന്നാൽ കർത്താവായ യേശുക്രിസ്തു ചെയ്ത ഒന്നാമത്തെ അടയാളം, പച്ചവെള്ളത്തെ വീഞ്ഞാക്കി എന്നതാണ്. പച്ചവെള്ളം വീഞ്ഞായി, അതു സംസാരിക്കുന്നത് ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചും കൃപയെക്കുറിച്ചുമാണ്.

പച്ചവെള്ളം വീഞ്ഞായി, ക്രിസ്തുവിന്റെ കൃപയുടെ, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നിദർശനമാണ് ആ സംഭവം. ക്രിസ്തുവിന്റെ കൃപയുടെ ഉദാത്തമായ ദൃഷ്ടാന്തമാണ് ആ സംഭവം. യേശുക്രിസ്തു പച്ചവെള്ളത്തെ വീഞ്ഞാക്കി, അടയാളങ്ങളുടെ ആരംഭമായി അതു ചെയ്തു.

വീഞ്ഞ് സന്തോഷത്തിന്റെ പ്രതീകമാണ്. ന്യായാധിപന്മാരുടെ പുസ്തകം ഒൻപതാം അദ്ധ്യായം പതിമൂന്നാം വാക്യവും, സങ്കീർത്തനം നൂറ്റിനാലിന്റെ പതിനഞ്ചും നാം വായിക്കുമ്പോൾ അവിടെ വീഞ്ഞിനെക്കുറിച്ച് പറയുന്ന ഇടത്ത് സന്തോഷ അനുഭവത്തിന്റെ പ്രതീകമായി നാം അത് കാണുകയാണ്.

> "അവൻ ഭൂമിയിൽ നിന്നു ആഹാരവും മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞും അവന്റെ മുഖത്തെ മിനുക്കുന്ന എണ്ണയും മനുഷ്യന്റെ ഹൃദയത്തെ ബലപ്പെടുത്തുന്ന അപ്പവും ഉത്ഭവിപ്പിക്കുന്നു."
>
> സങ്കീ. 104:15

മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞ്. മനുഷ്യന്റെ ഹൃദയത്തിന് സന്തോഷം ഉളവാക്കുന്നതാണ് വീഞ്ഞ് എന്ന് ഇവിടെ തിരുവെഴുത്ത് പറയുകയാണ്.

> "മുന്തിരിവള്ളി അവയോട്. ദൈവത്തെയും മനുഷ്യനെയും ആനന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങളുടെ മേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു."
>
> ന്യായാധി 9:13

മുന്തിരി വള്ളിയുടെ രസത്തെക്കുറിച്ച്, വീഞ്ഞിനെക്കുറിച്ച്, പറയുന്നത് ദൈവത്തെയും മനുഷ്യനെയും ആനന്ദിപ്പിക്കുന്ന എന്റെ രസം എന്നാണ്.

വീഞ്ഞ് ആനന്ദിപ്പിക്കുന്നതാണ്, വീഞ്ഞ്

സന്തോഷിപ്പിക്കുന്നതാണ്, വീഞ്ഞ് സന്തോഷത്തിന്റെ പ്രതീകമാണ്.

പച്ചവെള്ളം വീഞ്ഞാക്കി എന്ന അടയാളം ഇന്ന് നമ്മുടെ ഹൃദയത്തിൽ ആനന്ദം തരുന്ന ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അത്ഭുതകരമായ ശക്തിയെക്കുറിച്ചാണ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. സുവിശേഷം കൈക്കൊള്ളു മ്പോൾ സന്തോഷം ഉണ്ടാകുന്നു. ക്രിസ്തു നമ്മുടെ ഹൃദയത്തിലേയ്ക്ക് വരുമ്പോൾ സമാധാനം ഉണ്ടാകുന്നു. ക്രിസ്തു നമ്മുടെ പാപം ക്ഷമിക്കുമ്പോൾ സമാധാനം അനുഭവിക്കുന്നു. ക്രിസ്തു നമ്മുടെ ബന്ധനങ്ങൾ അഴിക്കുമ്പോൾ നമുക്ക് ശാന്തത ലഭിക്കുന്നു. ക്രിസ്തു നമ്മുടെ സ്വഭാവം മാറ്റുമ്പോൾ നമുക്ക് സന്തോഷം ഉണ്ടാകുന്നു.

അപ്പൊസ്തലനായ പൌലോസ് റോമൻ കാരാഗൃഹത്തിൽ കിടന്നപ്പോൾ എഴുതിയ ലേഖനമാണ് ഫിലിപ്പ്യാ ലേഖനം. ഫിലിപ്പ്യർക്ക് എഴുതിയ ലേഖനത്തിൽ അപ്പൊസ്തലൻ പറയുന്നു.

> “കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ, കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളേയും

ക്രിസ്തുയേശുവിങ്കൽ കാക്കും.”

ഫിലിപ്പിയർ 4:4–7

സന്തോഷം ദൈവം തരുന്നതാണ്. സന്തോഷം ക്രിസ്തു തരുന്നതാണ്. ക്രിസ്തുവിലാണ് സന്തോഷം. ക്രിസ്തു വസിക്കുമ്പോഴാണ് സന്തോഷം. ക്രിസ്തു വരുമ്പോഴാണ് സന്തോഷം, ക്രിസ്തു നമ്മുടെ ജീവിതത്തിൽ വസിക്കുമ്പോഴാണ് നമുക്ക് ആനന്ദം. ക്രിസ്തുവിൽ സന്തോഷം.

അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകം പതിനാറാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. അപ്പൊസ്തലനായ പൌലൊസിനെയും ശീലാസിനെയും കാരാഗൃഹത്തിൽ ബന്ധിച്ചു എന്ന്. ഫിലിപ്പ്യയിലെ കാരാഗൃഹത്തിൽ പൌലൊസിനെയും ശീലാസിനെയും ബന്ധിച്ചിട്ടു. കൈകളും കാലുകളും ആമത്തിൽ ഇട്ടു. ബന്ധിതരായി കാരാഗൃഹത്തിന്റെ ഇരുണ്ടമുറിയിൽ പൌലൊസും ശീലാസും കിടക്കുകയാണ്. അപ്പോൾ അർദ്ധരാത്രിയിൽ ശരീരം ആസകലം ചുട്ടുനീറുന്നു. അടികൊണ്ട് തിണർത്ത ആ മുറിവുകൾ നീറ്റൽ ഏറ്റു പുകഞ്ഞു വേദനിക്കുന്നു. അന്ന് പകൽ ഒരിറ്റു വെള്ളവും കുടിക്കാത്തതിന്റെ ദാഹവും ക്ഷീണവും ശരീരത്തെ തളർത്തുന്നു. അപ്പൊസ്തലനായ പൌലൊസും ശീലാസും അർദ്ധരാത്രയിൽ എഴുന്നേറ് പ്രാർത്ഥിച്ചു, അർദ്ധരാത്രയിൽ എഴുന്നേറ്റു പാടി, അർദ്ധരാത്രിയിൽ എഴുന്നേറ്റു സ്തുതിച്ചു.

എന്താണ് സ്തുതിക്കാൻ കാരണം? എന്താണ് സന്തോഷത്തിന് കാരണം? ക്രിസ്തുവിന്റെ നാമത്തിൽ നിന്ദ

ഏറ്റു. ഒരു തെറ്റു ചെയ്യാതെ നന്മ മാത്രം ചെയ്തു വെളിച്ചപ്പാടത്തിയായി ലക്ഷണം പറയുന്ന ദുരാത്മ ബാധയിൽ അകപ്പെട്ട ഒരു പെൺകുട്ടിയെ വിടുവിച്ചു. അവളിൽ നിന്നും ദുരാത്മാവിനെ ശാസിച്ചു മാറ്റി. അവളിലുള്ള ഭൂതാത്മാവിനെ മാറ്റി. അവിടെയുള്ള ആ വെളിച്ചപ്പാടത്തിയായ പെൺകുട്ടിയെക്കൊണ്ടു ലാഭം ഉണ്ടാക്കിയവർക്ക് അവരുടെ ലാഭം പൊയ്പ്പോയി എന്നതുകൊണ്ടുള്ള വൈരാഗ്യംമൂലം സുവിശേഷകന്മാരെ എതിർത്തു, അവരെ ബന്ധിച്ചു, അവരെ അടിച്ചു, അവരെ മുറിവേൽപ്പിച്ചു, അവരെ കാരാഗൃഹത്തിൽ ഇട്ടു, കൽതുറങ്കിൽ ഇട്ടു, യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്ദ ഏറ്റതിലും, ഉപദ്രവം ഏറ്റതിലും സന്തോഷിക്കുന്നു.

അവർ സന്തോഷിച്ചു, പ്രാർത്ഥിച്ചു, പാടി ദൈവത്തെ സ്തുതിച്ചു. വീഞ്ഞ് കുടിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തിന്റെ ആന്തരീക അനുഭവത്തിന്റെ അത്ഭുതകരമായ പ്രചുരിമയോടുകൂടി ദൈവമക്കൾ സ്തുതിക്കുകയാണ്. ദൈവമക്കൾ സ്തോത്രം ചെയ്യുകയാണ്. ആ സന്തോഷത്തിന്റെ സ്തുതിമൂലം അപ്പോൾ ഒരു അത്ഭുതം നടന്നു. കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. സത്യാരാധന ഉണ്ടാകുമ്പോൾ കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങും.

സത്യമായും പ്രയാസത്തിന്റെയും വേദനയുടെയും ഞെരുക്കത്തിന്റെയും മദ്ധ്യത്തിൽ ഉള്ളം സന്തോഷിച്ച്, വീഞ്ഞിന്റെ സന്തോഷം പോലെ ഉള്ളം സന്തോഷിച്ച്, സ്തുതിക്കുമ്പോൾ ഭൂകമ്പം ഉണ്ടാകും, ഭൂമികുലുക്കം ഉണ്ടാക്കും, കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങും. അടഞ്ഞ വാതിലുകൾ തുറന്നുപോകും. പൂട്ടിയിട്ടിരുന്ന വാതിലുകളുടെ പൂട്ടുകൾ തുറന്നു, വാതിലുകൾ തുറന്നു.

കാരാഗൃഹത്തിൽ ബന്ധനത്തിലായിരുന്നവരുടെ ബന്ധനങ്ങൾ അഴിഞ്ഞുപോയി.

സാക്ഷാലുള്ള സന്തോഷം ക്രിസ്തു തരുന്ന സന്തോഷമാണ്. അപ്പോൾ ബന്ധനങ്ങൾ അഴിയും. ഇന്ന് ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ സന്തോഷം വേണം എന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടോ?

നിങ്ങളുടെ ജീവിതത്തിൽ സമാധാനം വേണം എന്ന് നിങ്ങൾക്കു കൊതി ഉണ്ടോ? നിങ്ങളുടെ ജീവിതത്തിലെ നിരാശാകരമായ സാഹചര്യങ്ങൾ മാറി ഒരു നല്ല ശോഭനമായ നാളെയുടെ പൊൻപുലരി കാണണമെന്ന് നിങ്ങൾക്ക് കൊതിയുണ്ടോ?

എങ്കിൽ നിങ്ങൾ പാപത്തെ ഉപേക്ഷിപ്പിൻ, പൈശാചിക ശക്തിയോട് യാത്ര പറയുവിൻ. ദുരാത്മശക്തിയെ ഉപേക്ഷിപ്പിൻ. യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിലേയ്ക്ക് സ്വീകരിപ്പിൻ. കുരിശിൽ മരിച്ചക്രിസ്തുവിന് നിങ്ങളുടെ ഹൃദയത്തിൽ ഇടം കൊടുക്കുവിൻ. ക്രൂശിൽ തലചായ്ച്ച ക്രിസ്തുവിന് നിങ്ങളുടെ ഹൃദയത്തിൽ തലചായ്പ്പാൻ ഇടം കൊടുക്കുവിൻ. ഹൃദയത്തിൽ യേശുവിനെ സ്വീകരിപ്പിൻ, യേശുവിനോട് വാക്കുപറയുവിൻ.

നാഥാ.... ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ ഞാൻ ഇന്നുമുതൽ നിനക്കായി ജീവിക്കും. നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, ഈ സമയത്തിനായി

ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്നെ ഹൃദത്തിലേക്ക് സ്വീകരിപ്പാൻ ഭാഗ്യം തന്നതിനായി സ്തുതിക്കുന്നു. സത്യവചനം വായിക്കുവാൻ ഞങ്ങൾക്ക് അവസരം തന്നതിനായി സ്തുതിക്കുന്നു. എല്ലാവരേയും അനുഗ്രഹിക്കണമെ. ഈ വചനം വായിക്കുന്നവരെ ആശ്വസിപ്പിക്കണമെ. രക്ഷയിലും സമാധാനത്തിലും സന്തോഷത്തിലും നിറയ്ക്കണമെ. തിരുനാമം മഹത്വപ്പെടുത്തണമെ.

## നാല്

"യേശു ഇതിനെ അടയാളങ്ങളുടെ അരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു."

യോഹ 2:11

യേശുചെയ്ത ആദ്യത്തെ അടയാളമാണ് കാനാവിൽ പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കി മാറ്റിയത്; പച്ച വെള്ളത്തെ വീഞ്ഞാക്കി മാറ്റിയത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

"മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി, യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു."

യോഹ. 2:1–2

യേശുവിന്റെ അമ്മക്ക് ചാർച്ചയുള്ള ഒരു വീടായിരുന്നു അത്. യേശുവിന്റെ അമ്മ ഏറ്റവും അടുപ്പവും ബന്ധവും ചാർച്ചയുമുള്ള ആ വീട്ടിൽ കല്യാണത്തിന് എത്തിയിട്ടുണ്ട്. യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിന് ക്ഷണിച്ചിട്ടുണ്ട്. യേശുവിനെ ക്ഷണിച്ചത് ഭാഗ്യമായി.

ദൈവത്തേയും ദൈവത്തിന്റെ പ്രിയപ്പെട്ട ശിഷ്യന്മാരെയും നമ്മുടെ ഭവനങ്ങളിലേക്ക് ക്ഷണിക്കുന്നത് ഭാഗ്യമാണ്. യേശുക്രിസ്തുവിനേയും, യേശുവിനെ സാക്ഷാൽ സ്നേഹവായ്പ്പോടെ അനുഗമിക്കുന്നവരേയും നമ്മുടെ ഭവനത്തിൽ ഏതിരേൽക്കുന്നതും സ്വീകരിക്കുന്നതും സൽക്കരിക്കുന്നതും ഭാഗ്യമാണ്, അതിന് വലിയ വിലയുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

> “നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാചകൻ എന്നുവെച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും. നീതിമാൻ എന്നുവെച്ച് നീതിമാനെ കൈക്കൊള്ളുന്നവനു നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവെച്ചു ഈ ചെറിയവരിൽ ഒരുത്തനു ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു.”
>
> മത്തായി. 10:40–42

യേശു ക്രിസ്തുവിനെ ക്ഷണിച്ചു, യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെയും ക്ഷണിച്ചു. ആ ഭവനത്തിന്റെ വലിയൊരു ഭാഗ്യം, വലിയോരു അനുഗ്രഹം, വലിയോരു ധന്യത അവിടെ നാം കാണുകയാണ്. ആ വീട്ടിൽ പച്ചവെള്ളം വീഞ്ഞായി മാറി. യേശു ഒരു അതിഥിയായി അവിടെ കടന്നു വന്നു.

പ്രിയപ്പെട്ടവരെ, യേശുവിനെ ക്ഷണിക്കുവിൻ, യേശുവിനെ വിളിക്കുവിൻ. യേശുവിന്റെ ശിഷ്യന്മാരെയും വിളിക്കുവിൻ.

ശിഷ്യൻ എന്നുവെച്ചു ഈ ചെറിയവരിൽ ഒരുത്തന് ഒരു പാനപാത്രം വെള്ളം മാത്രം കുടിപ്പാൻ കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോകയില്ല എന്നത്രേ നമ്മുടെ കർത്താവ് പറഞ്ഞത്.

പ്രതിഫലം ഉള്ളതാണ് യേശുവിനെയും ശിഷ്യന്മാരെയും ക്ഷണിക്കുന്നതും സൽകരിക്കുന്നതും. രാജാക്കന്മാരുടെ രണ്ടാം പുസ്തകം നാലാം അദ്ധ്യായത്തിൽ ഒരു സ്ത്രീയെ നാം കാണുന്നുണ്ട്. ശൂനേമിലെ ആ സ്ത്രീ അവളുടെ ഭർത്താവിനോട് പറയുന്നത് വായിക്കാം.

> "അവൾ തന്റെ ഭർത്താവിനോട്, നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഇയാൾ വിശുദ്ധനായൊരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു. നാം ചുവരോടു കൂടിയ ചെറിയൊരു മാളികമുറി പണിതുണ്ടാക്കുക, അതിൽ അവന് ഒരു കട്ടിലും ഒരു മേശയും ഒരു നാല്ക്കാലിയും ഒരു നിലവിളക്കും വയ്ക്കുക. അവൻ നമ്മുടെ അടുക്കൽ വരുമ്പോൾ അവന് അവിടെ കയറി

പാർക്കാമല്ലോ എന്നു പറഞ്ഞു."

2.രാജാക്കന്മാർ 4 : 9–10

എലീശാ പ്രവാചകന്, വിശുദ്ധനായൊരു ദൈവ പുരുഷന്, അവിടെ ഒരു മുറി ഉണ്ടാക്കിക്കൊടുത്തു.

എന്തൊരു ഭാഗ്യമായിപ്പോയി. ആ ശൂനേമിലെ സ്ത്രീയ്ക്ക് മക്കളുണ്ടായിരുന്നില്ല. അവൾക്ക് ജീവിതത്തിന്റെ ഉള്ളത്തിൽ ഒരു നിരാശയുണ്ടായിരുന്നു. മക്കളില്ലല്ലോ എന്നുള്ള ഒരു ദു:ഖമുണ്ടായിരുന്നു. ധാരാളം സമ്പത്തുള്ള വീട്ടിൽ, ഈ സമ്പത്തെല്ലാം അനുഭവിക്കാൻ അനന്തരാവകാശികളില്ലല്ലോ എന്നുള്ള ദു:ഖം ഉണ്ടായിരുന്നു. അവളും അവളുടെ ഭർത്താവും മൂകമായി ആ ദു:ഖം അനുഭവിച്ചുകൊണ്ടിരുന്നു.

എന്നാൽ പ്രവാചകനെ വിളിച്ച് സൽക്കരിച്ചു, തന്മൂലം ദൈവം അവരെ അനുഗ്രഹിച്ചു. ദൈവത്തിന്റെ കൃപ അവരുടെ മേൽ വന്നു. സ്വർഗ്ഗത്തിലെ ദൈവം തന്റെ മക്കളെ ആദരിക്കുന്നവരെ ആദരിക്കുന്നവനാണ്. തന്റെ മക്കളെ സ്നേഹി ക്കുന്നവരെ സ്നേഹിക്കുന്നവനാണ് ദൈവം.

നിത്യനായ ദൈവം ആ ഭവനത്തിൽ അത്ഭുതം ചെയ്തു. ആ സ്ത്രീ ഒരു മകനെ പ്രസവിച്ചു. ആ കുടുംബം അനുഗ്രഹിക്കപ്പെട്ടു.

ദൈവത്തേയും ദൈവത്തിന്റെ മക്കളേയും ആദരിക്കുക. ക്രിസ്തുവിനേയും ക്രിസ്തുവിന്റെ ശിഷ്യന്മാരേയും ക്ഷണിക്കുക. ക്രിസ്തു ഒരു അതിഥിയായി കാനാവിലെ വീട്ടിൽ ചെന്നു.

നമ്മുടെ വീട്ടിലേയ്ക്ക് നമുക്ക് ക്രിസ്തുവിനെ ക്ഷണിക്കാം. നമ്മുടെ ഹൃദയത്തിലേയ്ക്ക് നമുക്ക് ക്രിസ്തുവിനെ ക്ഷണിക്കാം, നമ്മുടെ ഹൃദയത്തിലേയ്ക്ക് ക്രിസ്തു ഒരു അതിഥിയായി കടന്നുവരട്ടെ.

കർത്താവായ യേശു ഉയർത്തെഴുന്നേറ്റ ദിവസം യെരുശലേമിൽ നിന്ന് ഏഴുനാഴിക ദൂരമുള്ള എമ്മവൂസ്സിലേയ്ക്ക് രണ്ട് ശിഷ്യന്മാർ യാത്രചെയ്യുക യായിരുന്നു. അവരിൽ ഒരാൾ ക്ലെയൊപ്പാവു ആയിരുന്നു.

അവർ രണ്ടുപേരും നടന്നുപോകുമ്പോൾ അവർ നിരാശയോടുകൂടി, മുഖം വാടി, ഉള്ളം വാടി തളർന്നിരുന്നു. അവരുടെ നാഥൻ ക്രൂശിക്കപ്പെട്ടതു കണ്ട് സങ്കടവും നിരാശയും ഉള്ളത്തിൽ മെത്തി, ജീവിതത്തിന്റെ പ്രതീക്ഷകളെല്ലാം അസ്തമിച്ചവരായി എമ്മവൂസ്സിലേയ്ക്ക് മടങ്ങുകയായിരുന്നു. അപ്പോൾ ഉയർത്തെഴുന്നേറ്റ ക്രിസ്തു അവരോട് ചേർന്നു നടന്നു. അവർക്ക് തിരുവെഴുത്തുകളെ വ്യഖ്യാനിച്ചുകൊടുത്തു. യേശുക്രിസ്തു അവരോട് സംസാരിക്കുമ്പോൾ ഇത് യേശു ആണ് എന്ന് അവർ അറിഞ്ഞില്ല. അപരിചിതനായ ഒരു മനുഷ്യൻ എന്നേ അവർ അറിഞ്ഞുള്ളൂ. യേശുവിനെ അവർ തിരിച്ചറിഞ്ഞില്ല.

എങ്കിലും യേശു സംസരിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ ഹൃദയം കത്തിക്കൊണ്ടിരുന്നു. ഉള്ളം കത്തുന്ന വാക്കുകൾ, യേശുവിന്റെ തിരുവചനം, ആ ജീവന്റെ വചനം, അവരുടെ ഉള്ളത്തെ കത്തിച്ചുകൊണ്ടിരിന്നു. അവർ തങ്ങളുടെ വീടിനോട് അടുക്കാറായപ്പോൾ യേശു മുന്നോട്ട് പോകുന്ന ഭാവം കാണിച്ചു. അവർ യേശുവിനെ തടഞ്ഞു. ഈ അപരിചിതനായ പുരുഷനെ തടഞ്ഞു. ഇന്ന് ഞങ്ങളുടെ

കൂടെ രാപാർക്കണം, ഇന്ന് ഞങ്ങളുടെ വീട്ടിൽ ഞങ്ങളുടെ കൂടെവരണം. യേശു മുന്നോട്ട് പോകുന്ന ഭാവം കാണിച്ചു. അവർ യേശുവിനെ നിർബന്ധിച്ചു.

"എന്തായാലും ശരി ഇത്രയും സമയം ഞങ്ങളോടു സംസരിച്ചു കൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ വാടിത്തളർന്ന ഹൃദയത്തിന് ഒരു ആശ്വാസം കിട്ടി. ഞങ്ങൾക്ക് ഒരു സമാധാനം കിട്ടി. ഞങ്ങൾക്കൊരു പുത്തൻ ഉണർവ്വ് കിട്ടി. അതുകൊണ്ട് നീ ഞങ്ങളുടെ കൂടെ വന്നേ പറ്റൂ. ഞങ്ങളുടെ ഉള്ളം കത്തിക്കൊണ്ടിരുന്നു. ഇന്ന് ഞങ്ങളെ വിട്ടു പോകാൻ ഒക്കുകയില്ല. " അവർ യേശുവിനെ നിർബന്ധിച്ചു.

നിർബന്ധിച്ചു വിളിച്ചപ്പോൾ യേശു ആ ഭവനത്തിലേയ്ക്ക് അതിഥിയായി കടന്നുവന്നു.

യേശുവിനെ നിങ്ങൾ ഒന്ന് വീട്ടിലേയ്ക്ക് വിളിക്കുമോ? നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് വിളിക്കുമോ? നിങ്ങളുടെ ഹൃദയത്തിലേക്ക് എതിരേൽക്കുമോ? തലചായ്പ്പാൻ ഇടമില്ലാത്തവനായി, അരക്കാശിനും മുതലില്ലാത്തവനായി ഗലീലാ നാടുകളിൽ കൂടി അലഞ്ഞു നടന്നവൻ, ഇതാ ബെഥാന്യയിലെ ചെറുഭവനത്തിലേയ്ക്ക് ചിലപ്പോൾ കടന്നു ചെല്ലാറുള്ളവൻ, ലാസറിന്റെ ഭവനത്തിൽചെന്ന് ചിലപ്പോൾ തിരുവചനം സംസരിക്കാറുള്ളവൻ, യെരീഹോ തെരുവിലൂടെ നടന്നവൻ, ബെത്ത്സയിദയിലും കോരസീനിലും കഫർന്നഹൂമിലും സഞ്ചരിച്ചവൻ, യെരുശലേം നഗരത്തിൽ ദൈവത്തിന്റെ തിരുവചനം പ്രസ്താവിച്ചവൻ, നയീൻ പട്ടണത്തിന്റെ തെരുവിൽകൂടെ നടന്നവൻ.

പ്രിയപ്പെട്ടവരേ, ഇന്ന് ഈ സമയത്ത് അവൻ ഇതാ തലചായ്പ്പാൻ ഇടം ഉണ്ടോ എന്ന് നോക്കി നിങ്ങളുടെ

ഓരോരുത്തരുടേയും മുൻപിൽ വന്ന് നിൽക്കുകയാണ്.

യേശുവിനെ നിങ്ങൾ ഒന്ന് വിളിക്കുമോ? യോഹന്നാന്റെ സുവിശേഷം ഏഴാം അദ്ധ്യായം അവസാനിക്കുമ്പോൾ നാം വായിക്കും.

> ''അങ്ങനെ ഓരോരുത്തൻ താന്താന്റെ വീട്ടിലേയ്ക്ക് പോയി.''

എട്ടാം അദ്ധ്യായം തുടങ്ങുമ്പോൾ നാം വായിക്കും.

> "യേശുവോ ഒലിവ് മലയിലേക്ക്പോയി."

ഓരോരുത്തൻ താന്താന്റെ വീട്ടിലേയ്ക്ക് പോയി. യേശുവോ ഒലിവ് മലയിലേയ്ക്ക് പോയി. യേശുവിന് പോകാൻ വീടില്ല. യേശുവിന് പോകാൻ കിടപ്പാടമില്ല. യേശുവിന് പോകാൻ പോക്കിടമില്ല.

ഓരോരുത്തൻ താന്താന്റെ വീട്ടിലേയ്ക്ക് പോയി. അവർക്ക് ഓരോരുത്തർക്കും വീടുണ്ട്. അവർക്ക് ഓരോരുത്തർക്കും താമസിക്കാൻ പാർപ്പിടമുണ്ട്. അവർ താന്താങ്ങളുടെ വീടുകളിലേക്ക് പോയി, യേശുവോ നോക്കിനിന്നു. ആരെങ്കിലും എന്നെ ഒന്ന് വിളിക്കുമോ? ആരെങ്കിലും എന്നെ ഒന്ന് ക്ഷണിക്കുമോ? ആരുടെയെങ്കിലും കൂടെ പോകാൻ എനിയ്ക്ക് ഒക്കുമോ?

ആരും വിളിച്ചില്ല, ആരും ക്ഷണിച്ചില്ല. യേശുവോ ഒലിവ് മലയിലേയ്ക്ക് പോയി. ഇന്ന് നിങ്ങൾ യേശുവിനെ ക്ഷണിക്കുമോ? യേശുവിന് വേണ്ടി നിങ്ങൾ വഴിയൊരുക്കുമോ? നിങ്ങളുടെ ഹൃദയം യേശുവിന് വേണ്ടി നിങ്ങൾ തുറന്ന് കൊടുക്കുമോ? നിങ്ങളുടെ ഹൃദയം തുറന്ന്

ഹൃദയത്തിലുള്ള ദുഷ്ടതയും ഹൃദയത്തിലുള്ളതായ അന്ധകാരവും വേണ്ട എന്ന് വയ്ക്കുമോ? പാപത്തോട് യാത്ര പറയുമോ? യേശുവിനെ ഉള്ളത്തിലേയ്ക്ക് സ്വീകരിക്കുമോ? ക്രൂശിൽ തലചായ്ച്ചവൻ ഒരു അതിഥിയായി നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് വരാൻ കൊതിക്കുന്നു. അവൻ ഇതാ വന്ന് നിൽക്കുന്നു.

വിരുന്നുകാരനായി അവനെ നിങ്ങൾ വിളിക്കുവിൻ. അവനെ നിങ്ങൾ സ്വാഗതം ചെയ്യുവിൻ. അവനോടു നിങ്ങൾ ഉള്ളുതുറന്നു പറയുവിൻ.

നാഥാ എഴുന്നള്ളണമേ, എന്റെ ഹൃദയത്തിലേയ്ക്ക് വരേണമേ, എന്റെ ഹൃദയ വാതിൽക്കൽ മുട്ടിക്കൊണ്ട് നിന്നവനേ, എന്റെ ഹൃദയത്തിലേയ്ക്ക് എഴുന്നള്ളണമേ എന്ന് നിങ്ങൾ പ്രർത്ഥിപ്പിൻ. യേശു നിങ്ങളുടെ ഹൃദയത്തിലേക്ക് വരട്ടെ. യേശു നിങ്ങളെ ആശ്വസിപ്പിക്കട്ടെ. യേശു നിങ്ങൾക്ക് ഐശ്വര്യം തരട്ടെ. യേശു നിങ്ങൾക്ക് സമാധാനം തരട്ടെ. യേശു നിങ്ങൾക്ക് പാപബോധം തരട്ടെ. യേശു നിങ്ങൾക്ക് തകർന്ന ഹൃദയം തരട്ടെ.

യേശു നിങ്ങൾക്ക് പാപക്ഷമ തരട്ടെ, യേശു നിങ്ങൾക്ക് കുറ്റബോധം തരട്ടെ. യേശു നിങ്ങളുടെ പാപത്തിന്റെ ബന്ധനങ്ങൾ അഴിക്കട്ടെ. യേശു പൈശാചിക ബാധകൾ മാറ്റട്ടെ. യേശു പുതുജീവിതം നിങ്ങൾക്ക് പ്രദാനം ചെയ്യട്ടെ. യേശു നിങ്ങളെ അനുഗ്രഹിക്കട്ടെ. യേശുവിന്റെ നാമം മാത്രം എന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ.

## അഞ്ച്

“കേട്ടോ ഒരുത്തൻ വിളിച്ചു പറയുന്നത് : മരുഭൂമിയിൽ യഹോവയ്ക്ക് വഴി ഒരുക്കുവിൻ, നിർജ്ജന പ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ. എല്ലാ താഴ്വരയും നികന്നും എല്ലാമലയും കുന്നും താണും വരേണം, വളഞ്ഞതു ചൊവ്വായും ദർഘടങ്ങൾ സമമായും തീരേണം”

യെശയ്യാവ് 40:3–4

“സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ” എന്നു പറഞ്ഞു. “മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കാവിതു. കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ” എന്നിങ്ങനെ യെശയ്യാ പ്രവാചകൻ പറഞ്ഞവൻ ഇവൻ തന്നേ.“

മത്തായി 3:2–3

"ഞാൻ നിനക്കു മുമ്പായി എന്റെ ദൂതനെ അയയ്ക്കുന്നു. അവൻ നിന്റെ വഴിയൊരുക്കും. കർത്താവിന്റെ വഴി ഒരുക്കുവിൻ അവന്റെ പാത നിരാപ്പാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്ക് എന്നിങ്ങനെ യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ യോഹന്നാൻ വന്ന് മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചും കൊണ്ടിരുന്നു."

മാർക്കോസ് 1:2-4

"കർത്താവിന് വഴിയൊരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ. യേശുക്രിസ്തുവിനെ ക്ഷണിക്കുവിൻ, യേശുക്രസ്തുവിനെ ഹൃദയത്തിലേയ്ക്ക് ക്ഷണിക്കുവിൻ."

കാനാവിലെ കല്യാണ വീട്ടിലേയ്ക്ക് യേശുവിനെയും ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു. യേശുക്രിസ്തു വിലാപഭവനത്തിൽ പോകും; കല്യാണ വീട്ടിൽ പോകും. യേശു ദു:ഖ ഭവനത്തിലും പോകും, മരണ വീട്ടിലും പോകും. സന്തോഷ ഭവനത്തിലും പോകും, വിരുന്നു വീട്ടിലും പോകും.

യേശുവിനെ ക്ഷണിക്കുന്നിടത്ത് യേശു കടന്നുചെല്ലും. കർത്താവായ യേശുവിനെ നാം നമ്മുടെ ഹൃദയത്തിലേയ്ക്ക് ക്ഷണിക്കുമെങ്കിൽ നമ്മുടെ ജീവിതം ധന്യമാകും.

പ്രിയപ്പെട്ടവരേ, ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് ക്ഷണിക്കുവിൻ. ക്രിസ്തുവിനെ നിങ്ങളുടെ വീട്ടിലേയ്ക്ക് ക്ഷണിക്കുവിൻ. ക്രിസ്തുവിനെ

നിങ്ങളുടെ കുടുംബത്തിലേയ്ക്ക് ക്ഷണിക്കുവിൻ. ക്രിസ്തു ഒരതിഥിയായി നിങ്ങളുടെ കുടുംബത്തിലേയ്ക്ക് വരട്ടെ. ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ ഒരു വിരുന്നുകാരനായി വിളിച്ച് നിങ്ങൾ ക്രിസ്തുവിനെ സൽക്കരിക്കുവിൻ. നമ്മുടെ പണം അവന് കൊടുക്കണ്ട. നമ്മുടെ യാതൊന്നും യേശു പ്രതീക്ഷിച്ചു കൊണ്ടല്ല വരുന്നത്. യേശു നമ്മുടെ ഹൃദയത്തെയാണ് ചോദിക്കുന്നത്.

> "മകനേ നിന്റെ ഹൃദയം എനിക്കു തരിക."
> എന്നത്രേ യേശു പറയുന്നത്.
>
> സദൃശ:23–26

എന്റെ മകനേ, നിന്റെ ഹൃദയം എനിക്കു തരിക, മകളേ, നിന്റെ ഹൃദയം എനിക്കു തരിക. യേശു നമ്മുടെ ഹൃദയത്തിൽ വാഴുവാൻ കൊതിക്കുന്നു. യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു.

കൈപ്പണിയായതിൽ വസിക്കാത്തവനായ ദൈവം ഇതാ നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ വസിപ്പാൻ ആഗ്രഹിക്കുകയാണ്.

> "സ്വർഗ്ഗം എനിക്ക് സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു, നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം. എന്റെ വിശ്രമസ്ഥലവും ഏത്, ഇതൊക്കെയും എന്റെ കൈയ്യല്ലയോ ഉണ്ടാക്കിയത് എന്ന് കർത്താവ് അരുളി ച്ചെയ്യുന്നു."
>
> അപ്പോ. പ്രവ. 7: 49–50

അത്യുന്നതൻ കൈപ്പണി ആയതിൽ വസിക്കുന്നില്ല

എന്ന് അരുളിച്ചെയ്തുകൊണ്ട് മനുഷ്യ ഹൃദയത്തിൽ വസിപ്പാൻ കൊതിപൂണ്ടു, ഇതാ, ക്രിസ്തു നമ്മുടെ ഹൃദയത്തിന്റെ വാതിൽക്കൽ വന്നു മുട്ടുന്നു.

> ‘‘ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.”
>
> വെളിപ്പാട് 3:20

നമ്മുടെ ഹൃദയത്തിലേയ്ക്ക് എഴുന്നെള്ളുവാൻ കൊതിച്ചുകൊണ്ട് ഹൃദയത്തിന്റെ വാതിൽക്കൽ നിന്നു മുട്ടുന്ന ക്രിസ്തുവിനെ നിങ്ങൾ ഒന്നു കാണുമോ?

പ്രിയ ദൈവപൈതലേ, ക്രിസ്തു നിന്റെ ഹൃദയത്തിന്റെ വാതിൽക്കൽ മുട്ടിക്കൊണ്ടു നിൽക്കുന്നത് നീ ഒന്നറിയുമോ? ക്രിസ്തു നിന്റെ ജീവിതത്തെ ധന്യമാക്കുവാൻ കൊതിച്ചുകൊണ്ട്, നിന്റെ ജീവിതത്തെ അനുഗ്രഹിപ്പാൻ ആഗ്രഹിച്ചുകൊണ്ട്, നിന്റെ ജീവിതത്തെ പരിപാവനവും പരിശുദ്ധവും ശ്രേഷ്ഠവും അനുഗൃഹീതവും ആക്കുവാൻ കൊതിച്ചുകൊണ്ട് നിന്റെ അരികത്ത് നിൽക്കുന്നത് നീ കാണുമോ?

“ക്രിസ്തുവിന് വേണ്ടി വഴി ഒരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ.“

നമ്മുടെ ഭവനത്തിലേയ്ക്ക് ലോക പ്രകാരം ഉയർന്ന ഒരു വ്യക്തി വരുന്നു എന്ന് ഒന്ന് സങ്കൽപ്പിക്കൂ. ഇപ്പോൾ ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾ ഒന്ന്

ഭാവനയിൽ കാണൂ, നിങ്ങളുടെ വീട്ടിൽ ഒരു ടെലഗ്രാം കിട്ടുന്നു അല്ലെങ്കിൽ ഒരു ഫോൺകോൾ കിട്ടുന്നു. നിങ്ങളുടെ വീട്ടിൽ ഇന്ത്യൻ പ്രസിഡന്റ് കടന്നുവന്നു ഒരു അരമണിക്കൂർ നേരം വിശ്രമിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് അറിയിച്ചുകൊണ്ടുള്ള കളക്ടറുടെ അറിയിപ്പാണ് നിങ്ങൾക്ക് കിട്ടിയത്. നിങ്ങൾ അത്ഭുതപ്പെടുന്നു. അയ്യോ ആരാണ് ഈ വരുന്നത്, ഇന്ത്യയുടെ പ്രസിഡന്റ് നിങ്ങളുടെ ഭവനത്തിലേക്ക് വരുന്നു. എന്നെ അദ്ദേഹം എങ്ങിനെ അറിയും. ആ ഉന്നതനായ വ്യക്തി, ഉന്നതനായ ഭരണാധികാരി എന്നെ എങ്ങിനെ അറിയും, ഒരു പരിചയവും ഇല്ലല്ലോ, അദ്ദേഹം എന്നെ അറിയും, ഇതൊരതിശയമാണല്ലോ, ഇതൊരത്ഭുതമാണല്ലോ, അദ്ദേഹം എന്റെ ഭവനത്തെ സ്നേഹിക്കുന്നു. എന്റെ ഭവനത്തിൽ അല്പനേരം വന്നിരിക്കാൻ അദ്ദേഹം താല്പര്യപ്പെടുന്നു. എന്തൊരു പദവി! എന്തൊരു വലിയ ഐശ്വര്യം! എത്ര ഉന്നതമായ സ്ഥാനമാനങ്ങൾ ! എത്ര ശ്രേയസ്ക്കരമായ, എത്ര യശസ്സാർന്ന, ഒരനുഭൂതിയാണ് അത്.!

നിങ്ങൾ ഉടനെ എല്ലാവരേയും അറിയിക്കുന്നു. ബന്ധപ്പെട്ടവരെ അറിയിക്കുന്നു. നിങ്ങളുടെ വീട് ഉടനെ എത്രയും വേഗം ഒന്ന് പെയിന്റ് ചെയ്യുന്നു. നിങ്ങളുടെ വീടിന്റെ ഗെയ്റ്റ് പെയിന്റ് ചെയ്യുന്നു. വീട്ടിലേയ്ക്കുള്ള വഴിയെല്ലാം ചെത്തി നിരപ്പാക്കുന്നു, നിങ്ങളുടെ വീടും പരിസരവും വൃത്തിയാക്കുന്നു, ശുചിയാക്കുന്നു. എല്ലാം മനോഹരമാക്കുന്നു. എത്രത്തോളം നിങ്ങൾക്ക് മോടിപിടിപ്പിക്കാമോ, എത്രത്തോളം മനോഹരമാക്കാമോ എല്ലാം മനോഹരമാക്കുന്നു. ചെളിയെല്ലാമെല്ലാം മാറ്റുന്നു. എല്ലാം വൃത്തിയാക്കുന്നു. എന്താണ് കാരണം? ഉന്നതനായ ഒരു വ്യക്തി, ഇന്ത്യൻ പ്രസിഡന്റ് നിങ്ങളുടെ

ഭവനത്തിലേയ്ക്ക് ഇതാ കടന്നുവരുന്നു. എന്തൊരു വലിയ പദവി.!

ദൈവപൈതലേ, എന്നാൽ കർത്താവായ യേശു അഖിലാണ്ഡത്തിന്റെ ഉടയവൻ, അണ്ഡകടാഹത്തെ മെനഞ്ഞവൻ, സർവ്വ പ്രപഞ്ചത്തേയും സൃഷ്ടിച്ചവൻ, സൂര്യചന്ദ്രനക്ഷത്രാദികളെ മെനഞ്ഞ് അതാതിന്റെ സ്ഥാനത്ത് ആക്കിയവൻ, ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും മെനഞ്ഞവൻ, ഈ ലോകത്തെയും ലോകാലോകങ്ങളെയും സൃഷ്ടിച്ചവൻ, നിത്യനായ ദൈവം ഇതാ ഹൃദയത്തിലേയ്ക്ക്, ഒരു പാവപ്പെട്ട മനുഷ്യന്റെ കൊച്ചു ഹൃദയത്തിലേയ്ക്ക്. എഴുന്നെള്ളണമെന്ന് പറയുന്നു. എന്തോരു പദവിയാണ്. അവനു വേണ്ടി നിങ്ങളുടെ ഹൃദയത്തിലേയ്ക്കുള്ള വഴി നിരപ്പാക്കിയോ? നിങ്ങളുടെ പാത നിരപ്പാക്കിയോ? വഴി നിങ്ങൾ വെടിപ്പാക്കിയോ? നിങ്ങൾ യേശുക്രിസ്തുവിന് കടന്നു വരുവാൻ നിങ്ങൾ നിങ്ങളുടെ ഹൃദയം ഒരുക്കിയോ?

പ്രിയപ്പെട്ടവരേ, ചിന്തിക്കൂ. കർത്താവ് കാനാവിലേയ്ക്ക് എഴുന്നെള്ളി. കാനാവിലെ കല്യാണവീട്ടിലേയ്ക്ക് കർത്താവിനെ ക്ഷണിച്ചു. കർത്താവ് ആ ഭവനത്തിലേയ്ക്ക് കടന്നുചെന്നു. ഇന്ന് ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ ഓരോരുത്തരും ശ്രദ്ധിക്കുവിൻ. നിങ്ങളുടെ ഹൃദയം ക്രസ്തുവിന് തുറന്നുകൊടുക്കവിൻ. ഹൃദയത്തെ ഒരുക്കുവിൻ. അവിടെ വേണ്ടാത്തതെല്ലാം, എല്ലാമെല്ലാം ചികഞ്ഞെടുത്ത് എറിഞ്ഞു കളയുവിൻ.

വെറിക്കൂത്തുകളും മദ്യപാനാസക്തികളും, സിനിമക്കമ്പങ്ങളും, എല്ലാ തിന്മകളും, ദുഷ്ടതകളും, വഴക്കുകളും, കോപാക്രാന്തമായ ജല്പനങ്ങളും, ക്രൂദ്ധിച്ച്

കോപിച്ച് ജ്വലിച്ച് ഗർജ്ജിക്കുന്ന അട്ടഹസിക്കുന്ന വാക്കുകളും, നിങ്ങളുടെ വീട്ടിലെ വഴക്കുകളും, പിണക്കങ്ങളും, നിങ്ങളുടെ കുടുംബത്തിലുള്ളതായ അലോഹ്യങ്ങളും, അലോസരങ്ങളും, വേണ്ടാത്ത ബന്ധങ്ങളും, അഴുക്കു വികാരങ്ങളും, മലിന ചിന്തകളും, മ്ലേച്ഛമോഹങ്ങളും, പ്രിയപ്പെട്ടവരേ, എന്തെല്ലാമെന്തെല്ലാം അഴുക്കായി കിടക്കുന്നു, എല്ലാമെല്ലാം എടുത്തുകളയുവിൻ. വേഗം വഴി നിരപ്പാക്കുവിൻ. രക്ഷകന് വഴിഒരുക്കുവിൻ, അവന്റെ പാത നിങ്ങൾ നിരപ്പാക്കുവിൻ. കുഴികളെല്ലാം നികത്തുവിൻ. കുണ്ടുകളെല്ലാം നികത്തി നേരെയാക്കുവിൻ. വളഞ്ഞ വഴികളെ ചൊവ്വാക്കുവിൻ. എല്ലാ ദുർഘടങ്ങളും മാറ്റുവിൻ. രാജാധിരാജൻ എഴുന്നെള്ളട്ടെ.

ഇരുപത്തിനാലാം സങ്കീർത്തനത്തിൽ നാം ഇങ്ങനെയാണ് വായിക്കുന്നത്.

> "വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ. പണ്ടേയുള്ള കതകുകളെ, ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ."
>
> സങ്കീ. 24:9

യുദ്ധവീരനായ ദൈവം കടന്നുവരട്ടെ. മഹത്വത്തിന്റെ രാജാവ് പ്രവേശിക്കുവാൻ നിന്റെ ഭവനത്തെ നീ ഒരുക്കുവിൻ. നിന്റെ ഭവനത്തിലേയ്ക്ക് നീ യേശുവിനെ ക്ഷണിക്കുവിൻ.

ദൈവപൈതലേ യേശുവിനെ നീ വിളിക്കുമെങ്കിൽ യേശു നിന്റെ ഭവനത്തിലേയ്ക്ക് വരും. യേശു നിന്റെ ഭവനം വിശുദ്ധമാക്കും. യേശു നിന്റെ ഹൃദയം സംശുദ്ധമാക്കും. യേശു നിന്റെ ജീവിതം ധന്യമാക്കും. യേശു നിന്റെ ഭാവി

ശോഭനമാക്കും. യേശു നിന്റെ സന്തതികളെ അനുഗ്രഹിക്കും. യേശു നിന്റെ തലമുറകളെ അനുഗ്രഹിക്കും. യേശു നിന്റെ രോഗം മാറ്റും. യേശു നിന്റെ കടത്തിന് ഒരു പൊറുതിതരും. യേശു നിന്റെ പ്രശ്നത്തിന് ഒരു പരിഹാരം തരും. യേശു നിന്നെ അനുഗ്രഹിക്കും.

യേശുവിന്റെ കൈകളിലേയ്ക്ക് നിന്നെ ഏല്പിച്ചുകൊടുക്കാൻ നിനക്ക് മനസ്സോ? യേശുവിനോട് പുതിയ വാക്കു നീ പറയുമോ?

എനിക്കുവേണ്ടി ക്രൂശിൽ മരിച്ച യേശുവേ, എനിക്കു വേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയ യേശുവേ, എനിക്കു വേണ്ടി ക്രൂശിൽ പിടഞ്ഞ് കൊള്ളക്കാരുടെയും കള്ളന്മാരുടെയും മദ്ധ്യത്തിൽ ഒരു കൊലപ്പുള്ളിയെപ്പോലെ ക്രൂശിക്കപ്പെട്ട യേശുവേ, കുറ്റമില്ലാത്ത രക്തം എനിക്കുവേണ്ടി ചിന്തിയ രക്ഷകാ, ഇതാ ഞാൻ എന്നെത്തന്നെ നിനക്ക് തരുന്നു. എന്റെ ഹൃദയത്തിൽ വാഴണമെ, എന്റെ ഹൃദയത്തിൽ വസിക്കണമെ, എന്നിൽ വാഴണമെ, എന്നെ വിശുദ്ധീകരിക്കണമെ, എന്നെ നിന്റേതാക്കി മാറ്റണമെ.

ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും എന്ന് ദൈവത്തിന് വാക്കുകൊടുപ്പിൻ. ദൈവത്തിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

## ആറ്

"മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി, യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു.യേശുവിനേയും ശിഷ്യന്മാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു."

യോഹ 2 : 1–2

കാനാവിലെ കല്യാണവീട്ടിൽ കർത്താവായ യേശുക്രിസ്തു പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയ മഹാത്ഭുതം, കർത്താവായ യേശുക്രിസ്തു മനുഷ്യജീവിതത്തെ രൂപാന്തരപ്പെടുത്തുന്നവനാണ്. തണുത്തുറഞ്ഞ ജീവിതത്തിന് പുതു കാന്തിയും നവോന്മേഷവും പകർന്നു തരുന്നവനാണ് കർത്താവായ യേശുക്രിസ്തു. കർത്താവായ യേശുക്രിസ്തു തളർന്നുപോയ ജീവിതത്തെ ഉണർത്തുന്നവനാണ്. കർത്താവായ യേശുക്രിസ്തു തകർന്നു പോയ ജീവിതത്തെ

പുതുക്കിപ്പണിയുന്നവനാണ്. കർത്താവായ യേശുക്രിസ്തു ഉടഞ്ഞുപോയ പാത്രത്തെ പുതുക്കി മെനയുന്നവനാണ്. കർത്താവായ യേശു ക്രിസ്തു തകർന്ന് ഉലഞ്ഞ് നശിച്ച് താറുമാറായിപ്പോയ ജീവിതത്തെ ശോഭനവും മനോഹരവും ഐശ്വര്യ പൂർണ്ണവുമാക്കി മാറ്റുന്നവനാണ്. യേശു ക്രിസ്തു രൂപാന്തരം വരുത്തുന്നവനാണ്.

യേശുക്രിസ്തു പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റി. കാനാവിലെ കല്യാണ വീട്ടിൽ ആ മഹാത്ഭുതം നടന്നതിനു കാരണം യേശുവിനെ ക്ഷണിച്ചു എന്നതാണ്.

യേശുവിനെ ക്ഷണിച്ചു. യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു. കർത്താവായ യേശുക്രിസ്തുവിനെ ഒരു വീട്ടിലേയ്ക്ക് ക്ഷണിച്ചാൽ അവിടെ ഐശ്വര്യമാണ്. യേശുക്രിസ്തുവിനെ ഹൃദയത്തിലേയ്ക്ക് ക്ഷണിച്ചാൽ അത് ഐശ്വര്യമാണ്.

യേശുക്രിസ്തുവിനെ ജീവിതത്തിലേക്ക് സ്വീകരിക്കുന്നത് ഭാഗ്യമാണ്. യേശുക്രിസ്തുവുള്ള ജീവിതം ശോഭനമാണ്. ഒരു ചിന്തകൻ പറഞ്ഞു.

“ With Christ I am a Hero and Without Christ I am a Zero.”

യേശുക്രസ്തുവിനോടുകൂടെ ഞാൻ ആണെങ്കിൽ ഞാൻ ഒരു വീരപുരുഷനാണ്. ക്രിസ്തുവിനെ കൂടാതിരിക്കുന്നു എങ്കിൽ ഞാൻ കേവലം പൂജ്യമാണ്.

ജീവിതം അർത്ഥവത്താകണമെങ്കിൽ ക്രിസ്തു ഹൃദയത്തിലേയ്ക്ക് കടന്നു വരണം. ജീവിതം ശോഭനമാകണമെങ്കിൽ ക്രിസ്തു ജീവിതത്തിലേയ്ക്ക് വരണം. ക്രിസ്തുവുള്ള ജീവിതം ധന്യമാണ്.

കാനാവിലെ ആ വിരുന്നുവീട്ടിൽ യേശുവിനേയും ശിഷ്യന്മാരെയും ക്ഷണിച്ചു. യേശുവിന്റെ അമ്മയും അവിടെ ഉണ്ടായിരുന്നു. യേശുവിന്റെ അമ്മക്ക് ചാർച്ചയുള്ള ഒരു വീടായിരുന്നു ആ കല്യാണവീട്. അമ്മ അവിടെ നിർണ്ണായകമായ ചുമതലാബോധത്തോടെ നിർവ്വഹിക്കുന്ന ചില കാര്യങ്ങൾ നമുക്ക് ശ്രദ്ധിച്ചാൽ കാണാൻ കഴിയും.

ആ വീട്ടിൽ, ആ കല്യാണ വിരുന്നിൽ ഒരാവശ്യം വന്നപ്പോൾ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതും അത് എടുത്ത് പറയുന്നതും യേശുവിന്റെ അമ്മയാണ്. വിശുദ്ധ കന്യക മാതാവ് ആ വീട്ടിലെ ഒരു ആവശ്യത്തിൽ ഹൃദയംഗമമായി ഭാഗഭാക്കാകുന്നത് നമുക്ക് കാണുവാൻ സാധിക്കും.

യേശുക്രിസ്തുവിനേയും യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെയും യേശുക്രിസ്തുവിന്റെ വിശുദ്ധന്മാരെയും ഭവനത്തിലേക്ക് കൈക്കൊള്ളാൻ കഴിയുന്നത് എത്രയോ ഭാഗ്യകരമായ ഒരു അനുഭവം!

അവിടെ വീഞ്ഞ് പോരാതെ വന്ന ഒരു വിഷമ സന്ധി ഉളവായി. വീഞ്ഞ് പോരാതെവന്നു. യഹൂദന്മാർക്ക് വിവാഹ വേളയിൽ വീഞ്ഞ് കൂടിയേ തീരൂ, അത് നിർബന്ധമുള്ള ഒരു വസ്തു ആണ്. വീഞ്ഞ് വിളമ്പിയില്ലെങ്കിൽ ആ വിവാഹവിരുന്ന് പൂർണ്ണമല്ല എന്നാണ് യഹൂദന്മാർ കണക്കാക്കുന്നത്.

അവിടെ രണ്ടു മൂന്നു പന്തിയിൽ വീഞ്ഞ് വിളമ്പി. പക്ഷേ വീഞ്ഞ് ഇതാ തീർന്നു പോയി. അവിടെ വീട്ടുകാരൻ അങ്കലാപ്പിലായി. കലവറക്കാരൻ വലിയ ആവലാതിയിലായി. മണവാളനും ആ ദു:ഖത്തിലും പ്രയാസത്തിലും വേദനപ്പെട്ട്,

ഹൃദയം അലങ്കോലമായി വിഷമിച്ചു. ആകെ ചുമതലപ്പെട്ടവർക്ക് എല്ലാവർക്കും ഒരു അസ്വസ്ഥത. ആ സമയത്ത് കർത്താവിന്റെ അമ്മ, വിശുദ്ധ കന്യക മാതാവ് ആ പ്രതിസന്ധി മനസ്സിലാക്കി യേശുവിന്റെ അരികത്ത് വന്നു പറഞ്ഞു: "അവർക്ക് വീഞ്ഞില്ല" എന്ന്. വിശുദ്ധ മാതാവിന് അറിയാം, പ്രശ്നം യേശുവിന്റെ അരികത്ത് കൊണ്ടു വന്നാൽ പ്രശ്നത്തിന് ഒരു പരിഹാരം ലഭിക്കുമെന്ന്.

എന്നാൽ യേശു അതിന് മറുപടിയായി പറഞ്ഞവാക്ക് അല്പം ഉത്സാഹം കെടുത്തുന്നതാണ്. അല്പം മനം മടുപ്പിക്കുന്നതാണ്.

> "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്ന് പറഞ്ഞു."
>
> യോഹ. 2:4

"സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത് " ഇംഗ്ലീഷ് ബൈബിളിൽ ആ വാക്യം "What have I to do with thee?" എന്നാണ്. ഇതിൽ നാം എന്തുചെയ്യാനാണ്? നമുക്കൊരുമിച്ച് ഇക്കാര്യത്തിൽ എന്തെങ്കിലും പ്രവർത്തിക്കേണ്ട ആവശ്യം ഇല്ലല്ലോ. "What have I to do with thee?" ഇതിൽ എന്താണ് നമുക്ക് ഇടപെടേണ്ട ആവശ്യം എന്ന് അല്പം നിരുത്സാഹപ്പെടുത്തുന്ന വാക്കാണ് യേശുവിൽ നിന്ന് വന്നത്.

"പക്ഷേ മാതാവ് ഉത്സാഹം കെട്ടുപേകാതെ, എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" എന്ന് കേട്ടിട്ടും തളരാതെ, അവിടെ ശുശ്രൂഷക്കാരനോട്:

"അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ" എന്നുപറഞ്ഞു.

യോഹ 2:5

അവിടെ ആറ് കല്പാത്രം ഉണ്ടായിരുന്നു. ആ കല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്ന് യേശു പറഞ്ഞതുകേട്ട് അനുസരിച്ച് വക്കോളവും ആ കല്പാത്രങ്ങളിൽ വെള്ളം നിറച്ചു.

"ഇപ്പോൾ കൊണ്ടുപോയി വിരുന്നുവാഴിക്ക് കൊടുപ്പിൻ" എന്ന് യേശു പറഞ്ഞു. അവർ കൊണ്ടുപോയി കലവറ വിചാരിപ്പുകാരന്റെ കയ്യിൽ എത്തിച്ചു. വിരുന്നുവാഴി അത് രുചിച്ചു നോക്കിയപ്പോൾ അത് മേൽത്തരം വീഞ്ഞാണെന്ന് മനസ്സിലായി. അത് വെള്ളമായിരുന്നു എന്നോ ഒരത്ഭുതം സംഭവിച്ച് വീഞ്ഞായിത്തീർന്നതാണ് എന്നോ വിരുന്നുവാഴി അറിഞ്ഞില്ല. വെള്ളം കോരിയ ശുശ്രൂഷക്കാരൻ മാത്രമേ ആ പാത്രത്തിൽ നിറച്ചത് വെള്ളമാണ് എന്ന് അറിഞ്ഞുള്ളൂ.

വിരുന്നുവാഴി രുചിച്ചുനോക്കിയതിന് ശേഷം പറഞ്ഞു.

"എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ച ശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവെച്ചുവല്ലോ."

യോഹ. 2:10

മേൽത്തരം വീഞ്ഞായി മാറി പച്ചവെള്ളം. യേശു ഈ ചെയ്ത അത്ഭുതം വളരെയേറെ അനുഗൃഹീതമായ പാഠങ്ങൾ നമുക്ക് നൽകുന്നുണ്ട്. ശ്രേഷ്ഠമായ അനുഭവങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. മാതാവ് യേശുവിന്റെ അരികത്തേ

യ്ക്കു വന്ന് ആ വീട്ടിലെ പ്രശ്നം തന്റെ പ്രശ്നം പോലെ ഏറ്റെടുത്തു പറഞ്ഞത്, അത് അനുഗ്രഹത്തിന് മുഖാന്തരമായി തീർന്നു.

യേശുവിന്റെ അരികിലേയ്ക്ക് പ്രശ്നം എത്തിക്കുക, അത് ഒരു നിസ്സാര കാര്യമല്ല.

“Call upon me in the day of your trouble, I will deliver thee, and thou shalt glorify my name” എന്ന് സങ്കീർത്തനത്തിൽ ഒരു വാക്യമുണ്ട്.

> ‘‘നിന്റെ കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.”
>
> സങ്കീ. 50:15

ആവശ്യഭാരങ്ങളിൽ വലയുമ്പോൾ, പ്രതിസന്ധികളിൽ ഉലയുമ്പോൾ, പ്രശ്നങ്ങളിൽ നട്ടം തിരിയുമ്പോൾ, ഓടി വരുവിൻ, ക്രിസ്തുവിൻ പാദത്തിലേയ്ക്ക്.

പ്രിയ സ്നേഹിതരേ, ഓരോരുത്തരും ഈ വാക്കുകളെ വായിക്കുമ്പോൾ താന്താങ്ങളുടെ ആവശ്യവുമായി യേശുവിന്റെ തിരുമുഖത്തേയ്ക്ക് ഒന്നു നോക്കുവിൻ. താന്താങ്ങളുടെ ഭാരങ്ങളുംപേറി യേശുവിന്റെ പാദപീഠത്തിലേക്ക് ഒന്നുവരുവിൻ. യേശുവിനോട് പ്രാർത്ഥിപ്പിൻ.

പ്രാർത്ഥന കേൾക്കുന്ന ദൈവം, കണ്ണുനീരു കാണുന്ന ദൈവം, അങ്കലാപ്പുകൾ അകറ്റുന്ന ദൈവം, പ്രതിസന്ധികൾക്ക് പ്രശ്ന പരിഹാരം തരുന്ന ദൈവം,

സമാധാനം പ്രദാനം ചെയ്യുന്ന ദൈവം, കർത്താവായ യേശുക്രിസ്തു കാരുണ്യക്കടലാണ്.

നമുക്ക് ഇപ്പോൾ നമ്മുടെ ഹൃദയത്തെ അലട്ടുന്ന പ്രശ്നങ്ങളും പേറി യേശുവിന്റെ അരികിലേയ്ക്ക് വരാം. നമ്മുടെ ആവശ്യങ്ങൾ ഒന്നൊന്നായി യേശുവിന്റെ തിരുമുൻപാകെ ഉണർത്താം. യേശുവിനോട് എല്ലാം അറിയിക്കാം. നാഥാ, ഇന്നിന്നകാര്യങ്ങളിൽ എന്റെ മനസ്സ് പുകഞ്ഞുകൊണ്ടിരിക്കുന്നു, ആകുലപ്പെട്ടുകൊണ്ടിരിക്കുന്നു. ആവലാതി പൂണ്ടിരിക്കുന്നു. ഇന്നിന്നകാര്യങ്ങളിൽ എന്റെ ഹൃദയം ഭാരപ്പെട്ടിരിക്കുന്നു. ഞാൻ ആകുലപ്പെട്ടിരിക്കുന്നു.

എന്റെ ദൈവമേ, എനിക്കിതിനൊരു പരിഹാരം തരണമേ, ദൈവജനമേ, പ്രാർത്ഥിപ്പിൻ, കർത്തൃ പാദങ്ങളിലേയ്ക്ക് ആവശ്യഭാരങ്ങളും പേറി വരുവിൻ. ചുമുടുകൾ എടുത്തു കൊണ്ടു വരുവിൻ. ചുമടുകൾ യേശുവിന്റെ പാദപീഠത്തിൽ ഇറക്കി വയ്ക്കുവിൻ.

പ്രശ്നത്തിന് പരിഹാരം ക്രിസ്തു തരും, സമാധാനം ക്രിസ്തു തരും, മുന്നോട്ടുള്ള ഗതി ക്രിസ്തു തരും. ശാന്തിയും സ്വസ്ഥതയും ക്രിസ്തു തരും, നമുക്കു മുന്നോട്ടുള്ള പോംവഴി കർത്താവ് കണിച്ചുതരും, അടഞ്ഞ വാതിലുകൾ തുറക്കും, അത്ഭുതങ്ങൾ ക്രിസ്തു നിർവ്വഹിക്കും, ചെങ്കടൽപിളർന്നവന് അതിശയങ്ങൾ പ്രവർത്തിക്കുവാൻ എന്താണ് തടസ്സം? യോർദ്ദാൻ വറ്റിച്ചവന് അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ എന്താണ് വൈമുഖ്യം? ഇല്ലാ യേശു പ്രവർത്തിക്കും.

ആവശ്യഭാരങ്ങളും പേറി വരുന്നവരുടെ ആവശ്യങ്ങൾ ഏറ്റെടുത്തു നടത്തി തരുന്ന ക്രിസ്തു ഇന്നും ജീവിക്കുന്നു.

ദൈവപൈതലേ, ക്രിസ്തുവിന്റെ സന്നിധിയിൽവന്നു പ്രർത്ഥിപ്പിൻ, യാചിപ്പിൻ, ക്രിസതുവിന്റെ കരുണയ്ക്കായി യാചിപ്പിൻ, ക്രിസ്തുവിനോട് ഹൃദയം പകർന്ന് നിലവിളിപ്പിൻ.

നാഥാ അനുഗ്രഹിക്കണമേ, മനസ്സലിയണമേ, കരുണതോന്നണമേ, കൃപ തരണമേ, എന്നെ അവിടത്തെ കൃപയുടെ കരംവച്ച് ആശീർവദിക്കണമേ. പ്രർത്ഥിപ്പിൻ, നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. ദൈവനാമം മഹത്വപ്പെടട്ടെ.

# ഏഴ്

"യേശു അവളോട്, സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതു വരെ വന്നിട്ടില്ല എന്ന് പറഞ്ഞു."

യോഹ 2 : 4

യേശു സ്വന്തം മാതാവിനോട് പറയുന്ന വാക്കാണ് ഈ വാക്യം. സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത് എന്ന് പറഞ്ഞു. മലയാള പരിഭാഷ അത്രയ്ക്ക് പൂർണമല്ല, തികവുറ്റതല്ല, "What have I to do with thee" എന്നാണ് ഇംഗ്ലീഷ് ബൈബിളിൽ.

സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്? ഇതിൽ നാം ഇടപെടേണ്ട ആവശ്യം ഉണ്ടോ? ഇതിൽ ഞാനും നീയും അത്ര ബദ്ധപ്പെട്ടു ഉത്സഹിക്കേണ്ട കാര്യം ഉണ്ടോ? എന്ന അർത്ഥത്തിലുള്ള ഒരു പ്രയോഗമാണ് "What have I to do with thee" എന്ന് യേശു പറഞ്ഞവാക്യം. "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്?"

തമ്മിൽ എന്ന പദം മലയാള പരിഭാഷയിൽ നിന്നു മാറ്റിയാലും ഏതാണ്ട് അർത്ഥം വ്യക്തമാകും, സ്ത്രീയേ, എനിക്കും നിനക്കും എന്ത്? ഇതിൽ നാം എന്തെങ്കിലും പ്രവർത്തിക്കേണ്ടതുണ്ടോ? ഇതിൽ നാം അത്ര ഉത്സാഹിക്കേണ്ട ആവശ്യം ഉണ്ടോ? മടുപ്പിക്കുന്ന വാക്കാണ് യേശു പറഞ്ഞത്.

ആ വീട്ടിൽ, വിരുന്നിൽ, അത്യന്താപേക്ഷിതമായ ഒരു കാര്യം ഇല്ലെന്നു വന്നപ്പോൾ മാതാവ് അക്കാര്യം യേശുവിനെ ബോധിപ്പിച്ചു. യേശുവിന്റെ അരികിലേയ്ക്ക് ആവശ്യം ബോധിപ്പിച്ചു മാതാവ് സംസാരിച്ചു.

എന്നാൽ യേശുവിൽ നിന്നു വന്ന പ്രതികരണം അത്ര അനുകൂലമല്ലായിരുന്നു.

പലപ്പോഴും യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിൽ കാണാൻ സാധിക്കുന്ന ഒരു വലിയ യാഥാർത്ഥ്യമാണ്. മത്തായിയുടെ സുവിശേഷം പതിഞ്ചാം അദ്ധ്യായത്തിൽ ഇരുപത്തി ഒന്നാം വാക്യം മുതലുള്ള ഏതാനും വാക്യങ്ങളും, മർക്കോസിന്റെ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ ഇരുപത്തിനാലുമുതലുള്ളതായ ഏതാനും വാക്യങ്ങളും നാം വായിക്കുമ്പോൾ ഒരു സംഭവം നമുക്ക് കാണുവാൻ സാധിക്കും.

ഒരു കനാന്യസ്ത്രീ യേശുവിന്റെ അരികത്ത് വന്ന് വളരെ സങ്കടത്തോടെ ആവലാതി പൂണ്ടു തന്റെ മകളുടെ ഭൂതബാധയെക്കുറിച്ചു, രോഗബാധയെക്കുറിച്ച് യേശുവിനെ ബോധിപ്പിച്ചു. പക്ഷേ, യേശു അവളോട് ആദ്യം മറുപടി ഒന്നും പറയുന്നതായി കാണുന്നില്ല. ആദ്യം യേശുവിന്റെ പ്രതികരണം അനുകൂലമല്ലെന്നു തോന്നിയാലും വിശ്വാസത്തോടെ

ധൈര്യത്തോടെ മടുപ്പില്ലാതെ അല്പം പോലും തളരാതെ യേശുവിന്റെ അരികത്തു നിന്നു പ്രാർത്ഥിച്ചാൽ, യാചിച്ചാൽ, മുട്ടിപ്പായി ക്രിസ്തുവിന്റെ കരുണയ്ക്കായി യാചിച്ചാൽ അനുഗ്രഹം ലഭിക്കും എന്നത് ഒരു വലിയ വസ്തുതയാണ്. അതാണ് നാം ആ കനാന്യസ്ത്രീയുടെ യാചനയിൽ കാണുന്നത്.

കനാന്യസ്ത്രീ വന്നു, യേശുവും ശിഷ്യന്മാരും നടന്നു പോവുകയാണ്. സോർ, സീദോൻ പ്രദേശങ്ങളിലൂടെ നടന്നുപോകുമ്പോൾ ആ ദേശക്കാരിയായ ഒരു കനാന്യസ്ത്രീ വന്നു യേശുവിന്റെ പിറകേ നടന്നു.

"കർത്താവേ, ദാവീദ് പുത്രാ എന്നോടു കരുണ തോന്നണമേ. എന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായിരിക്കുന്നു" എന്ന് നിലവിളിച്ച് പറഞ്ഞു . അവൻ അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല.

ആവശ്യക്കാരിയായി കരഞ്ഞുകൊണ്ടു യാചിക്കുന്ന ആ പാവം സ്ത്രീയോട് ഒരു വാക്കും യേശു പറഞ്ഞില്ല. യേശു കേട്ടഭാവം കാണിച്ചില്ല. യേശു നടന്നു നീങ്ങിക്കൊണ്ടിരുന്നു. അവൾ പിറകെ കരഞ്ഞുകൊണ്ട് പിൻചെന്നു. അത് ഒരു അസഹ്യത എന്നോണം ശിഷ്യന്മാർ യേശുവിനോട് പറഞ്ഞു.

> "അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചു കൊണ്ടു വരുന്നു. അവളെ പറഞ്ഞയയ്ക്കേണമേ"
>
> മത്തായി 15:23

ഉടനെ യേശു ശിഷ്യന്മാരോട് പറഞ്ഞു.

"യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ

ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയിച്ചിട്ടില്ല” എന്ന് ഉത്തരം പറഞ്ഞു.

മത്തായി 15:24

ആ സ്ത്രീ യേശുവിന്റെ പിറകേ കരഞ്ഞുകൊണ്ട് വരുമ്പോൾ അവളോട് ഒരക്ഷരം മിണ്ടയില്ലെങ്കിലും ശിഷ്യന്മാരോട് പറഞ്ഞു. ഇവൾ പുറജാതിയാണ്, ഇവൾ അന്യജാതിക്കാരിയാണ്, ഇവൾ കനാന്യ സ്ത്രീയാണ്, ഇവൾ സുറൊഫൊയിക്യ ജാതിയിലുള്ള ഒരു സ്ത്രീയാണ്. ഇവളുടെ കാര്യത്തിൽ എനിക്ക് പ്രവർത്തിക്കേണ്ട ആവശ്യം ഇല്ല എന്ന അർത്ഥം സ്ഫുരിക്കുമാറ് യേശു മടുപ്പിക്കുന്ന വാക്കുകൾ പറഞ്ഞു. അവളെ ഒരു വിധത്തിൽ ഒഴിവാക്കാനാണ് ശിഷ്യന്മാരോട് പറഞ്ഞത്. യേശുവിന്റെ വാക്കുകേട്ടാൽ അവൾ ഒഴിവായിപ്പോകാവുന്നതുമാണ്. പക്ഷേ നാം വായിക്കുന്നു, പോകേണ്ടവൾ, പോകുമായിരുന്നവൾ തളർന്നില്ല, മടുത്തില്ല.

ആ റോഡിൽ അവൾ മുന്നോട്ട് വന്നു യേശുവിന്റെ കാൽക്കൽവീണു യേശുവിനെ നമസ്കരിച്ചുകൊണ്ടു പറഞ്ഞു.

“കർത്താവേ എന്നെ സഹായിക്കേണമേ.”

മത്തായി 15 : 25

മടുപ്പുകൂടാതെ അങ്ങനെ പറഞ്ഞപ്പോൾ യേശു അവളോട് പറഞ്ഞു.

“മക്കൾക്കുള്ള അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് വിഹിതമല്ല’’

എന്ന്.

മത്തായി 15:26

അവളെ ഒരു നായ ആയിട്ടും അവളുടെ മക്കളെ നായ്ക്കുട്ടിയായിട്ടും യേശു ചിത്രീകരിച്ചപ്പോൾ ഏതൊരു മനുഷ്യനും നിരാശ വരാം. മനസ്സിൽ അമർഷം വരാം, പരിഭവം വരാം, പരാതി വരാം, പിറുപിറുപ്പ് വരാം, ഇഷ്ടക്കേട് വരാം, മുഷിച്ചിലു തോന്നാം.

"അതേ കർത്താവേ," അവൾ പറയുന്നു "അതേ കർത്താവേ, Yes lord" അവൾക്ക് മടുപ്പില്ല, അവൾക്ക് നിരാശയില്ല, അവൾക്ക് തളർച്ചയില്ല, അവൾക്ക് പരിഭവമില്ല.

"അതേ കർത്താവേ, നായ്ക്കുട്ടികളും മേശക്കു കീഴെ നിന്നു വീഴുന്ന അപ്പനുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്ന് അവൾ പറഞ്ഞു.

ഉടമസ്ഥന്റെ മക്കൾ തിന്നതിനു ശേഷുള്ള എച്ചിൽ കഷണങ്ങൾ താഴെ വീഴുന്നത്, എച്ചിൽ പെറുക്കി ദൂരെ എറിയുന്നത്, എല്ലാം തൂത്തുവാരി എറിയുന്ന എച്ചിൽ, നായ്ക്കുട്ടികൾ തിന്നുന്നുണ്ടല്ലോ. മക്കളുടെ വിശപ്പ് മാറിയതിനു ശേഷമുള്ള ആ ബാക്കി എച്ചിൽ, മക്കൾക്ക് വേണ്ടാതെ പുറത്ത് കളയുന്നത് നായ്ക്കുട്ടികൾ തിന്നുന്നുണ്ടല്ലോ, അതുപോലെ തന്നാൽ മതി കർത്താവേ, എന്ന് അവൾ എളിമപ്പെട്ടു. അവൾ മടുത്തുപോകാതെ വിനയ പൂർവ്വം താണു അവൾ യാചിച്ചു.

ആദ്യത്തെ വാക്കുകളും ആദ്യത്തെ പ്രതികരണങ്ങളും അനുകൂലമല്ലെന്ന് തോന്നാം. എന്നാൽ മടുത്തു പോകാതെ നിന്നു പ്രാർത്ഥിച്ചപ്പോൾ യേശു അവളുടെ വിശ്വാസം കണ്ടു,

യേശു പറഞ്ഞു.

> “സ്ത്രീയേ നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ എന്ന് ഉത്തരം പറഞ്ഞു. ആ നാഴിക മുതൽ അവളുടെ മകൾക്ക് സൗഖ്യം വന്നു.”
>
> മത്തായി 15 : 28

ആ നിമിഷം ഭുതബാധയുള്ള പെൺകുട്ടിക്ക് സൗഖ്യം വന്നു. ഭൂതം അവളെ വിട്ട് അവൾ സുബോധമുള്ളവായി തീർന്നു.

യേശുക്രിസ്തുവിന്റെ സന്നിധിയിൽ വന്ന് വിശ്വാസത്തോടെ യാചിച്ചുട്ടുള്ള ആരും നിരാശയോടെ മടങ്ങിപ്പോകേണ്ടി വന്നിട്ടില്ല. മടുത്തുപോകാതെ പ്രർത്ഥിച്ചിട്ടുള്ള ആരും തളർന്ന്പോയിട്ടില്ല നിരാശപ്പെടേണ്ടി വന്നിട്ടില്ല. മടുത്തുപോകാതെ തളർന്നുപോകാതെ പ്രാർത്ഥിച്ചു യാചിച്ചിട്ടുള്ള എല്ലാവരും അനുഗ്രഹം പ്രാപിച്ചേ മടങ്ങിയിട്ടുള്ളൂ.

യേശുക്രിസ്തു മനുഷ്യന്റെ ഹൃദയത്തിന്റെ ദാഹം കാണുന്നവനാണ്. യേശുക്രിസ്തു മനുഷ്യന്റെ ഉള്ളത്തിന്റെ വിശ്വസം കാണുന്നവനാണ്

> “സ്ത്രീയേ നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ”
>
> മത്തായി 15:28

ഭൂതോപദ്രവം കഠിനമായിരുന്ന സ്ത്രീയുടെ വിശ്വാസം വലിയതായിരുന്നു. ഭൂതോപദ്രവം കഠിനമാണോ? വിശ്വാസം

വലിയതാവട്ടെ. നിന്റെ ജീവിതത്തിൽ ക്രിസ്തുവിലുള്ളതായ വിശ്വാസം ഉണ്ടോ? നിന്റെ ജീവിതത്തിൽ ക്രിസ്തുവിലുള്ള തായ ശരണം ഉണ്ടോ? ക്രിസ്തുവിലുള്ളതായ ആശ്രയം ഉണ്ടോ? മടുത്തുപോകാതെ, മടുപ്പിക്കുന്ന വാക്കുകൾ കേട്ടാലും തളർന്നുപോകതെ, തളർത്തുന്ന പ്രതികരണത്തിന്റെ മുന്നിലും പതറിപ്പോകാതെ, പരിഭവം വരാതെ, അമർഷം പൂണ്ടു പിന്മറിപ്പോകാതെ, യാചിച്ചു യാചിച്ചു കരുണ ലഭിക്കുവോളം നിൽക്കാൻ നിനക്കു മനസ്സുണ്ടോ?

സങ്കീർത്തനക്കാരൻ പാടി,

> "സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്കലേക്ക് ഞാൻ എന്റെ കണ്ണ് ഉയർത്തുന്നു. ദാസന്മാരുടെ കണ്ണ് യജമാനന്റെ കയ്യിലേയ്ക്കും ദാസിയുടെ കണ്ണ് യജമാനത്തിയുടെ കയ്യിലേയ്ക്കും എന്നപോലെ ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേയ്ക്കു, അവൻ ഞങ്ങളോട് കൃപചെയ്യുവോളം നോക്കി ക്കൊണ്ടിരിക്കുന്നു.
>
> സങ്കീ. 123:1–2

അവൻ ഞങ്ങളോട് കൃപചെയ്യുവോളം നോക്കി ക്കൊണ്ടിരിക്കുന്നു. സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത് എന്ന വാക്കുകേട്ട് മടുത്തുപോകാതെ കൃപചെയ്യുവോളം നോക്കിക്കൊണ്ടിരുന്നതിനാൽ പച്ചവെള്ളം വീഞ്ഞായി മാറി.

നിങ്ങൾ ഈ വാക്കുകൾ വായിക്കുമ്പോൾ ഓരോരുത്തരും മടുത്തുപോകാതെ പ്രാർത്ഥിപ്പാൻ

തീരുമാനമെടുക്കുവിൻ. ദൈവസന്നിധിയിൽ അഭയയാചന ചെയ്ത് കർത്താവിൽ നിന്ന്  മറുപടി കിട്ടുന്നതുവരേയും മുട്ടിപ്പായി പ്രാർത്ഥിപ്പാൻ നിങ്ങളുടെ ഹൃദയം സമർപ്പിക്കുവിൻ. തളർന്നുപോകാതെ, ക്ഷീണിച്ചുപോകാതെ, വാടിപോകാതെ, ഉലഞ്ഞുപോകാതെ, ആടിപോകാതെ, ക്രിസ്തുവിന്റെ കരുണ ലഭിക്കുവോളം കാത്തിരുന്നു പ്രാർത്ഥിപ്പാൻ തീരുമാനമെടുക്കുവിൻ. ക്രിസ്തുവിന്റെ കരങ്ങളിൽ നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. പുതിയ പ്രതിഷ്ഠ എടുക്കുവിൻ, പുതിയ സമർപ്പണം എടുക്കുവിൻ.

നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ നീ എന്റെ സൃഷ്ടാവാകുന്നു, നീ എന്റെ കർത്താവാകുന്നു, നീ എന്റെ ഉടയവനാകുന്നു, നീ എന്റെ വീണ്ടെടുപ്പുകാരനാകുന്നു, നീ എന്റെ രക്ഷിതാവാകുന്നു, നിന്നെപ്പിരിഞ്ഞ് എനിക്ക് ജീവിതമില്ല. ഞാൻ ഇതാ നിന്റെ പാദപീഠത്തിൽ തന്നെ കെട്ടിപ്പിടിക്കുന്നു. എന്നെ അനുഗ്രഹിക്കേണമേ, എന്നെ രക്ഷിക്കേണമേ, എന്നെ കാക്കേണമേ, എന്നെ ഉണർത്തേ ണമേ. പ്രാർത്ഥിപ്പിൻ ദൈവജനമേ, ദൈവനാമം എന്നും എന്നേക്കും മഹത്വപ്പെടട്ടെ.

## എട്ട്

"യേശു അവളോട്, സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതു വരെ വന്നിട്ടില്ല" എന്ന് പറഞ്ഞു.

യോഹ. 2 : 4

എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല. യേശു വി. മാതാവിനോട് തനിക്കു പ്രവർത്തിക്കുവാനുള്ള സമയം ഇതു വരെ ആയിട്ടില്ല എന്ന് പറയുകയാണ്. എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നത്രേ യേശു പറയുന്നത്.

മാതാവിന്റെ ഹൃദയത്തിന് മടുപ്പും പ്രയാസവും വരാവുന്ന വാക്കാണ് യേശു പറഞ്ഞത്. കാര്യമായി ആ വീട്ടിൽ സഹായം ചെയ്യേണ്ട ഒരു സമയം വന്നപ്പോൾ അവിടെ പ്രവർത്തിപ്പാൻ സാധ്യമല്ല എന്നാണ് യേശു പറയുന്നത്. വീഞ്ഞ് തീർന്നുപോയി, വിരുന്നിന് വീഞ്ഞ് ഇല്ലാതെ വന്നു. അടുത്ത പന്തിയിൽ വിളമ്പുവാൻ വീഞ്ഞില്ല. എല്ലാം അലങ്കോലപ്പെടും. ഏറ്റവും വലിയ അപമാന ഭാരം

ആ വീട്ടുകാരനും മണവാളനും വരും. അത്യന്തം പ്രശ്ന സങ്കീർണ്ണമായൊരു സാഹചര്യത്തിൽ മാതാവ് ആ കാര്യം യേശുവിന്റെ അടുക്കൽ പറഞ്ഞു. യേശു പറയുന്നു എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്ന്.

എന്താണ് ഇതിന്റെ അർത്ഥം? ക്രിസ്തുവിന് പ്രവർത്തിക്കുവാനുള്ള സമയം ഇതുവരെ ആയിട്ടില്ല. എന്നാണ് പറഞ്ഞത്. ക്രിസ്തു പ്രവർത്തിക്കാൻ അത്യന്താപേക്ഷിതമായ സമയം ആഗതമായിട്ടില്ല എന്നാണ് പറഞ്ഞത്. എന്റെ നാഴിക എന്നത് യേശു പിന്നേയും പലപ്പോഴും പറയുന്നുണ്ട്. എനിക്കു പ്രവർത്തിക്കുവാനുള്ള സമയം എന്ന അർത്ഥത്തിൽ ഇവിടെ പറഞ്ഞു. ഞാൻ ഇടപെടേണ്ട അത്യന്താപേക്ഷിതമായ സമയം എന്ന അർത്ഥത്തിൽ യേശു ഇക്കാര്യം പറഞ്ഞു.

എന്നാൽ വേറെ ചില ഭാഗങ്ങളിൽ എന്റെ നാഴിക എന്നു പറയുന്നത് യേശുവിന്റെ മരണത്തെക്കുറിക്കുന്ന വാക്കാണ്. യേശു തന്റെ സഹോദരന്മാരോട് എന്റെ സമയം ഇതുവരെ വന്നിട്ടില്ല നിങ്ങൾക്കോ എല്ലായ്പോഴും സമയം തന്നേ എന്നു പറഞ്ഞു. തന്റെ പ്രിയപ്പെട്ട സഹോദരന്മാർ യേശുവിനോട് പറയുകയാണ്.

> “നീ ചെയ്യുന്ന പ്രവൃത്തികളെ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന് ഇവിടം വിട്ടു യഹൂദ്യയിലേക്കു പോക. പ്രസിദ്ധൻ ആകുവാൻ ആഗ്രഹിക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ, നീ ഇതു ചെയ്യുന്നു എങ്കിൽ ലോകത്തിന് നിന്നെതന്നെ

വെളിപ്പെടുത്തുക എന്ന് പറഞ്ഞു."

യോഹ. 7:3–4

യേശു അവരോട് :

''എന്റെ സമയം ഇതുവരെ വന്നിട്ടില്ല, നിങ്ങൾക്കോ എല്ലായ്പ്പോഴും സമയം തന്നെ."

യോഹ. 7:6

താൻ ക്രിസ്തു എന്ന് വെളിപ്പെടുത്തുവാനുള്ള സമയം ഇതുവരെ വന്നിട്ടില്ല എന്നാണ് കർത്താവ് പറഞ്ഞത്. തന്റെ മഹത്വം വെളിപ്പെടുത്തുവാനുള്ള സമയം വന്നിട്ടില്ല എന്ന് കർത്താവ് ഇവിടെ സൂചിപ്പിക്കുകയാണ്. താൻ ദൈവപുത്രനാണെന്ന്, താൻ ക്രിസ്തുവാണെന്ന് സകലരുടെയും മുൻപിൽ വെളിപ്പെടുത്തേണ്ട സന്ദർഭം ഇതുവരെയും വന്നിട്ടില്ല, എന്ന് കർത്താവ് തന്റെ സഹോദരന്മാരോട് പറയുകയാണ്.

എന്നാൽ യോഹന്നാന്റെ സുവിശേഷം എട്ടാം അദ്ധ്യായത്തിലേയ്ക്കു വരുമ്പോൾ ഇരുപതാം വാക്യത്തിൽ നാം വായിക്കുന്നു.

"അവന്റെ നാഴിക അതുവരെയും വന്നിട്ടില്ലായ്കകൊണ്ട് ആരും അവനെ പിടിച്ചില്ല."

യോഹ. 8:20

അവന്റെ നാഴിക അതുവരെയും വന്നിട്ടില്ല എന്ന് പറയുന്നത്, യേശുവിന്റെ ക്രൂശാരോഹണത്തിന്റെ സമയം അതുവരെയും വന്നിട്ടില്ല എന്ന അർത്ഥത്തിലാണ്.

യേശുവിന്റെ ശുശ്രൂഷ തീർക്കേണ്ട സമയം അതുവരെയും വന്നിട്ടില്ല എന്ന അർത്ഥത്തിലാണ്.

അവന്റെ നാഴിക അതുവരെയും വന്നിട്ടില്ലായ്കകൊണ്ട് ആരും അവനെ പിടിച്ചില്ല. വീണ്ടും വിശുദ്ധ യോഹന്നാന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം ഇരുപത്തിയേഴാം വാക്യത്തിൽ യേശു ഇങ്ങനെ പറയുകയാണ്.

"പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമേ, എങ്കിലും ഇതു നിമിത്തം ഞാൻ ഈ നാഴികയിലേയ്ക്ക് വന്നിരിക്കുന്നു" എന്ന് കർത്താവ് പറയുന്നു. പിതാവിനോട് പ്രാർത്ഥിക്കുകയാണ്.

അവിടേയും കർത്താവ് പറയുന്നത് താൻ തേജസ്ക്കരിക്കപ്പെടുവാനുള്ള നാഴിക സംബന്ധിച്ചാണ്. കാരണം, ഇരുപത്തിമൂന്നാം വാക്യത്തിൽ കർത്താവ് അന്ത്രെയോസിനോടും ഫിലിപ്പോസിനോടും പറയുന്നു.:

> "മനുഷ്യപുത്രൻ തേജസ്ക്കരിക്കപ്പെടുവാനുള്ള
> നാഴിക വന്നിരിക്കുന്നു."
>
> യോഹ. 12:23

ഇതാ, തന്റെ ഭൗതീക ജീവിത ശുശ്രൂഷ തീരാറായിരിക്കുന്നു. ഐഹീക ജീവിത വ്യാപാരകാലം അവസാനിക്കാറായിരിക്കുന്നു. തേജസ്ക്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു എന്ന് യേശു അറിഞ്ഞു. അതാണ് ക്രിസ്തു പറഞ്ഞത്.

> "മനുഷ്യപുത്രൻ തേജസ്ക്കരിക്കപ്പെടുവാനുള്ള
> നാഴിക വന്നിരിക്കുന്നു.............. പിതാവേ ഈ

നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമെ, എങ്കിലും ഇത് നിമിത്തം ഞാൻ ഈ നാഴികയിലേയ്ക്ക് വന്നിരിക്കുന്നു."

യോഹ. 12:23–27

യാതനയും പീഡയും കഷ്ടവും ദുരിതവും തന്നെ വലയം ചെയ്യുന്നത് കർത്താവ് കണ്ടു. ഭീകരമായ അപമാനങ്ങളും അവഹേളനങ്ങളും നിന്ദനങ്ങളും ദുഷികളും പഴികളും ക്രൂശിലെ പീഡയും യാതനയും വേദനയും അസഹ്യമായ ദണ്ഡനങ്ങളും എല്ലാം സംഭവിക്കുന്നത് കർത്താവ് കണ്ടു. തേജസ്ക്കരിക്കപ്പെടുവാനുള്ള നാഴിക വന്നു എന്ന് കർത്താവ് അറിഞ്ഞു.

യേശുവിന്റെ നാഴിക, കർത്താവിന്റെ സമയം – കാനാവിലെ കല്യാണവീട്ടിൽ, " എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല" എന്നു പറയുന്നത് എനിക്ക് പ്രവർത്തിക്കുവാനുള്ള സമയം ആയിട്ടില്ല എന്ന അർത്ഥത്തിലാണ്. കർത്താവായ യേശുവിന് പ്രവർത്തിക്കുവാനുള്ള സമയം ആയിട്ടില്ല എന്ന് പറയുന്നത് കേട്ടു കന്യക മാതാവ് മടിച്ചില്ല. ഏത് സമയവും കർത്താവ് പ്രവർത്തിക്കും, എപ്പോൾ വേണമെങ്കിലും നാഴിക വരും. എപ്പോൾ വേണമെങ്കിലും പ്രവർത്തിക്കുവാനുള്ള സമയം ആഗതമാകും. കന്യകമാതാവ് വിശ്വസിച്ചു. കർത്താവിന്റെ അത്ഭുത കൃപയിൽ ആശ്രയിച്ച് ശരണപ്പെട്ടു.

എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല എന്ന കർത്താവിന്റെ വാക്കുകൾ മടുപ്പിക്കുന്നതായി മനസ്സിനെ തളർത്തുന്നതായി തോന്നാമെങ്കിലും അവിടെ മനം തളരാതെ വിശ്വാസത്തിൽ അടി ഉറച്ചു നിന്നാൽ കർത്താവ് അത്യത്ഭുതം

പ്രവർത്തിക്കും. ദൈവം പ്രവർത്തിപ്പാനുള്ള സമയം, അതിനായി നാം നമ്മെത്തന്നെ വിധേയപ്പെടുത്തേണ്ടതാണ്.

എങ്ങിനെ നാം നമ്മെത്തന്നെ വിധേയപ്പെടുത്തും? ദൈവം പ്രവർത്തിക്കുവാനുള്ള സമയം നാം എങ്ങനെ വിധേയപ്പെടുത്തിക്കൊടുക്കും? നമ്മുടെ വിശ്വാസം, നമ്മുടെ ദൈവാശ്രയം, നമ്മുടെ ദൈവീക ശരണം.

കർത്താവേ ഞാൻ നിന്റെ കൃപയിൽ ശരണപ്പെടുന്നു. ഞാൻ നിന്റെ കരുണയ്ക്കായി യാചിക്കുന്നു. ഞാൻ ഇതാ മടുത്തുപോകാതെ പ്രാർത്ഥിക്കുന്നു. കർത്താവേ, നിനക്ക് പ്രവർത്തിപ്പാനുള്ള സമയം ആകുന്നു.

ഒരവസരത്തിൽ സങ്കീർത്തനക്കാരനായ ദാവീദ് ദൈവസന്നിധിയിൽ നിലവിളിച്ചു പറഞ്ഞു:

" യഹോവേ, ഇതു നിനക്കു പ്രവർത്തിപ്പാനുള്ള സമയം ആകുന്നു."

നിങ്ങളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുവാനുള്ള സമയം ഇതാണ് എന്നു പറഞ്ഞു നിങ്ങൾക്ക് കരയാനുള്ള വിഷയങ്ങൾ ഏതെങ്കിലും ഉണ്ടോ? കർത്താവേ ഇത് നീ പ്രവർത്തിക്കേണ്ട നാഴികയാണ്, ഇത് നീ പ്രവർത്തിക്കേണ്ട സമയമാണ്. കർത്താവേ ഇത് നിനക്ക് പ്രവർത്തിക്കുവാനുള്ള സമയമാണ്. നീ നിന്റെ കരം നീട്ടേണ്ട സമയമാണ്. ഞാൻ ഇതാ താണുതാണു പോകുന്നു. നിലയില്ലാക്കയത്തിലേയ്ക്ക് ഞാൻ ഇതാ താണു താണു പോകുന്നു. എന്റെ ദൈവമേ എനിക്ക് ആരിലും ആശ്രയം ഇല്ല. എന്നെ താങ്ങാൻ, എന്നെ സഹായിപ്പാൻ ആരുമില്ല. എന്റെ ഈ ആപത്തിൽ തുണപ്പാൻ എനിക്കാരുമില്ല. എല്ലാവരും എന്നെ

കൈവിട്ടു. എന്റെ നാഥാ എന്നെ താങ്ങാൻ നിന്റെ കരമേ ഉള്ളൂ. നാഥാ ഇത് നിനക്ക് പ്രവർത്തിക്കുവാനുള്ള സമയം ആകുന്നു.

നിങ്ങൾക്ക് ദൈവത്തോട് പ്രാർത്ഥിപ്പാൻ എന്തെങ്കിലും വിഷയം ഉണ്ടോ? ദൈവത്തോട് മുട്ടിപ്പായി കരയുവാൻ എന്തെങ്കിലും കാര്യമുണ്ടോ? മകനേ, നിന്റെ രോഗത്തെക്കുറിച്ച് നിനക്കെന്തെങ്കിലും പറയാനുണ്ടോ? പ്രിയദൈവപൈതലേ നിന്റെ കുടുംബത്തിലെ ആവലാതികളെക്കുറിച്ച് നിനക്കെന്തെങ്കിലും പറയാനുണ്ടോ? നിന്റെ കടത്തിന്റെ ഭാരത്തെക്കുറിച്ച് ദൈവത്തോട് നിനക്കെന്തെങ്കിലും പറയുവാനുണ്ടോ? നിന്റെ ബിസിനസ്സ് തകരുന്നതിനെക്കുറിച്ച് നിനക്കെന്തെങ്കിലും പറയാനുണ്ടോ? നിന്റെ ആരോഗ്യം വഷളാകുന്നതിനെക്കുറിച്ച് നിനക്കെന്തെങ്കിലും പറയാനുണ്ടോ? നിന്റെ പരീക്ഷ തോറ്റുപോകുന്നതിനെക്കുറിച്ച് ദൈവസന്നിധിയിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ?

കർത്താവേ, എനിക്കൊരു തൊഴിലില്ലല്ലോ, ഒരു ജോലിയില്ലല്ലോ, പത്തുരൂപ സ്വന്തമായിട്ടെടുക്കാൻ എന്റെ കൈവശമില്ലല്ലോ. ആവശ്യം വരുമ്പോൾ മറ്റുള്ളവരുടെ മുമ്പിൽ കരം നീട്ടി നിൽക്കേണ്ട സ്ഥിതിയാണല്ലോ എനിക്കുള്ളത്. ഭാരത്തോടെ ദൈവത്തോട് നിനക്കെന്തെങ്കിലും പറയാനുണ്ടോ? കർത്താവേ, നിനക്ക് പ്രവർത്തിപ്പാനുള്ള സമയമാകുന്നു. ദൈവമേ, ഇതു നീ കൈ എടുക്കേണ്ട സമയം ആകുന്നു. നീ കരം നീട്ടേണ്ട സമയം ആകുന്നു.

നിങ്ങളുടെ ഹൃദയത്തിന്റെ ആവലാതികൾ പേറിക്കൊണ്ട് നിങ്ങൾ ദൈവസന്നിധിയിലേക്ക് വരിക. എന്റെ

നാഴിക ഇതുവരെയും വന്നിട്ടില്ല, എന്ന് യേശു പറഞ്ഞാലും മകനേ, നീ മടുത്തുപോകാതെ നിൽക്കുക. മകളേ നീ തളർന്നുപോകാതെ നിൽക്കുക.

യേശുവേ ഇതു നിനക്ക് പ്രവർത്തിപ്പാനുള്ള സമയമാകുന്നു. നാഥാ ഇതു നിനക്ക് പ്രവർത്തിക്കേണ്ട നാഴികയാകുന്നു. എന്റെ ദൈവമേ നീ കരം നീട്ടിയില്ലെങ്കിൽ ഞാൻ എന്തുചെയ്യും? എനിക്കാരുമില്ലല്ലോ, എനിക്കാരും തുണയില്ലല്ലോ. എന്നെ താങ്ങാൻ എനിക്കാരുമില്ലല്ലോ ഞാൻ ഇതാ ഒരു അഗതിയായി വലയുന്നല്ലോ, എന്റെ ദൈവമേ എനിക്കൊരു പോക്കിടമില്ലല്ലോ. വേറൊരിടത്തും പോകാനില്ലല്ലോ. ഞാൻ ഇതാ നിന്റെ പാദം കെട്ടിപ്പിടിക്കുന്നു. എന്നെ തൊഴിച്ചുമാറ്റി നീ മുന്നോട്ട് പോവുകയില്ല എന്നെനിക്കറിയാം. എന്നെ തട്ടിമാറ്റിയിട്ട് നീ നീങ്ങുകയില്ലെന്ന് ഞാൻ അറിയുന്നു. ഞാൻ ഇതാ നിന്റെ കരുണ കിട്ടുവോളം നിന്റെ പാദപീഠം കെട്ടിപ്പിടിച്ചു കൊണ്ടിരിക്കുന്നു. ഞാൻ ഇതാ നിന്റെ കരുണയ്ക്കായി യാചിച്ചു ആശ്രയിക്കുന്നു. എന്നിൽ മനസ്സലിയണമേ.

ദൈവജനമേ പ്രാർത്ഥിപ്പിൻ, ദൈവജനമേ, നിലവിളിപ്പിൻ. കരുണയ്ക്കായി കരയുവിൻ. എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല എന്നു യേശു പറഞ്ഞെങ്കിലും ഒട്ടും വൈകിയില്ല യേശുവിന്റെ നാഴിക വന്നു.

വൈകിയില്ല; യേശു ഒരിക്കലും വൈകുകയില്ല; യേശുവിന് വൈകാൻ സാധ്യമല്ല. യേശു തക്ക സമയത്ത് പ്രവർത്തിക്കും. അവന് സമയം തെറ്റുകയില്ല. അവൻ വരും, വരാതിരിക്കില്ല. അവൻ കൈ നീട്ടും, അവൻ തളർന്നു നിൽക്കുകയില്ല. അവൻ മടുത്തു പിൻമാറുകയില്ല. അവൻ

നിന്നെ അനുഗ്രഹിക്കും. ഒന്നേ വേണ്ടൂ, നീ വിശ്വാസത്തോടെ മുട്ടിപ്പായി പ്രാർത്ഥിക്കുക.

പ്രാർത്ഥിക്കേണ്ടവന്റെ അടുക്കൽ പ്രാർത്ഥിക്കേണ്ടതു പോലെ ഒട്ടും തടസ്സമില്ലാതെ ഒട്ടും മടുപ്പില്ലാതെ പ്രാർത്ഥിക്കുക. അവൻ നിന്നെ അനുഗ്രഹിക്കട്ടെ. അവന്റെ കരങ്ങളിലേയ്ക്ക് ഏൽപ്പിക്കുക. അവന്റെ നാമം എന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ.

## ഒൻപത്

"അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്‌വിൻ എന്നു പറഞ്ഞു."

യോഹ 2 : 5

"അവൻ നിങ്ങളോടു എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്‌വിൻ." "എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല" എന്നു യേശു പറഞ്ഞപ്പോൾ വിശുദ്ധ കന്യക മാതാവ് മടുത്തില്ല: നിരാശപ്പെട്ടില്ല, തളർന്നില്ല. ആ വീട്ടിൽ വലിയൊരു അത്യാവശ്യം വന്നിരിക്കുകയാണ്. വലിയൊരു കാര്യം അവിടെ പ്രശ്നമായി വന്നിരിക്കുകയാണ്. ആ പ്രശ്നം പരിഹരിക്കാൻ കഴിവുള്ളവനും അതിനു പ്രാപ്തിയുള്ളവനുമായി കർത്താവായ യേശു മാത്രമേ ഉള്ളൂ. യേശുവിന് അതെങ്ങനെ പരിഹരിക്കാൻ കഴിയും എന്ന് ആർക്കും അറിഞ്ഞുകൂടാ. പക്ഷെ മാതാവിന് അറിയാം യേശുവിന് ആ പ്രശ്നം പരിഹരിക്കാൻ കഴിയും എന്ന്.

വി: മാതാവ് യേശുവിന്റെ അടുക്കൽ അവർക്കു വീഞ്ഞില്ല എന്നു പറഞ്ഞപ്പോൾ "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല" എന്ന് യേശു പറഞ്ഞു. കന്യക മാതാവ് മടുപ്പില്ലാതെ ശുശ്രൂഷക്കാരോടു പറഞ്ഞു:

"അവൻ നിങ്ങളോടു എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്‌വിൻ."

യേശു എന്തെങ്കിലും കൽപ്പിക്കും എന്ന് വി: മാതാവിന് അറിയാം. യേശു കൽപ്പിക്കുമ്പോൾ അതു ചെയ്യാൻ തയ്യാറുള്ളവർ ഉണ്ടെങ്കിൽ യേശുവിന് അത്ഭുതം പ്രവർത്തിക്കാൻ കഴിയും എന്നും മാതാവിന് അറിയാം.

സ്നേഹിതരേ, അവൻ നിങ്ങളോടു എന്തെങ്കിലും കൽപ്പിച്ചാൽ അതു ചെയ്‌വിൻ. യേശു കൽപ്പിക്കുന്നതുചെയ്യാനുള്ള മനസ്സും അനുസരണത്തിന്റെ സവിശേഷതയും ഉള്ളവർക്കാണ് അത്ഭുതങ്ങൾ അനുഭവിക്കാൻ കഴിയുന്നത്. യേശു കൽപ്പിച്ചു. അവർ അനുസരിച്ചു.

"അവൻ നിങ്ങളോടു എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്‌വിൻ."

പത്രോസ് ഒരു അവസരത്തിൽ കർത്താവിനോടു പറഞ്ഞു. കർത്താവേ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒരു മീൻ പോലും കിട്ടിയില്ല. കർത്താവു പറഞ്ഞു

"പടകിന്റെ വലതുവശത്തു വല വീശുവിൻ."

യോഹ. 21:6

അന്ന് ഗലീലാക്കടലിൽ എത്ര നേരത്തെ അദ്ധ്വാനമാണ് പത്രോസും കൂട്ടരും നയിച്ചത്. പക്ഷേ അദ്ധ്വാനം എല്ലാം നിഷ്ഫലം. ഒരു മീൻ പോലും കിട്ടിയില്ല. കർത്താവ് ആ കട ലോരത്തു വരുമ്പോൾ പത്രോസ് പടക് കരയിലേക്ക് അണച്ച്, , കരയിൽ പടക് കെട്ടിയിട്ടിട്ട്, തളർന്ന് വിവശനായി, താടിക്കു കയ്യും കൊടുത്തു നിരാശ പൂണ്ടിരിക്കുകയാണ്. നെടുവീർപ്പി ട്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് എന്തു പറഞ്ഞു വീട്ടിലേക്ക് ചെല്ലും? അരിയിടാൻ വെള്ളം തിളപ്പിച്ചിരിക്കുന്ന ഭാര്യയുടെ അടുത്തു അരിയില്ലാതെ ഞാൻ എങ്ങനെ ചെല്ലും? പാവം കുഞ്ഞുങ്ങൾ പട്ടിണികിടന്ന് ഉറങ്ങണമല്ലോ. പത്രോസിന്റെ ഉള്ളം വ്യാകുലം പൂണ്ടിരിക്കുകയാണ്. ആധി പൂണ്ടിരിക്കുക യാണ്, നിരാശ പൂണ്ടിരിക്കുകയാണ്. അപ്പോഴാണ് യേശു കര യിൽ വന്നു നിന്നത്. കുറേ നേരം നോക്കി നിന്നു.

തളർന്നു വിവശനായിരിക്കുന്ന പാവപ്പെട്ടവനെ നോക്കി നിൽക്കുന്ന ഒരു ദൈവമുണ്ട്. മുടത്തു നിരാശപൂണ്ട്, ആകുല പ്പെട്ടു, ആവലാതിപൂണ്ട്, മ്ലാനവദനനായി, താടിക്ക് കയ്യും കൊടുത്തു, നെടുവീർപ്പോടെ, ഭാരത്തോടിരിക്കുന്നവന്റെ അരി കത്ത് ആർദ്രതയോടെ നോക്കി നിൽക്കുന്ന ഒരു ദൈവമുണ്ട്. അതാണ് കർത്താവായ യേശുക്രിസ്തു.

യേശുക്രിസ്തു ആ പടകിലേക്ക് നടന്നുകയറി. പടക് ഒന്നു ചാഞ്ചാടി, ഒന്നു തേങ്ങി. പത്രോസ് തല ഉയർത്തി നോക്കി. കർത്താവു പറഞ്ഞു: ആ പടകിന്റെ കെട്ടഴിപ്പിൻ. പത്രോസ് കെട്ടഴിച്ചു. കർത്താവു പടകിൽ നിന്നുകൊണ്ട് കര യിലുള്ളവരോടു സംസാരിച്ചു. കരയിലുള്ളവരോടു തിരുവ ചനം പറഞ്ഞു. ഓരോ വാക്കുകളും കർത്താവിന്റെ നാവിൽ നിന്നു പൊഴിയുമ്പോൾ പത്രോസ് ശ്രദ്ധയോടെ കേട്ടുകൊ

ണ്ടിരിക്കുകയാണ്. മ്ലാനത മാറുന്നു. ഭാരം കുറയുന്നു. തിരുവചനം കേട്ടപ്പോൾ ഉള്ളം തെളിയുന്നു. ജീവന്റെ വചനം കേട്ടപ്പോൾ, ജീവന്റെ തിരുമൊഴികൾ നാഥന്റെ തിരുമുഖത്തുനിന്നു കേട്ടപ്പോൾ പത്രോസിന്റെ ഹൃദയത്തിന്റെ വാട്ടം മാറുന്നു. മനസ്സു ഉന്മേഷഭരിതമായി തീരുന്നു. മുഖം തെളിയുന്നു. മീൻ കിട്ടിയില്ല. അന്നത്തേക്കു ആഹാരത്തിനുള്ള വക കിട്ടിയില്ല. എങ്കിലും വചനം കേട്ടു. വചനം കേട്ടപ്പോൾ ഉള്ളം തെളിഞ്ഞു.

കർത്താവു പറഞ്ഞു. "ആഴത്തിലേക്കു നീക്കി വല വീശുവിൻ." എന്നിട്ടു കർത്താവു പത്രോസിന്റെ മുഖത്തേക്കു നോക്കി.

പത്രോസ് പറഞ്ഞു. "കർത്താവേ, ഇന്നു മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയിട്ടില്ല."

കർത്താവുപറഞ്ഞു. "പടകിന്റെ വലതുഭാഗത്തു വല വീശുവിൻ."എന്തൊരു അത്ഭുതം!

"നാഥാ, നിന്റെ വാക്കിന്നു ഞാൻ ഇറക്കാം."

വാക്കിന്നു വലയിറക്കുന്ന ശിഷ്യന്മാരാണ് പെരുത്ത് മീൻകൂട്ടം പിടിച്ചെടുക്കുന്നത്.

ക്രിസ്തുവിന്റെ വാക്കിനെ അനുസരിക്കാൻ നിങ്ങൾക്കു മനസ്സുണ്ടോ? ക്രിസ്തുവിന്റെ വാക്കിനു ചെവികൊടുക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? വാക്കിനു വലയിറക്കാം എന്ന് പത്രോസ് പറഞ്ഞു. പടകിന്റെ വലതുഭാഗത്തേക്കു വല വീശി, യേശു പറഞ്ഞേടത്തു വല വീശി.

എന്താണ് ഉണ്ടായത്? യേശുക്രിസ്തുവിന്റെ ശബ്ദം

കേട്ടു ഗലീലാ കടലിലെ പെരുത്ത് മീൻകൂട്ടം വന്നു അവിടെ അണിനിരന്നു നിൽക്കുകയായിരുന്നു. രാജാധിരാജന്റെ തിരു ശബ്ദം കേട്ടു, സ്വർഗ്ഗീയ പിതാവിന്റെ ശബ്ദം കേട്ടു, നിത്യരാ ജാധിരാജന്റെ ശബ്ദം കേട്ടു, സൃഷ്ടാവിന്റെ സ്വരം കേട്ടു, സൃഷ്ടി കാതോർത്തു നിൽക്കുകയായിരുന്നു. അവിടെ വല വീശാൻ പറഞ്ഞു, വല വീശി. ഇതാ, പെരുത്ത് മീൻ കൂട്ടം അകപ്പെട്ടു.

വാക്കിന്നു വലയിറക്കിയപ്പോൾ, ക്രിസ്തുവിന്റെ വചനം അനുസരിച്ചപ്പോൾ, അതുവരെ ഒന്നും കിട്ടാത്ത ശീമോൻ പത്രോസിനു ഇപ്പോൾ പടകുനിറയെ മീൻകിട്ടി. സ്നേഹിത രേ, അനുസരിക്കുക. യേശുവിന്റെ വചനം അനുസരിക്കുക.

കന്യകമാതാവ് ശുശ്രൂഷക്കാരോടു പറഞ്ഞു:

"അവൻ നിങ്ങളോടു എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്വിൻ."

ഇന്ന് ഈ വാക്കുകളെ നിങ്ങൾ വായിച്ചുകൊണ്ടിരി ക്കുമ്പോൾ ഓരോരുത്തരും ശ്രദ്ധിപ്പിൻ. യേശുവിന്റെ വചനം നിങ്ങൾ അനുസരിപ്പിൻ. യേശുവിന്റെ വചനം പ്രമാ ണിപ്പിൻ. മകനേ, നിന്നോടു യേശുവിനു ചിലതു പറയുവാ നുണ്ട്. മകളേ, നിന്നോടു യേശുവിനു ചില കാര്യങ്ങൾ സംസാരിക്കുവാനുണ്ട്. അവൻ നിന്നോടു പറയും: മകനേ, നിന്നെ ഞാൻ അനുഗ്രഹിക്കാമെന്ന്, അവൻ നിന്നോടുപ റയും: മകളേ ഞാൻ നിന്റെ ഭാവി ശേഭനമാക്കാം എന്ന്, അവൻ നിന്നോടു പറയും: ദൈവപൈതലേ, ഞാൻ നിനക്ക് നല്ല കാലങ്ങൾ തരാം എന്ന്; നിന്റെ നിരാശ മാറ്റാം എന്ന്, നിന്റെ മടുപ്പുള്ള ജീവിതം മാറ്റാം എന്ന്, അവൻ നിന്നോട്

പറയും: നിന്റെ ജീവിതത്തിൽ ഞാൻ അതിശയം പ്രവർത്തിക്കാമെന്ന്. എന്റെ മകനേ, നീ എന്റെ കൽപ്പന അനുസരിക്കണം; എന്റെ വചനം നീ അനുസരിക്കണം.

അനുസരിക്കുന്നവർക്കാണ് കൃപ ലഭിക്കുന്നത്. അനുസരിക്കുന്നവർക്കാണ് അനുഗ്രഹം ലഭിക്കുന്നത്. നിന്റെ ജീവിതത്തിലെ പാപങ്ങളെ നീ മാറ്റിക്കളയുക. നിന്റെ ഹൃദയത്തിലെ പരുഷത നീ മാറ്റിക്കളയുക. മുഷിച്ചിൽ നീ മാറ്റിക്കളയുക. ഇഷ്ടക്കേടുകൾ നീ മാറ്റിക്കളയുക. പകയും വൈരാഗ്യവും നീ മാറ്റിക്കളയുക. നീരസവും കൈപ്പും മാറ്റിക്കളയുക. ആരോടെല്ലാമോ നിനക്കുള്ളിലുള്ളതായ വിരോധവും പകയും, നിന്റെ ഹൃദയത്തിൽ നിന്നും വിദ്വേഷവും നീ മാറ്റിക്കളയുക. നിന്റെ ഹൃദയത്തിലുള്ള അഴുക്കുചിന്തകളെ നീ മാറ്റിക്കളയുക. നിന്റെ ജീവിതത്തിലെ ദുഃശീലങ്ങളെ നീ മാറ്റിക്കളയുക. നിന്റെ ജീവിതത്തിലെ പാപവശങ്ങളെ നീ മാറ്റിക്കളയുക. പാപവും തിന്മയും ദുഷ്ടതയും നിന്നിലുള്ളതിനെ നീ പറിച്ചെറിഞ്ഞു നീ മാറ്റിക്കളയുക. മകനേ, നിന്റെ വെറിക്കൂത്തും നിന്റെ സിനിമാക്കമ്പവും, നിന്റെ കൊള്ളരുതാത്ത ജീവിതവും, നിന്റെ അഴുക്കുബന്ധങ്ങളും, നിന്റെ മ്ലേച്ഛമായ ജീവിതവും, നിന്റെ ദുഷ്ടതയും, നിന്റെ ക്രൂരതയും, നിന്റെ നിഷ്ഠൂരതയും എല്ലാം ഹൃദയത്തിൽ നിന്ന് പറിച്ചു കളയുക.

നിന്റെ ഹൃദയത്തെ സംശുദ്ധമാക്കുവാൻ ഒരു തീരുമാനം നീ എടുക്കുക. പാപത്തോടു യാത്രപറയുക. യേശു നിന്നോടു പറയുന്നത് അതുമാത്രമേ ഉള്ളു.

> “ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ.”
>
> 1 തെസ്സ 4 : 3

പാപത്തെ മാറ്റുവാൻ ക്രിസ്തു നിന്നോടുപറയുന്നു. അഴുക്കു നിന്റെ ജീവിതത്തിൽ നിന്നും മാറ്റിക്കളയുവാൻ ക്രിസ്തു നിന്നോടു പറയുന്നു.

"അവൻ നിങ്ങളോടു എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്വിൻ."

ദൈവജനമേ, അവൻ കൽപ്പിക്കുന്നതു ഒന്നേ ഉള്ളു. അവൻ മറ്റൊന്നും കൽപ്പിക്കുന്നില്ല. മകനേ, ഞാൻ നിന്നെ അനുഗ്രഹിക്കാം; നിന്റെ പാപത്തെ നീ മാറ്റുക. കാരണം നിന്റെ പാപം മൂലം സാത്താൻ നിന്നിൽ അവകാശം പറഞ്ഞു നിൽക്കുന്നു. സാത്താനെ എനിക്കു മാറ്റാമായിരുന്നു. പക്ഷേ അവന് നിന്നിൽ അവകാശമുണ്ട്. ഞാൻ നീതിമാനായ ദൈവ മാണ്. നീതിമാനായ ദൈവത്തിനു നീതിയോടെ മാത്രമേ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. സാത്താൻ അവകാശം പറയുന്ന പാപം നിന്നിൽ ഉള്ളതുകൊണ്ട് എനിക്കു നീതി യോടെ മാത്രമേ ഇവിടെ പ്രവർത്തിക്കാൻ സാധിക്കുകയു ള്ളു. നിന്റ പാപം നീ മാറ്റാതെ ശത്രുവിനെ എനിക്കു മാറ്റാൻ സാദ്ധ്യമല്ല. പൈശാചികനെ വിധ്വംസിച്ചു അകറ്റണമെങ്കിൽ നിന്റെ പാപത്തെ നീ മാറ്റണം. നീ നിന്റെ സ്വന്തമനസ്സോടെ സാത്താനോടു യാത്ര പറയണം.

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു. സാത്താനേ, നിന്നേ യും, നിന്നിലുള്ള സകല ഭയത്തേയും, നിന്റെ സകല ശക്തി യേയും ഞാൻ ഉപേക്ഷിക്കുന്നു. മിശിഹാതമ്പുരാനേ... നിന്നെ എന്റെ കർത്താവും രക്ഷിതാവുമായി ഞാൻ ഇപ്പോൾ സ്വീക രിക്കുന്നു എന്ന് നിന്റെ ഹൃദയത്തിൽ നീ ഒരു തീരുമാനം എടുത്താൽ ഇതാ ക്രിസ്തുവിന്റെ വചനം നീ അനുസരിക്കു

കയാണ്. അപ്പോൾ ഇതാ ക്രിസ്തു നിന്നിൽ അത്ഭുതം പ്രവർത്തിക്കും.

"അവൻ നിങ്ങളോടു എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്‌വിൻ."

ദൈവജനമേ, യേശു നിങ്ങളോടു കൽപ്പിക്കുന്നതു പാപം മാറ്റുവിൻ എന്നാണ്. പിശാചിനെ ഉപേക്ഷിപ്പിൻ എന്നാണ്. പിശാചിനോടു എതിർത്തു നിൽപ്പിൻ എന്നാണ്. പാപത്തോടു പോരാടുവിൻ എന്നാണ്. പാപമില്ലാത്ത ജീവിതം തുടങ്ങുവിൻ എന്നാണ്. ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാകുവിൻ എന്നാണ്. പുതുജനനത്തിന്റെ ഭാഗ്യാനുഭവം പ്രാപിപ്പിൻ എന്നാണ്. പഴയ മനുഷ്യനോടു യാത്രപറയുവിൻ എന്നാണ്. പഴയ പ്രകൃതങ്ങളെ ഉപേക്ഷിപ്പിൻ എന്നാണ്. അതു വിശ്വസിച്ചുകൊണ്ടു ദൈവപൈതലേ, നീ ഒരു കാര്യം ചെയ്യുവിൻ.

നാഥാ നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു. നീ ക്രൂശിൽ മരിച്ചതുപോലെ എന്റെ പഴയ മനുഷ്യൻ ക്രൂശിക്കപ്പെടാൻ ഞാൻ ഇതാ എന്നെത്തന്നെ നിന്റെ പാദപീഠത്തിൽ അർപ്പണം ചെയ്യുന്നു. നീ ഉയർത്തെഴുന്നേറ്റതുപോലെ ഒരു പുതിയ മനുഷ്യനായി ഞാനും ഇതാ ഉയർത്തെഴുന്നേൽക്കുന്നു. ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യൻ. നീ എന്നിൽ പ്രവർത്തിക്കണമേ, നീ എന്നിൽ വാഴണമേ, നീ എന്നിൽ അത്ഭുതം നിവർത്തിക്കണമേ, എന്നെ നിന്റെ മകനും നിന്റെ അവകാശിയും ആക്കി തീർക്കണമേ, എന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതണമേ, എന്നെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കി മാറ്റണമേ, നിത്യജീവന്റെ മുദ്ര എനിക്കു നൽകണമേ.

പ്രാർത്ഥിപ്പിൻ ദൈവപൈതലേ, പ്രാർത്ഥിപ്പിൻ ദൈവ ജനമേ, കരയുവിൻ ദൈവപൈതലേ. കഴിഞ്ഞ കാലങ്ങളെ ഓർത്തു അനുതപിച്ചു കരഞ്ഞു പാപങ്ങളെ ഏറ്റുപറഞ്ഞു ഉപേക്ഷിച്ചു ഒരു പുതിയ ജീവിതം തുടങ്ങുവിൻ. സാത്താനോടു യാത്ര പറയുവിൻ. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിപ്പിൻ. ഒരു പുതിയ ജീവിതം നയിപ്പിൻ.ദൈവനാമം എന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ.

## പത്ത്

> "യേശു അവരോടു ഈ കൽപാത്രങ്ങളിൽ
> വെള്ളം നിറെപ്പിൻ എന്നു പറഞ്ഞു: അവർ
> വക്കോളവും നിറെച്ചു."
>
> യോഹ 2 : 7

ഈ കൽപാത്രങ്ങളിൽ വെള്ളം നിറെപ്പിൻ എന്നു യേശു പറഞ്ഞു. ശുശ്രൂഷക്കാർ കൽപാത്രങ്ങളിൽ വെള്ളം പക്കോളവും നിറെച്ചു.

ആറു കൽപാത്രം അവിടെ ഇരിപ്പുണ്ടായിരുന്നു. ആ കൽപാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാനാണ് യേശു പറഞ്ഞത്. എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്ന് യേശു പറഞ്ഞെങ്കിലും, ഇതാ വിശ്വാസത്തോടെ അഭയയാചന ചെയ്തുകൊണ്ടു നിന്ന വിശുദ്ധമാതാവിന്റെ യാചനയുടെ മുന്നിൽ, പ്രാർത്ഥനയുടെ മുന്നിൽ, കർത്താവായ യേശു വീര്യം പ്രവർത്തിക്കുകയാണ്, നാഴിക വന്നു ചേരുകയാണ്.

വിശ്വാസിയുടെ മുമ്പിൽ കർത്താവ് അനുഗ്രഹത്തിന്റെ

ശ്രീ ഭണ്ഡാരം തുറക്കും. വിശ്വാസത്തോടെ യാചിക്കുന്ന ദൈവദാസന്റെ മുമ്പിൽ കർത്താവു ആർദ്രതയോടെ കൃപ യുടെ കവാടം തുറക്കും.

ഇതാ എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല. എന്നു പറഞ്ഞ യേശു, ശുശ്രൂഷക്കാരോടു പറഞ്ഞു: "ഈ കൽപാത്രങ്ങളിൽ വെള്ളം നിറെപ്പിൻ." നാം വായിക്കുന്നത് അവർ വക്കോളവും നിറച്ചു എന്നാണ്.

വക്കുവരേയും നിറയ്ക്കാൻ കർത്താവു പറഞ്ഞതാ യിട്ടു നാം വായിക്കുന്നില്ല. എന്നാൽ ഈ പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്ന് കർത്താവു പറഞ്ഞു. എന്നാൽ തിരു വചനത്തിൽ നാം വായിക്കുന്നത് അവർ വക്കോളവും നിറച്ചു എന്നാണ്. അവർ പൂർണ്ണതയോടെ അനുസരിച്ചു. ഒരണു പോലും വ്യതിചലിക്കാതെ അനുസരിച്ചു. അല്പം പോലും വീഴ്ച വരാതെ അനുസരിച്ചു. സമ്പൂർണ്ണമായ അനുസരണം.

Perfect obedience, implicit obedience, absoute obedience, സമ്പൂർണ്ണമായ അനുസരണം.

ആത്മീയ ജീവിതത്തിന്റെ വിജയം സമ്പൂർണ്ണമായ അനു സരണത്തിലാണ്. ക്രിസ്തീയ ജീവിതത്തിന്റെ വളർച്ച സമ്പൂർണ്ണമായ അനുസരണത്തിന്റെ മികവിലാണ്.

ആത്മീയ ജീവിതത്തിൽ മകനേ, നിനക്കു മുന്നേറ ണമോ? പൂർണ്ണമായി ദൈവാത്മാവിനെ അനുസരിക്കുക. എന്തി ന്, എന്തുകൊണ്ട്, എന്ന ചോദ്യം കൂടാതെ, എങ്ങനെ എന്നുള്ള ചിന്ത കൂടാതെ സമ്പൂർണ്ണമായി അനുസരിക്കുക. മകനേ, നിനക്കു മനസ്സിലായില്ലെങ്കിലും, നിന്റെ ബുദ്ധിയിൽ ഒതുങ്ങു ന്നില്ലെങ്കിലും, നിന്റെ ബുദ്ധിയിൽ ഉൾക്കൊള്ളാൻ നിനക്ക്

കഴിയുന്നില്ലെങ്കിലും, നീ പൂർണ്ണമായി അനുസരിച്ചുകൊള്ളൂ.

അനുസരണം. അവർ വക്കോളവും നിറച്ചു. സമ്പൂർണ്ണമായി അനുസരിച്ചു. രാജാക്കന്മാരുടെ രണ്ടാം പുസ്തകം പതിമൂന്നാം അദ്ധ്യായം പതിനാലാം വാക്യം മുതൽ വായിക്കുമ്പോൾ ഒരു സംഭവം ഉണ്ട്. എലീശാ പ്രവാചകൻ മരണഹേതുകമായ രോഗം പിടിച്ചുകിടന്നപ്പോൾ യിസ്രായേൽ രാജാവായ യോവാശ് പ്രവാചകന്റെ അരികത്തുചെന്നു കരഞ്ഞു.

"എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളുമായുള്ളോവേ" എന്നു പറഞ്ഞു. യോവാശ് രാജാവ് എലീശാ പ്രവാചകന്റെ അരികത്തു കരഞ്ഞു. എലീശാ പ്രവാചകൻ യോവാശ് രാജാവിനോടു പറഞ്ഞു:

"നിന്റെ അമ്പും വില്ലും എടുക്ക" അവൻ അമ്പും വില്ലും എടുത്തു. പ്രവാചകൻ രാജാവിനോടു പറഞ്ഞു:

"നിന്റെ കൈ വില്ലിന്മേൽ വെയ്ക്ക"

അവൻ കൈ വെച്ചപ്പോൾ എലീശാ തന്റെ കൈ രാജാവിന്റെ കൈമേൽ വെച്ചു.

"കിഴക്കേ കിളിവാതിൽ തുറക്ക" എന്നു അവൻ പറഞ്ഞു. അവൻ അതു തുറന്നപ്പോൾ : "എയ്ക" എന്നു എലീശാ പറഞ്ഞു. എയ്താറെ അവൻ:

"അത് യഹോവയുടെ ജയാസ്ത്രം, അരാമ്യർക്കു നേരെയുള്ള ജയാസ്ത്രം തന്നേ; നീ അഫേക്കിൽ വെച്ചു അരാമ്യരെ തോൽപ്പിച്ചു അശേഷം സംഹരിക്കും" എന്നു പറഞ്ഞു.

"അമ്പു എടുക്ക" എന്നു അവൻ പറഞ്ഞു. അവൻ എടുത്തു.

“നിലത്തടിക്ക” എന്നു അവൻ യിസ്രായേൽ രാജാവി നോടു പറഞ്ഞു. അവൻ മൂന്നു പ്രാവശ്യം അടിച്ചു നിർത്തി.

യോവാശ് രാജാവ് അനുസരിച്ചു, നിലത്തു അമ്പു കൊണ്ടു അടിച്ചു. പ്രവാചകൻ പറഞ്ഞതു അനുസരിച്ചു. പക്ഷെ മൂന്നുപ്രാവശ്യം അടിച്ചു അടി നിർത്തി. പ്രവാചകൻ പറയുന്നതുവരേയും അടി തുടരേണ്ടതായിരുന്നു. പിന്നേയും പിന്നേയും അടിക്കേണ്ടതായിരുന്നു. നിലത്തുഅടിക്ക എന്നേ പറഞ്ഞുള്ളൂ. എത്ര പ്രാവശ്യം അടിക്ക എന്നു പറഞ്ഞില്ല. അടി ച്ചുകൊണ്ടേ ഇരിക്കേണ്ടതായിരുന്നു. എങ്കിൽ അരാമ്യരെ നിശ്ശേഷം തോൽപ്പിക്കാമായിരുന്നു. പ്രവാചകൻ കോപിച്ചു.

“നീ വീണ്ടും വീണ്ടും അടിക്കേണ്ടതായിരുന്നു. അഞ്ചാറുപ്രാവശ്യം അടിക്കേണ്ടതായിരുന്നു. എങ്കിൽ നീ അരാമ്യരെ നിശ്ശേഷം തോൽപിക്കുമായിരുന്നു. ഇപ്പോൾ മൂന്നുപ്രാവശ്യം മാത്രമേ നീ അരാമ്യരെ തോൽപിക്കുക യുള്ളൂ” എന്ന് പറഞ്ഞു.

സമ്പൂർണ്ണമായ അനുസരണം, കണക്കുനോക്കാതെ യുള്ള അനുസരണം, ഉപാധിയില്ലാത്ത അനുസരണം, വ്യവ സ്ഥയില്ലാത്ത അനുസരണം. ആത്മീയ ജീവിതത്തിൽ മുന്നേ റാൻ കൊതിക്കുന്നെങ്കിൽ മകനേ, നീ സമ്പൂർണ്ണമായി അനു സരിക്കുക. ഒന്നും നിന്റെ ബുദ്ധിയിൽ എടുക്കണ്ടാ, നിന്റെ ബുദ്ധിയിൽ ചികഞ്ഞുനോക്കണ്ട, ബുദ്ധിയിൽ അളന്നു നോക്കണ്ടാ, ബുദ്ധിയിൽ അപഗ്രഥിച്ചു നോക്കണ്ടാ, ബുദ്ധി യിൽ വിശകലനം ചെയ്തു നോക്കണ്ടാ, അനുസരിക്കുക അതു മാത്രമേ കരണീയമായിട്ടുള്ളു.

പാൽ സമീകൃതാഹാരമാണ് എന്ന് നിങ്ങൾക്ക് അറിയാം. പാലു കുടിക്കുന്നതു നല്ലതാണ് എന്ന് നിങ്ങൾക്ക് അറിയാം.

പാല് ശരീരത്തിനു നല്ലതാണ് എന്നറിയാം, ശരീരത്തിനു പോഷണം നൽകുന്നതാണ് എന്നറിയാം.

ഒരു ഗ്ലാസ് പാൽ എടുത്തു നിങ്ങൾക്ക് തരുന്നു. നിങ്ങൾ പറയുന്നു ഈ പാലിൽ എന്തെല്ലാം ഉണ്ട് അതെനിക്ക് അറിയണം. ഇതിനകത്ത് എത്ര Percent Sugar ഉണ്ട്, – Milk Sugar - എത്ര Percent Fat ഉണ്ട്. എത്ര Percent proteins ഉണ്ട്. ഇതിനകത്തുള്ള ingredients എന്തെല്ലാം എത്രത്തോളം ഉണ്ട് എന്ന് എനിക്കറിയാതെ ഞാൻ ഈ പാൽ കുടിക്കുകയില്ല എന്നു പറഞ്ഞു നിങ്ങൾ തർക്കിച്ചു നിന്നാൽ ആ പാലിന്റെ ഗുണം നിങ്ങൾക്ക് കിട്ടുകയില്ല, നിങ്ങൾ പാൽ കുടിക്കുകയുമില്ല. എന്നാൽ ആ പാല് കിട്ടിയപാടെ നിങ്ങൾ കുടിക്കുന്നു, അതങ്ങു വിഴുങ്ങുന്നു. ഫലമോ ആ പാലിലുള്ള Milk Sugar നിങ്ങൾക്ക് പ്രയോജനം ചെയ്യും, ആ പാലിലുള്ള proteins നിങ്ങൾക്ക് പ്രയോജനം ചെയ്യും, ആ പാലിലുള്ള fats നിങ്ങൾക്ക് പ്രയോജനം ചെയ്യും, ആ പാലിൽ എന്തെല്ലാം ഉണ്ടോ അതെല്ലാം നിങ്ങൾക്ക് പ്രയോജനം ചെയ്യും.

എന്തെല്ലാമെന്ന് പഠിക്കാതെ, ചിന്തിക്കാതെ, വിശകലനം ചെയ്യാതെ, വിഴുങ്ങിക്കൊള്ളു. ദൈവപൈതലേ, ദൈവത്തിന്റെ വചനം പാലാണ്. ദൈവത്തിന്റെ വചനം നറുംപാലാണ്. ദൈവത്തിന്റെ വചനം മായമില്ലാത്ത പാലാണ്.

> “ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ”
>
> 1 പത്രോസ് 2 : 1–3

വചനം മായമില്ലാത്ത പാൽ ആണ്. മായമില്ലാത്ത പാൽ കുടിക്കാൻ വാഞ്ഛിക്കുന്നതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രബോധിപ്പിക്കുകയാണ്. വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. യെശയ്യാ പ്രവാചകന്റെ പുസ്തകം അൻപത്തിഅഞ്ചാം അദ്ധ്യായം ഒന്നാം വാക്യം മുതൽ:

> "അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിനു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. അപ്പമല്ലാത്തതിന്നു ദ്രവ്യവും തൃപ്തിവരുത്താത്തതിനു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിനു? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ; പുഷ്ട ഭോജനം കഴിച്ചു മോദിച്ചു കൊൾവിൻ."
>
> യെശയ്യാ 55 : 1 – 2

ദ്രവ്യവും വിലയും കൂടാതെ നിങ്ങൾ വന്ന് വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. വില കൊടുക്കണ്ടാ, നിങ്ങൾ വന്ന് വാങ്ങിക്കൊൾവിൻ, നിങ്ങൾ വന്ന് കുടിച്ചു കൊൾവിൻ. നിങ്ങൾ നിങ്ങളുടെ പ്രയത്നഫലം അരുതാത്തതിനു ചെലവഴിക്കാതെ പ്രയോജനപ്രദമായതിനുവേണ്ടി നിങ്ങൾ ചെലവഴിപ്പിൻ. നിങ്ങൾ വന്ന് ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.

നിങ്ങളുടെ ദ്രവ്യം തൃപ്തിവരുത്താത്തതിനുവേണ്ടി, നിങ്ങളുടെ പ്രയത്നഫലം തൃപ്തി വരുത്താത്തതിനുവേണ്ടി

ചെലവിടുന്നതെന്തിന്? എന്ന് പ്രവാചകൻ ചോദിക്കുകയാണ്.

സഹോദരങ്ങളെ, യേശുക്രിസ്തുവിന്റെ തിരുവചനം നിങ്ങൾ കണ്ണടച്ചു വിശ്വസിപ്പിൻ. യേശുക്രിസ്തുവിന്റെ തിരുവചനം നിങ്ങൾ സമ്പൂർണ്ണമായി വിശ്വസിച്ചു അനുസരിപ്പിൻ. വചനം സ്വീകരിപ്പിൻ, വചനം അനുസരിപ്പിൻ, വചനം കൈക്കൊൾവിൻ, വചനപ്രകാരം ജീവിപ്പിൻ, വചനം പ്രമാണിപ്പിൻ, വചനം നിങ്ങളെ ജീവിപ്പിക്കും, വചനം നിങ്ങളെ അനുഗ്രഹിക്കും, വചനം നിങ്ങളെ പോഷിപ്പിക്കും, വചനം നിങ്ങളെ വഴി നടത്തും.

ജീവന്റെ വചനം, സത്യമായ വചനം, പരിശുദ്ധാത്മാവാകുന്ന വചനം, ക്രിസ്തുവാകുന്ന വചനം, ദൈവമാകുന്ന വചനം നിങ്ങളെ നടത്തും, നിങ്ങളെ നയിക്കും, നിങ്ങളെ അനുഗ്രഹിക്കും, നിങ്ങളെ പോഷിപ്പിക്കും. ശോഭനമായ ഭാവി നിങ്ങൾക്ക് തരും. വചനപ്രകാരം ജീവിപ്പിൻ. ദൈവനാമം മഹത്വപ്പെടട്ടെ.

## പതിനൊന്ന്

"യഹോവയുടെ കൽപന അനുസരിക്കുന്നതു പോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെക്കു പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു. മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു."

1. ശമുവേൽ 15 : 22–23

അനുസരണം ബലിയേക്കാൾ നല്ലത്, അനുസരണം യാഗത്തേക്കാൾ ശ്രേഷ്ഠം. കാനാവിലെ കല്യാണവീട്ടിൽ ശുശ്രൂഷക്കാർ യേശു പറഞ്ഞ വചനം അനുസരിച്ചു. "കൽപാത്രങ്ങളിൽ വെള്ളം നിറപ്പിൻ" എന്നു കർത്താവു കൽപിച്ചു.

കൽപാത്രങ്ങളിൽ അവർ വെള്ളം വക്കോളം നിറച്ചു. അവർ സമ്പൂർണ്ണമായി അനുസരിച്ചു. സമ്പൂർണ്ണമായി അനു

സരിച്ചപ്പോഴാണ് പച്ചവെള്ളം വീഞ്ഞായി തീർന്നത്. യാതൊരു വ്യവസ്ഥയുമില്ലാതെ, യാതൊരു ഉപാധിയുമില്ലാതെ സമ്പൂർണ്ണ മായി തികവോടെ അനുസരിച്ചപ്പോൾ ക്രിസ്തു അവിടെ അത്ഭുതം പ്രവർത്തിച്ചു. പച്ചവെള്ളം വീഞ്ഞായി തീർന്നു.

ശമുവേൽ പ്രവാചകന്റെ ഒന്നാമത്തെ പുസ്തകത്തിൽ അനുസരണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഈ ഭാഗം വളരെ ഗൗരവതരമായ ഒരാശയം പ്രസ്താവിക്കുന്ന തിരുവചനഭാഗ മാണ്.

“അനുസരിക്കുന്നതു യാഗത്തെക്കാളും, ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു, യഹോവയുടെ കൽപ്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹന നയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ“ എന്ന വാക്യം.

ഒന്നാം ആദാം ഏദെൻ തോട്ടത്തിൽ ദൈവത്തിന്റെ കൽപനയെ അനുസരിച്ചില്ല. ആദിമ മനുഷ്യൻ ദൈവം കൽപി ച്ചിരുന്ന വചനം അനുസരിച്ചില്ല. “തിന്നരുത്“ എന്ന് ദൈവം പറഞ്ഞത് അവർ തിന്നു.

അനുസരണക്കേടു മൂലം ദൈവീക സംസർഗ്ഗം നഷ്ട പ്പെട്ടു, ആത്മാവു മരിച്ചു. ഏദെൻ തോട്ടത്തിൽ നിന്നു ബഹി ഷ്ക്കരിക്കപ്പെട്ടു. കനത്ത നാശം തലമുറകൾക്ക് സംഭവിക്കു ന്നതിനു അതു കാരണമായി തീർന്നു.

ശൌൽ രാജാവ് യഹോവയുടെ വചനം അനുസരി ച്ചില്ല. ശമുവേൽ പ്രവാചകൻ മുഖാന്തരം ദൈവം കൽപിച്ചി രുന്നു; ശൌൽ രാജാവിനോടു പറഞ്ഞിരുന്നു.

> “ആകയാൽ നീ ചെന്നു അമാലേക്യരെ തോൽപ്പിച്ചു അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളെക; അവരോടു കനിവു തോന്നരുത്; പുരുഷന്മാരേയും സ്ത്രീകളെയും കുട്ടികളെയും മുലകുടിക്കുന്നവരെയും കാള, ആട്, ഒട്ടകം, കഴുത എന്നിവയെയും സംഹരിച്ചുകളയുക.”
>
> 1. ശമുവേൽ 15 : 3

അമാലേക്യരെ തോൽപിക്കുക, അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളെക, അവരോടു കനിവുതോന്നരുത് എന്നാണ് ദൈവം കൽപിച്ചിരുന്നത്. എന്നാൽ ശൌൽ സൈന്യസമേതം ചെന്ന് അമാലേക്യരെ തോൽപിച്ചു, പക്ഷെ അമാലേക്യരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചു, ജനങ്ങളെ ഒക്കെയും വാളിന്റെ വായ്ത്തലയാൽ നിർമ്മൂലമാക്കി.

> “ശൌലും ജനവും ആഗാഗിനെയും ആടു, മാടു, തടിച്ചമൃഗം എന്നിവയിൽ മേത്തരമായവയെയും കുഞ്ഞാടുകളെയും ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസ്സില്ലാതെ ജീവനോടെ സൂക്ഷിച്ചു; ഹീനവും നിസ്സാരവുമായവയെ ഒക്കെയും അവർ നിർമ്മൂലമാക്കിക്കളഞ്ഞു.”
>
> 1 ശമുവേൽ 15: 14

മുഴുവനായും അനുസരിച്ചില്ല, ഹീനമായ മൃഗങ്ങളെയും നിസ്സാരമായ ജീവികളെയും കൊന്നു. ആ ദേശത്തെ ജനങ്ങളെ ഒക്കെയും വാളിന്റെ വായ്ത്തലയാൽ നിർമ്മൂലമാക്കി, പക്ഷെ

അമാലേക്യരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചു. സമ്പൂർണ്ണമായി അനുസരിച്ചില്ല. എന്നാൽ ശമുവേൽ വന്നപ്പോൾ ശൌൽ രാജാവ് ശമുവേലിനെ എതിരേറ്റുചെന്നു. ശമുവേൽ ശൌലിനോടു ചോദിച്ചു:

> "എന്റെ ചെവിയിൽ എത്തുന്ന ആടുകളുടെ ഈ കരച്ചലും ഞാൻ കേൾക്കുന്ന കാളകളുടെ മുക്കുറയും എന്ത് എന്ന് ചോദിച്ചു."
>
> 1 ശമുവേൽ 15 : 14

ആടുകൾ, കാളകൾ മേത്തരമായവ, നല്ല കൊഴുത്തതും, മുഴുത്തതും, ഉരത്തതും – അവയെ എല്ലാം സൂക്ഷിച്ചു. അവയുടെ മുക്കുറയും ആടുകളുടെ കരച്ചലും എല്ലാം കേൾക്കുന്നു. ശമുവേൽ ശൌലിനോടു ചോദിച്ചു, എന്താണ് ഞാൻ ഈ കേൾക്കുന്ന മൃഗങ്ങളുടെ ശബ്ദം. ശൌൽ രാജാവ് പറയുകയാണ്.

> "അവയെ അമാലേക്യരുടെ പക്കൽ നിന്നും അവർ കൊണ്ടുവന്നതാകുന്നു; ജനം ആടുകളിലും കാളകളിലും മേത്തരമായവയെ നിന്റെ ദൈവമായ യഹോവെയ്ക്കു യാഗം കഴിപ്പാൻ ജീവനോടെ സൂക്ഷിച്ചു: ശേഷമുള്ളവയെ ഞങ്ങൾ നിർമ്മൂലമാക്കിക്കളഞ്ഞു."
>
> 1 ശമുവേൽ 15: 15

ശൌൽ പറയുന്ന വാക്കുകൾ ശ്രദ്ധിക്കൂ. ജനമാണ് അവയിൽ ചിലതിനെ നിന്റെ ദൈവമായ യഹോവയ്ക്കു യാഗത്തിനായിട്ടു സൂക്ഷിച്ചുവെച്ചതു. ജനമാണ് അമലേക്യരുടെ പക്കൽ നിന്നും അവയെ കൊണ്ടുവന്നത്. എന്നാൽ ഞങ്ങൾ

ശേഷമുള്ളതിനെ നിർമ്മൂലമാക്കിക്കളഞ്ഞു. ശൌൽ അനുസരണക്കേടു മുടിവച്ചു സംസാരിക്കുകയാണ്. അനുസരണക്കേടു വന്നു എന്ന് മറച്ചുവച്ചു സംസാരിക്കുകയാണ്, ന്യായം പറയുന്നത് അതു ജനം, ആ മേത്തരമായ ആടുമാടുകളെ കൊണ്ടുവന്നു എന്നാണ്. യഹോവെക്കു യാഗം അർപ്പിക്കുവാനാണ് കൊണ്ടുവന്നത് എന്നാണ്.

യാഗങ്ങളിൽ പ്രസാദിക്കുന്ന ദൈവത്തിനു യാഗം അർപ്പിക്കുവാൻ മേത്തരമായ നല്ല കൊഴുത്ത മുഴുത്ത ആടുകളെയും കാളകളെയും കൊണ്ടുവന്നു എന്നാണ് ശൌൽ പറയുന്നത്. ഉടനെ ശമുവേൽ പ്രവാചകൻ ശൌലിനോടു പറഞ്ഞു.

> "യഹോവയുടെ കൽപന അനുസരിക്കുന്നതു പോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്."
>
> 1 ശമുവേൽ 15 : 22

ഇംഗ്ലീഷ് ബൈബിളിൽ നാം ഇങ്ങനെയാണ് വായിക്കുന്നത്.

"Has the lord as much pleasure in your burnt offerings and sacrifices as in your obedience? Obedience is far better than sacrifice. He is much more interested in your listening to him than in your offering the fat of rams to him."

ദൈവത്തിനു കൊഴുത്ത ആടുകളെ യാഗം അർപ്പിക്കുന്നതിനേക്കാൾ പ്രസാദം ദൈവത്തിന്റെ വചനം അനുസരി

ക്കുന്നതാണ്. ശൌൽ ശൌലിന്റെ ബുദ്ധിയിൽ ദൈവത്തിനു യാഗം അർപ്പിക്കുന്നതു നല്ലതു എന്നു കരുതി, ദൈവത്തിനു യാഗം കഴിക്കുന്നതു പ്രസാദകരം എന്നു കരുതി. അതുകൊണ്ട് ശൌൽ അവന്റെ ബുദ്ധിക്കൊത്തതുപോലെ ചിന്തിച്ചു, വിശകലനം ചെയ്തു, ദൈവത്തിന്റെ കൽപനയെ സമ്പൂർണ്ണമായി അനുസരിക്കാതെ അവൻ ആടുകളെയും കാളകളെയും ശ്രേഷ്ഠമായവയെ സൂക്ഷിച്ചു. തന്മൂലം നാം വായിക്കുന്നത് ഇങ്ങനെയാണ്.

> "നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു അവൻ നിന്നെയും രാജസ്ഥാനത്തിൽ നിന്നു തള്ളിക്കളഞ്ഞിരിക്കുന്നു."
>
> 1. ശമുവേൽ 5 : 23

ശൌലിന് രാജത്വം നഷ്ടപ്പെടുന്നതിനു അതൊരു കാരണം ആയി തീർന്നു. ശൌലിന് രാജകീയ പദവി നഷ്ടപ്പെടുന്നതിനു, ശൌലിന്റെ രാജകീയ അഭിഷേകം നഷ്ടപ്പെടുന്നതിനു ഈ സംഭവം ഒരു കാരണമായി തീർന്നു.

സമ്പൂർണ്ണമായി അനുസരിക്കുക, സമ്പൂർണ്ണമായി വിനയപ്പെടുക, സമ്പൂർണ്ണമായി വിധേയപ്പെടുക, ദൈവത്തിന്റെ വചനത്തിനു ചെവി കൊടുക്കുക.

ആ ശുശ്രൂഷക്കാർ വക്കോളവും നിറെച്ചു. അൽപം പോലും കുറവു വരാതെ അവർ ആറു കൽപാത്രങ്ങളിലും വക്കോളവും നിറെച്ചു.

ദൈവത്തിന്റെ കൽപനകൾ നാം അനുസരിക്കുക.

"ദൈവത്തിന്റെ വചനം പ്രമാണിക്കുന്നവൻ ദൈവത്തെ

സ്നേഹിക്കുന്നു." എന്നു യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കുന്നു. എന്റെ വചനം പ്രമാണിക്കാത്തവൻ എന്നെ സ്നേഹിക്കുന്നവനല്ല." കർത്താവു കൽപിച്ചു: എന്റെ വചനം പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നു. കർത്താവിന്റെ വചനം നാം പ്രമാണിക്കുന്നു എങ്കിൽ നാം കർത്താവിനെ സ്നേഹിക്കുകയാണ്. കർത്താവിനെ സ്നേഹിക്കുന്നവർ കർത്താവിന്റെ വചനം പ്രമാണിക്കും.

നാം ദൈവത്തിന്റെ വചനം പ്രമാണിക്കുന്നുണ്ടോ? നാം ദൈവത്തിന്റെ വചനം അനുസരിക്കുന്നുണ്ടോ? ഇങ്ങനെയാണ് നാം വായിക്കുന്നത്.

> "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും."
>
> യോഹ. 14 : 15
>
> "എന്റെ കൽപനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു."
>
> യോഹ. 14 : 21
>
> "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും."
>
> യോഹ. 14 : 23

"എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല."

യോഹ. 14 : 24

ദൈവത്തിന്റെ വചനം അനുസരിക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നവരാകുന്നു.

"ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾഎന്റെ കൽപനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും."

യോഹ. 15 : 10

"അവർ എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും."

യോഹ. 15 : 20

"അവന്റെ കൽപനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു."

1 യോഹ. 2 : 3

"എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു."

1 യോഹ. 2 : 5

ദൈവത്തിന്റെ വചനം വ്യക്തമായി പറയുന്നു ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ നാം ദൈവത്തിന്റെ

വചനം പ്രമാണിക്കും എന്നാണ്.

> "അവന്റെ കൽപനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും."
>
> 1. യോഹ. 3 : 22

> "അവന്റെ കൽപനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്നു അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു."
>
> 1. യോഹ. 3 : 24

> "അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കൽപനകൾ ഭാരമുള്ളവയല്ല."
>
> 1. യോഹ. 5 : 3

സഹോദരീ സഹോദരങ്ങളെ, ദൈവത്തിന്റെ വചനം പ്രമാണിക്കുക, ദൈവത്തിന്റെ വചനം അനുസരിക്കുക. വചന പ്രകാരം ജീവിക്കുക. വചന പ്രകാരം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുക. ദൈവത്തിന്റെ വലിയനാമം മഹത്വപ്പെടട്ടെ.

## പന്ത്രണ്ട്

“ഇപ്പോൾ കോരി വിരുന്നു വാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്നു അവൻ പറഞ്ഞു; അവർ കൊണ്ടുപോയി കൊടുത്തു. അതു എവിടെ നിന്നു എന്നു വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നുവാഴി അറിഞ്ഞില്ല. വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി രുചിച്ചുനോക്കിയാറെ മണവാളനെ വിളിച്ചു; എല്ലാവരും ആദ്യം നല്ലവീഞ്ഞും ലഹരി പിടിച്ച ശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ടു; നീ നല്ല വീഞ്ഞു ഇതുവരെയും സൂക്ഷിച്ചുവെച്ചുവല്ലോ എന്നു അവനോടു പറഞ്ഞു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.”

യോഹ 2 : 8–11

ഒടുവിലത്തെ പന്തിയിൽ മേൽത്തരം വീഞ്ഞ്. പച്ച വെള്ളമായിരുന്നു, അതിപ്പോൾ വീഞ്ഞായി തീർന്നു. നിർജ്ജീവമായ വെള്ളം ആയിരുന്നു; അതിപ്പോൾ നുരയും പതയും ലഹരിയുമുള്ള വീഞ്ഞായിത്തീർന്നു. നിറമില്ലാത്ത വെള്ളമായിരുന്നു.; അതിപ്പോൾ നല്ല നിറപ്പകിട്ടുള്ള വീഞ്ഞായിത്തീർന്നു. രുചിയില്ലാത്ത വെള്ളമായിരുന്നു. അതിപ്പോൾ രുചിയുള്ള വീഞ്ഞായിത്തീർന്നു. മണമില്ലാത്ത വെള്ളമായിരുന്നു; അതിപ്പോൾ മണമുള്ള വീഞ്ഞായിത്തീർന്നു. നിർജ്ജീവമായ വെള്ളമായിരുന്നു; അതിപ്പോൾ കരുത്തുറ്റ, ലഹരിപ്പിക്കുന്ന വീഞ്ഞായിത്തീർന്നു. ഒടുവിലത്തെ പന്തിയിൽ മേൽത്തരം വീഞ്ഞ്.

ഇതാ ഒടുവിലത്തെ പന്തിയിലേക്കു നാം വരികയാണ്. അവസാന കാലയളവിലേക്ക് നാം വന്നിരിക്കുകയാണ്. കാലം അതിന്റെ അവസാനത്തോടു അടുത്തു വരികയാണ്.

> “ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും.”
>
> യോവേൽ 2:29

> “അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും. നിങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും.“ യോവേൽ പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്ത വചനം നിവൃത്തിയായിക്കൊണ്ടിരിക്കുകയാണ്.”
>
> യോവേൽ 2: 28–30

ഈ ഒടുവിലത്തെ പന്തിയിൽ മേൽത്തരം വീഞ്ഞു പകരുവാൻ ദൈവത്തിനു താല്പര്യം ഉണ്ട്. പക്ഷേ ചില കാര്യങ്ങൾ നടക്കേണ്ടിയിരിക്കുന്നു. അവൻ കല്പിക്കുന്നത് അനുസരിക്കുന്ന ശുശ്രൂഷക്കാർ ആവശ്യമായിരിക്കുന്നു.

കൽപാത്രങ്ങളിൽ വെള്ളം നിറയ്ക്കേണ്ടത് ആവശ്യമായിരിക്കുന്നു. സ്നേഹിതാ, നീ ഒരു കൽപാത്രമാണെന്ന് അറിയുന്നുണ്ടോ? വെറും മൺപാത്രം, വെറും കൽപ്പാത്രം, നിസ്സാരമായ കൽപ്പാത്രം, വെളിയിലിരിക്കുന്ന കൽപ്പാത്രം, അകത്തു സൂക്ഷിക്കേണ്ട ആവശ്യമില്ലാത്ത കൽപ്പാത്രം, അകത്തു സൂക്ഷിപ്പാൻ യോഗ്യമല്ലാത്ത കൽപ്പാത്രം, അതു വെളിയിൽ മാത്രം കാണുന്ന കൽപ്പാത്രം.

പ്രിയപ്പെട്ടവരെ, വെളിയിൽ തള്ളപ്പെടേണ്ടവരായ നാം ആരും ഗൗനിക്കാതെ, ആരും ശ്രദ്ധിക്കാതെ, ആരുടെയും പരിഗണനയിൽ പെടാതെ അവഗണിക്കപ്പെട്ടവരായ നാം, ഇന്ന് വെള്ളം നിറയുവാൻ താല്പര്യപ്പെടുക. നമ്മിൽ വെള്ളം നിറയട്ടെ. വെള്ളം പരിശുദ്ധാത്മാവിനെ കുറിക്കുന്നു.

പരിശുദ്ധാത്മാവിനെ നിറവോടെ പ്രാപിക്കാൻ ആഗ്രഹിക്കുക, വാഞ്ഛിക്കുക, ദാഹിക്കുക, കർത്താവേ എന്നിൽ വെള്ളം നിറയണമേ, എന്റെ ഉള്ളത്തിൽ ആത്മാവു നിറയണമേ, എന്റെ ഉള്ളത്തിൽ പരിശുദ്ധാത്മാവു തിങ്ങണമേ, വെള്ളം നമ്മിൽ നിറയട്ടെ.

ശുശ്രൂഷക്കാർ ആ പാത്രങ്ങളിൽ വക്കോളവും വെള്ളം നിറെച്ചതുപോലെ കർത്താവേ, എന്നിൽ നിന്റെ ആത്മാവു നിറയട്ടെ. വെറും നിർജ്ജീവമായ ഈ ആളത്വം, അത് ലഹരിപ്പിക്കുന്ന വീഞ്ഞായി മാറുവാൻ നിനക്ക് താൽപര്യമുണ്ടോ?

നിനക്ക് അനേകരെ രുചിപ്പിക്കുകയും മദിപ്പിക്കുകയും ചെയ്യുന്ന, അനേകർക്ക് വീര്യം പകരുന്ന, അനേകർക്ക് ആശ്വാസം പകരുന്ന, അനേകർക്ക് സന്തോഷവും സുഖവും പകരുന്ന വീഞ്ഞായി മാറുവാൻ താല്പര്യമുണ്ടോ? അനേകർക്ക് മധുരം പകരുന്ന വീഞ്ഞായി മാറുവാൻ താൽപര്യമുണ്ടോ? കയ്പ്പേറിയ ജീവിതത്തിൽ വലയുന്നവർക്ക് മധുരം പകരുവാൻ നിനക്കാഗ്രഹമുണ്ടോ? കയ്പ്പേറിയ അനുഭവങ്ങളിലൂടെ യാതനയിലും വേദനയിലും കഷ്ടങ്ങളിലും നഷ്ടങ്ങളിലും കേടുകളിലും കെടുതികളിലും പെട്ടു ഉഴലുന്നവർക്ക് സമാധാനവും ആശ്വാസവും ആകുന്ന മധുരവും സ്നേഹവും പകരാൻ നിനക്ക് താല്പര്യമുണ്ടോ? വീഞ്ഞാകാൻ ആഗ്രഹമുണ്ടോ?

വെള്ളം നിറപ്പിൻ, പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിപ്പിൻ.

“ഒടുവിലത്തെ പന്തിയിൽ മേൽത്തരം വീഞ്ഞ്.“ “അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും.”

അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ യോവേൽ പ്രവാചകന്റെ വചനം അപ്പൊസ്തലനായ പത്രോസ് ഉദ്ധരിച്ചുകൊണ്ട് പറയുന്നുണ്ട്.

> “ഞാൻ മീതെ ആകാശത്തിൽ അത്ഭുതങ്ങളും താഴെ ഭൂമിയിൽ അടയാളങ്ങളും കാണിക്കും, കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും.” എന്നു ദൈവം അരുളിച്ചെയ്യുന്നു.
>
> അപ്പൊ. പ്ര. 2: 17–19

ഈ ഒടുവിലത്തെ കാലത്ത് കർത്താവിന്റെ രണ്ടാമത്തെ വരവ് അത്യാസന്നമായിരിക്കുന്ന ഈ കാലയളവിൽ, കർത്താവായ യേശു വരാറായിരിക്കുന്ന ഈ ഒടുവിലത്തെ കാലയളവിൽ അവന്റെ വരവിന്ന് നീ ഒരു വീണ്ടായി നിൽക്കുന്നുവോ? അവന്റെ വരവിന്ന് നീ ഒരു ശോഭയുള്ള വിളക്കായി നിൽക്കുന്നുവോ? അവന്റെ വരവിന്ന് അവനെ എതിരേൽക്കുവാൻ ആ വീണ്ടിന്റെ ആത്മീയ ലഹരിപിടിച്ചു ആത്മാവിന്റെ ശക്തിയോടെ ആത്മാവിന്റെ കരുത്തോടെ ആത്മാവിന്റെ തീയോടെ നിൽക്കുവാൻ നിനക്ക് താല്പര്യമുണ്ടോ? യേശുവിന്റെ വരവിങ്കൽ അവനെ എതിരേൽക്കുന്ന വിശുദ്ധജനമായി, വിശുദ്ധ സന്തതിയായി നിൽപാൻ നിനക്ക് താത്പര്യമുണ്ടോ?

കർത്താവായ യേശു വരാറായിരിക്കുന്നു. "ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയർത്തെഴുന്നേൽപിനെ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കി പ്പാർക്കുകയും ചെയ്യുന്നു." എന്ന് പ്രാർത്ഥിക്കുന്ന ദൈവജനം, ഇതാ യേശുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി നോക്കിപ്പാർക്കുന്നു. എന്ന് ഏറ്റുപറയുന്ന ദൈവജനം, പലപ്പോഴും യേശുവിന്റെ വരവിനെക്കുറിച്ചു ചിന്തിക്കുന്നില്ല. എന്നത് ഈ കാലയളവിലെ ഒരു വലിയ ദൗർഭാഗ്യമാണ്, ദുരന്തമാണ്.

കർത്താവായ യേശു വരുമ്പോൾ നോക്കിപ്പാർത്തിരിക്കുന്നില്ലെങ്കിൽ എടുക്കപ്പെടുകയില്ല എന്ന് അറിഞ്ഞുകൊള്ളുക. ഉണർന്നിരിക്കുന്നില്ലെങ്കിൽ എടുക്കപ്പെടുകയില്ല എന്ന് അറിഞ്ഞുകൊള്ളുക. ഒരുങ്ങിയിരിക്കുന്നില്ലെങ്കിൽ എടുക്കപ്പെടുകയില്ല എന്നറിഞ്ഞുകൊൾക. വിളക്കിൽ എണ്ണയില്ലെങ്കിൽ വിളക്ക് കത്തുകയില്ല എന്ന് അറിഞ്ഞുകൊള്ളുക. വിളക്ക്

കത്താതെ അവന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടുകയില്ല എന്നും അറിഞ്ഞുകൊള്ളുക.

പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ, വിളക്കിൽ എണ്ണനിറപ്പിൻ, പാത്രത്തിൽ കൂടി എണ്ണ സംഭരിപ്പിൻ.

ഇന്ന് പാത്രത്തിൽ വെള്ളം നിറക്കേണ്ട കാലമാണ്. ഈ മൺപാത്രം ആത്മാവുകൊണ്ടു നിറയേണ്ട കാലമാണ്. മകനേ, നിന്റെ ശരീരം പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പ് ഭവനമായി മാറേണ്ടതാണ്. മകളേ, നിന്റെ ഹൃദയം പരിശുദ്ധാത്മാവിന്റെ ആവാസസ്ഥാനമായി മാറേണ്ടതാണ്.

ദൈവത്തിന്റെ വചനം പറയുന്നു.

> "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും."
>
> 1. കൊരി. 3 : 16–17

> "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?"
>
> 1. കൊരി. 6 : 19

വിലെക്കു വാങ്ങിയിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ മന്ദിരമാണ് നിങ്ങളുടെ ശരീരം. വെള്ളം നിറെപ്പിൻ, ഈ

വെള്ളം വീഞ്ഞായി മാറട്ടെ.

എന്നാൽ അനേകരുടെ ഉള്ളിൽ നിറച്ചിരുന്നത് വെള്ള മല്ല; കലക്കവെള്ളമാണ്, അഴുക്കുവെള്ളമാണ്. അഴുക്കു വെള്ളം മുഴുവൻ ഊറ്റിക്കളയുവിൻ, ഈ പാത്രം കഴുകി വെടി പ്പാക്കുവിൻ. ഈ പാത്രത്തിൽ ശുദ്ധജലം നിറെപ്പിൻ.

അഴുക്കുവെള്ളം ഊറ്റിക്കളയാൻ നിങ്ങൾക്ക് താത്പര്യം ഉണ്ടോ? നിങ്ങളിലുള്ളതായ എല്ലാ തിന്മയേയും ദൂരീകരിപ്പാൻ താത്പര്യമുണ്ടോ? എല്ലാ അശുദ്ധിയോടും യാത്രപറയാൻ താത്പര്യമുണ്ടോ? അഴുക്കുകൂട്ടുകെട്ടുകളോടു യാത്ര പറയാൻ താൽപര്യമുണ്ടോ? ചീട്ടുകളി സംഘത്തിൽ കുടുങ്ങിയും, മദ്യ ശാലകളിൽ കെട്ടപ്പെട്ടും, അനേകമനേകം ദുശ്ശീലങ്ങൾക്ക് അടി മകളായും, ജീവിതം തകർത്തുകൊണ്ടിരിക്കുന്ന മാന്യ ദൈവ പൈതലേ, ഇന്ന് നിന്നെ തന്നെ നീ ദൈവപാദത്തിൽ സമർപ്പി ച്ചുകൊണ്ട് ദൈവത്തോടു വാക്കു പറയുവിൻ.

കർത്താവേ, എന്നിലുള്ള സകല അഴുക്കു ജലവും ഞാൻ ഇതാ കമഴ്ത്തിക്കളയുന്നു. സകല അഴുക്കുവെ ള്ളവും എന്നിൽ നിന്നു ഞാൻ ഇതാ കളയുന്നു. എന്റെ പാത്രം ഇതാ ഞാൻ ശുദ്ധീകരിച്ചുകൊണ്ട് നിന്റെ ജീവജലം എന്നിലേക്കു പകരുന്നതിനായി ഞാൻ ആർത്തിയോടെ വരുന്നു. എന്നിലേക്കു വെള്ളം പകരണമേ, വെള്ളം നിറയ ണമേ, പരിശുദ്ധാത്മാവ് എന്നിൽ നിറയണമേ. പ്രാർത്ഥി പ്പിൻ ദൈവപൈതലേ.

നിന്റെ ഈ കൽപ്പാത്രത്തിൽ വെള്ളം നിറയുമ്പോൾ ആ വെള്ളം വീഞ്ഞാക്കി ദൈവം മാറ്റിത്തരും. പച്ചവെള്ളം മുന്തി രിച്ചാറാക്കി ദൈവം മാറ്റിത്തരും. അത്ഭുതം നടക്കും, അതി ശയം നടക്കും.

ദൈവത്തിനായി നിന്റെ ഉള്ളത്തെ നീ തുറക്കുവിൻ. ഈ ഒടുവിലത്തെ പന്തിയിൽ മേൽത്തരം വീഞ്ഞു വിളമ്പുവിൻ. മേൽത്തരം വീഞ്ഞുകൊണ്ട് മകനേ, നീ ദേശം ദേശം തോറും സഞ്ചരിപ്പിൻ. ഈ ഒടുവിലത്തെ പന്തിയിലെ മേൽത്തരം വീഞ്ഞ് അനേകർക്കു വിളമ്പിക്കൊടുക്കുവിൻ. പന്തിപന്തി യായി ഇരിക്കുന്നവർക്ക് വീഞ്ഞു വിളമ്പിക്കൊടുക്കുവിൻ. വീഞ്ഞിന്റെ മധുരം അറിയാത്തവർക്ക് മധുരിക്കുന്ന വീഞ്ഞുണ്ട് എന്ന് അനുഭവിപ്പിച്ചുകൊടുപ്പിൻ. അനേകർ ഇത് ആസ്വദിക്കട്ടെ. അനേകർ അനുഭവിക്കട്ടെ. വീഞ്ഞിന്റെ മധുരം അനേകർ നുകരട്ടെ.

ദൈവപൈതലേ, നിന്നിലുള്ള പരിശുദ്ധാത്മാവിന്റെ മധു രവും പരിശുദ്ധാത്മാവിന്റെ വിശുദ്ധിയും, പരിശുദ്ധാത്മാവിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ നന്മകളും, പരിശുദ്ധാത്മാ വിന്റെ പരപ്രസാദങ്ങളും അനേകർക്കു ലഭിക്കുവാൻ തക്ക വണ്ണം നീ തേജസ്സിന്റെ വീഞ്ഞും തേജസ്സിന്റെ ശക്തിയും, തേജസ്സിന്റെ നിറകുടവുമായി നിൽപിൻ. നിന്നെത്തന്നെ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുത്തുകൊണ്ട് കർത്താ വിനായി നിന്നെതന്നെ വേർതിരിപ്പിൻ. ദൈവത്തിന്റെ കരങ്ങ ളിൽ ഏൽപ്പിച്ച് പുതിയ തീരുമാനം എടുപ്പിൻ.

നാഥാ, ഈ ഒടുവിലത്തെ പന്തിയിൽ മേൽത്തരം വീഞ്ഞായി നിന്നുകൊണ്ട് ഈ വീഞ്ഞ് അനേകർക്കു വിള മ്പിക്കൊണ്ട് ഞാൻ ഓടിനടക്കും. നിന്റെ മഹത്വമേറിയ ശുശ്രൂ ഷയിൽ ഞാൻ നിനക്കു താങ്ങായി, ഞാൻ നിന്റെ കരങ്ങളെ താങ്ങുന്നവനായി, ഞാൻ നിന്റെ വചനം സംസാരിക്കുന്നവ നായി, ഞാൻ നിന്റെ വേല ചെയ്യുന്നവനായി , വിശ്വസ്തദാ സനായി നിൽക്കും. വിശുദ്ധിയും വിശ്വസ്തതയും ഉള്ള ഒരു ശിഷ്യനായി ഞാൻ നിന്നെ പിൻപറ്റും. വിശുദ്ധിയും വിശ്വ

സ്തതയും ഉള്ള ഒരു അടിമയായി ഞാൻ ചേർന്നുനിൽക്കും. വിശുദ്ധിയും വിശ്വസ്തതയും ഉള്ള ഒരു ശിഷ്യനായി ഞാൻ നിന്റെ വേല ചെയ്യും. എന്നെ അനുഗ്രഹിക്കണമേ... പ്രാർത്ഥിപ്പിൻ, സമർപ്പിപ്പിൻ, ദൈവത്തിനായി വേർതിരിപ്പിൻ. ദൈവ തിരുനാമം മഹത്വപ്പെടട്ടെ.

## പതിമൂന്ന്

"യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ച് ചെയ്ത് തന്റെ മഹത്വം വെളിപ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു."

യോഹ 2 : 11

ഏതു ചെയ്തു? പച്ചവെള്ളത്തെ വീഞ്ഞാക്കി.

ഈ സംഭവത്തിൽ മൂന്നു കാര്യങ്ങൾ നമുക്കു കാണാം.

ഒന്ന് : The Confused,

രണ്ട് : The Confident,

മൂന്ന് : The Competent,

ഒന്ന് : The Confused ministrant

രണ്ട് : The Confident mother

മൂന്ന് : The Competent master

ഒന്ന് : അങ്കലാപ്പിലും വലിയ വേവലാധിയിലുമായ വിരുന്നുവാഴി.

രണ്ട് : പൂർണ്ണ വിശ്വാസമുള്ള വിശുദ്ധ മാതാവ്

മൂന്ന് : എല്ലാം പ്രവർത്തിപ്പാൻ സർവ്വവല്ലഭനായ യേശുക്രിസ്തു.

The Confused ministrant, The Confident mother, The Competent master.

ആ വീട്ടുകാരനും വിരുന്നുവാഴിയും മണവാളനും എല്ലാം അങ്കലാപ്പിലായി; Confusion ഉള്ള ഒരു ലോകത്താണ് നാം ജീവിക്കുന്നത്. അനേകമനേകം Confusion; strife and stress, depression and frustration. ഇന്നത്തെ സമൂഹത്തിന്റെ സ്വഭാവ ഗതികൾ എന്തെല്ലാമാണ്? മനുഷ്യൻ ഇന്ന് Confused ആണ്.

അനേകം പ്രശ്നങ്ങൾ, അനേകം പ്രതിസന്ധികൾ. കാനാവിലെ കല്യാണവീട്ടിൽ വീഞ്ഞ് തീർന്നുപോയി എന്നുള്ളതാണ് Confusion. ആളുകളുടെ മുൻപിലുള്ള സൽപേരുപോകും, മാന്യത പോകും, അപമാനിക്കപ്പെടും, അവഹേളിതരാകും, നിന്ദിക്കപ്പെടും, സമൂഹത്തിലുള്ള വില പോകും, ജനമധ്യത്തിൽ ഏറ്റവും മോശമായ ഒരു അവസ്ഥയിൽ എത്തിച്ചേരും. Confusion ഉണ്ടായി. എന്തുവേണ്ടു; എന്താണ് അതിനൊരുപരിഹാരം.

വീഞ്ഞു തീർന്നു പോയി, വീഞ്ഞു സംഭരിച്ചു കൊണ്ടുവരാൻ നേരമില്ല. വിരുന്നുകാർ വന്നു കഴിഞ്ഞിരിക്കുന്നു. വിളമ്പിക്കൊടുപ്പാൻ വീഞ്ഞില്ല. വീഞ്ഞു തീർന്നുപോയി. ആദ്യത്തെ പന്തിയിൽ വിളമ്പിയിരുന്നു. എന്നാൽ ഇന്നു

വീണ്ടു തീർന്നുപോയി. അനേകം ദൈവമക്കൾ ഇന്നു Confusion–ൽ ആണ്.

ഒരു കാലത്ത് വീഞ്ഞ് വിളമ്പിയിരുന്നു ദൈവമക്കൾ; ഇന്നു വീഞ്ഞു തീർന്നു പോയ അവസ്ഥയിൽ ആണ്. ഒരു കാലത്തു ആത്മാവിന്റെ ലഹരിയുണ്ടായിരുന്ന ദൈവമക്കൾ ഇന്ന് പരിശുദ്ധാത്മാവിന്റെ ചൂടും, ചൈതന്യവും, ശക്തിയും വീര്യവും നഷ്ടപ്പെട്ടവരായി കഴിയുകയാണ്. തേജസ്സു നഷ്ട പ്പെട്ടവരായി കഴിയുകയാണ്. വിളക്ക് കെട്ടു പോയിരിക്കുക യാണ്. ഒരു കാലത്ത് അഭിഷേകത്തിന്റെ വചനം പറഞ്ഞി രുന്ന നാവുകൾ ഇന്നു നിശ്ശബ്ദമായി മാറിയിരിക്കുകയാണ്. ഒരു കാലത്ത് യേശു ക്രിസ്തുവിനു വേണ്ടി തെരുതെരെ ഓടി യിരുന്ന കാലുകൾ, വിശുദ്ധിയുടെ പാവന പാദങ്ങൾ ഇന്ന് അഴുക്കുപറ്റി, ചെളിപിടിച്ചു, ഇടറിവീണ് തകർന്നുകിടക്കുക യാണ്. വീഞ്ഞ് വിളമ്പിയിരുന്നു. പക്ഷേ ഇന്നു വീഞ്ഞില്ല.

നീ ഇന്ന് Confusion –ൽ ആണോ? പൈസ ഉണ്ടായിരു ന്നു, ഇന്നു പൈസ തീർന്നുപോയി. വിശുദ്ധി ഉണ്ടായിരുന്നു, വിശുദ്ധി നഷ്ടപ്പെട്ടു പോയി. ആത്മാവിന്റെ ശുശ്രൂഷ ഉണ്ടാ യിരുന്നു, ഇന്ന് ജഡത്തിന്റെ ശുശ്രൂഷ ആയിപ്പോയി. ആത്മാ വിന്റെ തേജസ്സ് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ജഡത്തിന്റെ ആചാരങ്ങളും അനുഷ്ടാനങ്ങളും ചില കർമ്മ പരിപാടികളു മായി അധഃപതിച്ചു പോയി. വീഞ്ഞു തീർന്നു പോയി.

സ്നേഹിതാ നീ ഇന്ന് Confusion –ൽ ആണോ? Confu- sion –ൽ ആയിരിക്കുന്നവർക്ക് ഒരേ ഒരു പോംവഴി ഉണ്ട്. അവിടെ Confident ആയിക്കൊള്ളുക. മാതാവ് Confident ആയി.

The Confident Mother –മാതാവ് Confident ആയി. നല്ല

വിശ്വാസം. നല്ല ഉറപ്പേറിയ വിശ്വസം. അവർക്കു വീഞ്ഞു തീർന്നുപോയി, അവർക്ക് വീഞ്ഞില്ല എന്ന് യേശുക്രിസ്തുവിനോടു പറയുന്ന വിശ്വാസം. എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നുപറഞ്ഞപ്പോഴും മടുത്തുപോകാതെ അവൻ നിങ്ങളോട് എന്തെങ്കിലും കൽപ്പിച്ചാൽ അതു ചെയ്വിൻ എന്ന് ശുശ്രൂഷക്കാരോടു പറയുവാനുള്ള വിശ്വാസം. യേശുവിന്റെ അടുക്കൽ ഒരുകാര്യം ബോധിപ്പിച്ചു, ആ കാര്യം യേശു കേട്ടു, മതി, ഇനി യേശു പ്രവർത്തിക്കും, യേശു പ്രവർത്തിച്ചുകൊള്ളും, യേശു പ്രവർത്തിക്കുമ്പോൾ അതിനു വിധേയപ്പെട്ടുകൊടുക്കേണ്ടവർ ചേർന്നു നിന്നാൽ മതി, മാതാവിന് അറിയാം, മാതാവ് വിശ്വാസം ഉള്ളവളായിരുന്നു. The Confident Mother. Confusion ഉണ്ടോ? വേഗം Confident ആയിക്കൊള്ളൂ.

അങ്കലാപ്പുകൾ ഉണ്ടോ? വേഗം ദൈവ വിശ്വാസി ആയിക്കൊള്ളൂ. മകനേ, നിന്റെ വിശുദ്ധി നഷ്ടപ്പെട്ടോ? നിന്റെ വീഞ്ഞ് തീർന്നുപോയോ? നിന്റെ ലഹരി തീർന്നുപോയോ? നിന്റെ ശക്തി ക്ഷയിച്ചുപോയോ? ശിംശോന്റെ ശക്തി ക്ഷയിച്ചു. ശിംശോൻ അപ്പോൾ വിശ്വാസത്തോടെ പ്രാർത്ഥിച്ചു.

കണ്ണുകുത്തിപ്പൊട്ടിച്ചവനായി, ചെമ്പുചങ്ങലയിൽ കുടുങ്ങിയവനായി ശിംശോൻ ഫെലിസ്ത്യരുടെ ദാഗോന്റെ ക്ഷേത്രത്തിൽ ഫെലിസ്ത്യർക്ക്, ശത്രുക്കൾക്ക് മാവ് പൊടിച്ചുകൊടുത്തുകൊണ്ടിരിക്കുമ്പോൾ ശിംശോൻ തകർന്ന് കരഞ്ഞു.

കർത്താവേ... എന്റെ വീഞ്ഞ് തീർന്നുപോയല്ലോ, എന്റെ ലഹരി തീർന്നു പോയല്ലോ, എന്റെ വീര്യം നഷ്ടപ്പെട്ടുപോയല്ലോ, എന്റെ ശക്തി ക്ഷയിച്ചുപോയല്ലോ, എന്റെ ബലം പൊയ്പ്പോയല്ലോ, കർത്താവേ എനിക്ക് ബലം മടക്കിത്തര

ണമേ. ഈ ശത്രുക്കളെ നശിപ്പിപ്പാൻ തക്കവണ്ണം എനിക്ക് ബലം മടക്കിത്തരണമേ. ശിംശോൻ പ്രാർത്ഥിച്ചു. ശിംശോൻ രണ്ട് കൈയ്യും കൊണ്ട് തപ്പി തപ്പി ക്ഷേത്രത്തിന്റെ തൂണു പിടിച്ചു.

ദാഗോന്റെ ക്ഷേത്രത്തിന്റെ രണ്ട് തൂണിൽ ശിംശോൻ പിടിച്ചു. ശിംശോൻ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചു കൊണ്ട്, പ്രാർത്ഥിച്ചുകൊണ്ട്, യഥാസ്ഥാനപ്പെടുത്താൻ യാചി ച്ചുകൊണ്ട്, ആ തൂണിൽ പിടിച്ചുകൊണ്ട് അങ്ങ് കുനിഞ്ഞു. ഫലമോ, തൂണ് തകർന്ന് ആ ക്ഷേത്രം ഇടിഞ്ഞ്, ക്ഷേത്രത്തിൽ ആർത്ത് പാടി രസിച്ചിരുന്ന ഫെലിസ്ത്യർ തകർന്നടിഞ്ഞു. മല്ലന്റെ പതനത്തിൽ ആർത്ത് പാടി ഉല്ലസിച്ചിരുന്ന ശത്രു സൈന്യങ്ങൾ, ക്ഷേത്രം ഉടഞ്ഞ് തകർന്ന് വീണപ്പോൾ അതി നടിയിൽ പ്പെട്ടു, ഞെരിഞ്ഞ് അമർന്ന് തീർന്നു.

ശിംശോന്റെ ശക്തി തിരിച്ചുകിട്ടി. ദൈവപൈതലേ Confident ആയിക്കൊള്ളുക. മാതാവ് Confident ആയിരുന്നു. The Confused, the Confident. The Confused ministrant, the Confident mother. Confused ആണോ? മകനേ നീ Confused ആണോ? നീ ഇന്ന് യാതനയിലാണോ? നീ ഇന്ന് ദുരിതത്തിലാണോ? നീ ഇന്ന് അങ്കലാപ്പിലാണോ? നീ ഇന്ന് കടുത്ത ആവലാതി യിലാണോ? നീയിന്ന് കൊടിയ വേദനായാതനകളിലാണോ? നീയിന്ന് കഷ്ടനഷ്ടങ്ങളിലാണോ? ഭയപ്പെടേണ്ട. ക്രിസ്തു വിൽ വിശ്വസിക്കൂ. ക്രിസ്തു വന്നിട്ടുണ്ട്. ക്രിസ്തു എഴുന്നെ ള്ളിയിട്ടുണ്ട്. ക്രിസ്തുവിന്റെ ശിഷ്യന്മാരുണ്ട്. ക്രിസ്തു പ്രവർത്തിക്കാൻ ശക്തനാണ്. There is the competent master - യേശു ക്രിസ്തു പ്രവർത്തിപ്പാൻ ശക്തനാണ്.

The competent. When you are confused, be confident, There

is the conpetent master. Confused ആകുമ്പോൾ Confident ആയിക്കോളൂ.

Competent ആയവൻ അടുത്തുണ്ട്, സർവ്വ വല്ലഭൻ, സർവ്വ ശക്തൻ, അവിടുത്തേയ്ക്ക് അസാദ്ധ്യമായിട്ട് ഒന്നും ഇല്ല.

മകനേ, നിന്റെ വീര്യം അവൻ മടക്കിത്തരും. മകളേ, പച്ചവെള്ളം അവൻ വീഞ്ഞാക്കി ത്തരും. മകനേ, നിനക്ക് നിന്റെ നിർജ്ജീവമായ ജീവിതം നല്ല ചൈതന്യവത്താക്കിത്ത രും, മകളേ, തകർന്നുപോയ നിന്റെ ജീവിതം അവൻ ബലവ ത്താക്കി മാറ്റിത്തരും.

ദൈവപൈതലേ, നീ ഈ വാക്കുകളെ വായിക്കുമ്പോൾ നിന്റെ രോഗഗ്രസ്തമായ ശരീരം ആരോഗ്യ പൂർണ്ണമാക്കി മാറ്റി ത്തരും. ഈ വാക്കുകളെ നീ വായിക്കുമ്പോൾ വിശ്വസിക്കു മെങ്കിൽ നിന്റെ തളർന്നു പോയ കൈകാലുകൾ ബലം പ്രാപി ക്കും. നിന്റെ കണ്ണിന്റെ കാഴ്ച മങ്ങിപ്പോയത് നല്ല തെളിമ യുള്ള കാഴ്ചയുള്ളതായി മാറും. നിന്റെ കാതിന്റെ കേൾവി മങ്ങിപ്പോയത് ഇതാ നല്ല തെളിമയുള്ള കേൾവിയായി മാറും.

നിന്റെ ഓർമ്മ മങ്ങിപ്പോയത്, നിന്റെ ബുദ്ധി മന്ദീഭവിച്ചു പോയത് തെളിഞ്ഞ ബുദ്ധിയായി മാറും. The Competent master - സർവ്വശക്തനായ ക്രിസ്തു.

യേശുക്രിസ്തു സർവ്വ വല്ലഭനായി, സർവ്വശക്തനായി നിന്റെ അരികത്ത് വന്നിരിക്കുകയാണ്. നീ വിശ്വസിക്കൂ. നിന്നെ സഹായിക്കാൻ, നിന്നെ താങ്ങാൻ, നിന്റെ ബലഹീന തയിൽ നിന്നെ തുണപ്പാൻ അവൻ വന്നിട്ടുണ്ട്. അവൻ കരു ത്തനാണ്, അവൻ ശക്തനാണ്. അവൻ യൂദായുടെ സിംഹ

മാണ്, ആർക്കും വഴിമാറി കൊടുക്കാത്തവനാണ്.

" ഭയമില്ല അവർക്കിനി എന്തിനു ഭയം –
യൂദായുടെ സിംഹമല്ലോ മുമ്പേ പോകുന്നു,
ആർക്കും വഴിമാറിടാത്തോൻ മുമ്പേ പോകുന്നു–
യൂദായുടെ സിംഹമല്ലോ മുമ്പേ പോകുന്നു"

യേശുക്രിസ്തു! ജയവീരനായി നിനക്ക് മുമ്പേ പോകുന്നു. അവൻ ജയാളിയായി നിന്റെ അരികത്തേയ്ക്ക് വന്നിരിക്കുന്നു.മകനേ, എന്നുമെന്നും തോറ്റുകൊണ്ടിരുന്ന നിന്റെ ജീവിതത്തിൽ ജയം തരാൻ അവൻ ഇതാ എഴുന്നെള്ളിവന്നിരിക്കുന്നു. മകളേ, എന്നും എന്നും പരാജയമടഞ്ഞു നിരാശ പൂണ്ട്, ആശയറ്റ് സമാധാനമില്ലാതെ, ആശ്വാസമില്ലാതെ, തകർന്ന ജീവിതവുമായി വലഞ്ഞുകൊണ്ടിരുന്ന നിന്റെ ജീവിതത്തിൽ നിനക്കാശ്വാസവും ശക്തിയും പകർന്നു തരുവാൻ യേശു നിന്റെ അരികത്തേയ്ക്കു വന്നിരിക്കുന്നു. അവനെ നീ ഇപ്പോൾ ഒന്നു കാണു. അവനെ വിശ്വസിക്കൂ. അവനായി നിന്റെ ഹൃദയം തുറക്കൂ. അവനോട് നീ വാക്കുപറയൂ.

യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. There is the Competent master യേശുക്രിസ്തു Competent ആണ്. അവൻ അത്ഭുതം പ്രവർത്തിക്കുന്നവനാണ്. അവൻ അതിശയം പ്രവർത്തിക്കുന്നവനാണ്. അത്ഭുതം പ്രവർത്തിക്കാൻ അവൻ ശക്തനാണ്. ചെങ്കടൽ പിളർന്നവനാണ്.

ചെങ്കടൽ പിളർന്നു ചെങ്കൽ പാത ഒരുക്കി. പെരുവെള്ളത്തിന്റെ നടുവിൽ വെള്ളത്തെ വകഞ്ഞുമാറ്റി തന്റെ മക്കൾക്ക് പോകുവാൻ പെരുവഴി ഒരുക്കിയ ദൈവം ജീവി

ക്കുന്നു. അവൻ പാറയിൽ നിന്നു വെള്ളം പുറപ്പെടുവിച്ചവ നാണ്. അവൻ മരുഭൂമിയിൽ, മരുപ്പറമ്പിൽ Canal system തുട ങ്ങിയവനാണ്.

സീനായ് മരുഭൂമിയിലെ മണലാരണ്യത്തിൽ അറുന്നൂ റായിരങ്ങൾക്ക് ഇഷ്ടംപോലെ വെള്ളം കുടിപ്പാൻ ഒരു വലിയ വെള്ള സംഭരണത്തിന്റെ കേന്ദ്രം തുറന്നവനാണ് അവൻ. പാറ യിൽ നിന്ന് വെള്ളം പുറപ്പെട്ടു അറുന്നൂറായിരങ്ങൾ, ആറു ലക്ഷം പേരു കുടിച്ചു. അവരുടെ ദാഹം മാറി.

യോർദ്ദാൻ വറ്റിച്ചവനാണ് അവൻ. യോർദ്ദാനിലെ പെരു വെള്ളം രണ്ടുവശത്തും മാറി നിന്നു. ഒഴുകിവന്ന വെള്ളം ഒഴുകിത്തീർന്നു. ഒഴുകികൊണ്ടുവന്ന വെള്ളമോ അവിടെ ഇതാ മതിലുപോലെ പൊങ്ങിനിന്നു. ജനം അപ്പുറം കടന്നു. വെള്ളം പൂർവ്വ സ്ഥിതിയിലായി.

കാക്കയെക്കൊണ്ട് തന്റെ ദാസന് ആഹാരം കൊടുപ്പി ച്ചവനാണ് ഈ ദൈവം. വിക്കനായ മോശെയെക്കൊണ്ട് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിപ്പിച്ചവനാണ് ഈ ദൈവം.

തന്റെ പ്രിയ ശിഷ്യനായ പത്രോസിനെ വെള്ളത്തിന് മീതെ നടക്കുമാറാക്കിയവനാണ് ഈ ദൈവം. അത്ഭുതങ്ങ ളുടെ ദൈവം ജീവിക്കുന്നു. He is the Competent master വിശ്വ സിക്കൂ.

മകനേ Confused ആണോ? വേഗം Confident ആയി ക്കോളളു. Competent master അടുത്തുണ്ട്. അവൻ നിന്റെ അരി കത്ത് നിൽക്കുന്നുണ്ട്. അവന്റെ ആണിപ്പാടുള്ള കരം നിന്റെ നേരെ നീട്ടിയിട്ടുണ്ട്. അവന്റെ കരത്തിൽ വിശ്വസിപ്പിൻ, കര

ത്തിൽ ആശ്രയിപ്പിൻ, ആ കരത്തിലേക്ക് നിന്നെത്തന്നെ വിട്ടു കൊടുക്കുവിൻ, നിന്റെ ഭാവി ഏൽപ്പിച്ചുകൊടുക്കുവിൻ. അവൻ നിന്നെ കൈക്കൊള്ളട്ടെ. അവൻ നിന്നെ വിശുദ്ധീക രിക്കട്ടെ. അവൻ നിന്നെ വീണ്ടെടുക്കട്ടെ. അവൻ നിന്നെ രക്ഷി ക്കട്ടെ. അവൻ നിന്റെ പാപക്കറകൾ കഴുകട്ടെ. അവൻ ഒരു പുതിയ ജീവിതം നിനക്ക് തരട്ടെ. ദൈവനാമം എന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM - 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30 PM - 5.00 PM | |
| മൂന്നാം ഞായറാഴ്ച | 12.30 PM - 5.00 PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00 PM - 8.00 PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00 AM - 12.45 PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00 PM - 8.00 PM | പ്രൊഫ. സി.എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30 AM – 9.00 PM | |